308
MARCH 2024

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# ആരൂഢം വളഞ്ഞ നവ ഇന്ത്യ

KERALA PRIVATE
COLLEGE TEACHER

MAR 2024 308

EDITORIAL BOARD

Editor
**Dr. N. Renuka**

Managing Editor
**P. Haridas**

Assistant Editors
**Dr. Vidhu Narayan**
**Dr. Devi K Varma**

**Members**
Dr. C. Padmanabhan
Shajitha S
Dr. Manoj T R
Pramod Vellachal
Dr. Sumesh A.S
Dr. M.R. Rajesh
Harinarayanan S
Dr. Bindumol B
Sreelekshmi A R
Shilujas M
Vaisakhan Thampi
Dr. Sreevidhya V
Dr. Prathibha P R
Dr. Sindhu K V
Dr. Rajesh M K

Design :
Jwala Creatives

■ *എഡിറ്റോറിയൽ* 3

■ *വിദ്യാഭ്യാസം ശാസ്ത്രഭാവന പ്രതിരോധം*
**ഡോ. സി. പത്മനാഭൻ** 4

■ *കടലഴകി*
**രമ്യ ഗോകുലനാഥൻ** 6

■ *'അന്താരാഷ്ട്ര കായിക ഉച്ചകോടി- കായികകേരളത്തിന് പുത്തൻ പ്രതീക്ഷ*
**ഡോ. കെ. അജയകുമാർ** 7

■ *The Perspectives of Union and State Budget 2024-25*
**Dr. Rajeev S. R.** 12

■ *'സിനിമാറ്റിക് ചരിത്രങ്ങളും മാറേണ്ട ചരിത്രസിലബസും*
**ഡോ. സെബാസ്റ്റ്യൻ ജോസഫ്** 15

■ *'സമകാലിക ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക അവസ്ഥ*
**അനിൽവർമ്മ ആർ.** 23

■ *Graphene Innovation Center: A technological and scientific stride towards the future*
**Dr. Reenamole G.** 30

■ *'പെരുങ്കളിയാട്ടം എന്ന പ്രവർത്തനം*
**ഇ.പി. രാജഗോപാലൻ** 35

■ *'സ്ത്രീകുടിയേറ്റത്തിന്റെ ചലനാത്മകത: വെല്ലുവിളികളും അവസരങ്ങൾ പ്രയോജനപ്പെടുത്തലും*
**ഡോ. റാണി ആർ. നായർ** 38

■ *TRADITIONS OF HEALTH AND HEALING AMONG THE KURICHIYA TRIBE*
**Dr. Nisha Jolly Nelson** 41

■ *അധ്യാപകരുടെ പ്രമോഷൻ മാനദണ്ഡങ്ങൾ*
**ഡോ. സുഷമരാജ് ആർ.വി.** 46

■ *ഡിജിറ്റൽ കാലഘട്ടത്തിലെ സിനിമകളിലെ ദലിത് ദൃശ്യതകൾ*
**ഡോ. രാജേഷ് എം.ആർ.** 48

■ *ചിലപ്പോളാണെങ്കിൽ*
**സജിൻ പി.ജെ.** 55

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
**Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

# എഡിറ്റോറിയൽ



എഴുതിയും പറഞ്ഞും കൂട്ടിവായിച്ചും ദേശീയതയുടെ വൈകാരിക മാനങ്ങളെ അനാദിയായ ഭൂതകാലത്തിന്റെ ചുവരുകളിൽ  വിടർത്തി എഴുതാനുള്ള രാഷ്ട്രീയതന്ത്രങ്ങൾ ഏതാണ്ട് വിജയത്തിലേക്ക് എത്തിച്ചേർന്ന ഒരവസ്ഥയിൽ ഇന്ത്യൻ ദേശീയത ഉയർത്തുന്ന സങ്കുചിതത്വങ്ങളിൽ നിന്ന് ഭിന്നമായതൊന്നും അന്വേഷിക്കാനില്ല. പ്രതിരോധ ഭാവനകളുടെ യുക്തി വീണ്ടെടുക്കാൻ  ശാസ്ത്രവേദികളും ജനകീയോത്സവങ്ങളും ക്യാമ്പസ്സുകളും ക്ലാസ്മുറികളും ശ്രമിക്കേണ്ടതുണ്ട്. വിവേചനവും വിഭാഗീയതയും അയുക്തിയും അസമത്വവും നിറഞ്ഞ ദേശീയ വിദ്യാഭ്യാസ നയം 2020 പ്രാവർത്തികമാക്കുവാൻ ഉദ്ദേശിച്ച മാർഗ്ഗങ്ങളിൽ നിന്നെല്ലാം വളരെ ജാഗ്രതയോടെ വഴിമാറി നടക്കുന്ന സംസ്ഥാനമാണ് കേരളം. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട ശില്പശാലകൾ പുരോഗമനപരമായി ചിന്തിക്കുന്ന അദ്ധ്യാപകക്കൂട്ടായ്മകളുടെ പിന്തുണയോടെ കേരളത്തിലെ സർവ്വകലാശാലകളിൽ വ്യാപകമായി നടക്കുന്നുവെങ്കിലും ചാൻസലറുടെ ദുരധികാരപ്രയോഗങ്ങൾ നിമിത്തം സർവകലാശാല സംവിധാനങ്ങൾ സ്തംഭനാവസ്ഥയെ നേരിടുകയാണ്. മതരാഷ്ട്രനിർമ്മിതിയുടെയും സ്വകാര്യവത്കരണത്തിന്റെയും സ്വാർത്ഥതാത്പര്യങ്ങളിൽ കുടുങ്ങി ഭരണഘടനാമൂല്യങ്ങളിൽ അധിഷ്ഠിതമായ ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായം ശിഥിലമാവുന്ന കാഴ്ച നമ്മുടെ മുൻപിലുണ്ട്. യുക്തിയുടെയും ശാസ്ത്രാവബോധത്തിന്റെയും സർഗ്ഗാത്മകതയുടെയും ചരിത്രബോധത്തിന്റെയും പിൻബലത്തോടെ കൂടുതൽ രാഷ്ട്രീയവത്കരിക്കപ്പെടുന്ന ഇടങ്ങളായി കലാലയങ്ങൾ ഉയർത്തെഴുന്നേൽക്കട്ടെ. ക്രിയാത്മകമായ പ്രതിഷേധത്തിന്റെ ശബ്ദങ്ങൾ ഉയർന്നു കേൾക്കട്ടെ!

**എഡിറ്റർ**
collegeteacheredt@gmail.com
9746527501

ഡോ. സി. പത്മനാഭൻ



# വിദ്യാഭ്യാസം ശാസ്ത്രഭാവന പ്രതിരോധം

ആഗോളവിദ്യാഭ്യാസത്തിന്റെ കേന്ദ്രസ്ഥാനമായി ഇന്ത്യ മാറുമെന്ന പ്രതീക്ഷയെ കീഴ്മേൽ മറിച്ചു കൊണ്ടാണ് ദേശീയ വിദ്യാഭ്യാസ നയം 2020 പുറത്തു വന്നത്.ഇന്ത്യയുടെ ഉപദേശീയതകളിലും ഗ്രാമാന്തരങ്ങളിലുമെല്ലാം ദേശീയ വിദ്യാഭ്യാസ നയത്തെ സംബന്ധിച്ച് ഉണ്ടായ ചർച്ചകളും ആശങ്കകളും വിമർശനങ്ങളും നിലനിൽക്കെത്തന്നെ അത് പ്രാവർത്തികമാക്കുന്ന രാഷ്ട്രീയ നീക്കങ്ങൾ ദ്രുതഗതിയിൽ നടന്നു. കേരളം പോലെ പുരോഗമനപരമായ കാഴ്ചപ്പാടുകൾ ഉള്ള അപൂർവ്വം സംസ്ഥാനങ്ങളിൽ മാത്രമാണ് ദേശീയ വിദ്യാഭ്യാസ നയം 2020 അതേപടി അനുവർത്തിക്കാതിരിക്കുന്നത്. കാരണം ഭരണഘടന ഉറപ്പു നൽകുന്ന സാമൂഹിക നീതിയുടെയും തുല്യതയുടെയും ലംഘനം പ്രത്യക്ഷമായിത്തന്നെ ആ നയരേഖയിലുണ്ട്. ഇന്ത്യയിലെ സാധാരണ മനുഷ്യരുടെ അസ്തിത്വത്തെ ചോദ്യം ചെയ്യുന്ന അനീതിയുടെ ശബ്ദം അതിൽ അന്തർഹിതമാണ്.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ശാസ്ത്രീയ മനോഭാവം (Scientific Temper), മാനവികതാബോധം, യുക്തി ചിന്ത എന്നിങ്ങനെയുള്ള ഘടകങ്ങളെ അനാദിയായ ഒരു ഭാവനാകാലം കൊണ്ട് വെല്ലുവിളിക്കുന്ന പാഠ്യപദ്ധതിയും ബോധനരീതികളും നിലവിൽ വന്നുകഴിഞ്ഞു. സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ടകളുടെ ഭാഗമായി അട്ടിമറിക്കപ്പെടുന്ന ഇന്ത്യൻ വൈജ്ഞാനികാന്തരീക്ഷം പ്രകടമാണ്. മിത്തുകളെയും പുരാണങ്ങളെയും അറിവിന്റെ സ്രോതസ്സുകളാക്കിത്തീർക്കുന്ന അയുക്തികവും മതാത്മകവുമായ ഒരു വലതുപക്ഷ വീക്ഷണം ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ ഒരു സാംക്രമിക രോഗം പോലെ ഗ്രസിക്കുകയും ശാസ്ത്രബോധത്തിന്റെ അടിത്തറയിൽ പടുത്തുയർത്തിയ ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെ ശിഥിലമാക്ക

കയും കമ്പോളവത്കരിക്കുകയും ചെയ്യുന്നു.

ഭക്തിയെ ദേശീയവികാരമാക്കി പരിവർത്തിപ്പിച്ചുകൊണ്ട് ബഹുസ്വര ഇന്ത്യയുടെ ജനകീയ താത്പര്യങ്ങളെ മതരാഷ്ട്രത്തിന്റെ സങ്കുചിതത്വത്തിലേയ്ക്ക് ചുരുക്കുകയും ദേശീയമായ ഒരു ഭീതിയും വിഭാഗീയതയും അരക്ഷിതത്വവും സൃഷ്ടിക്കുകയും ചെയ്യുകയെന്ന രാഷ്ട്രീയ നയത്തിന്റെ ഭാഗം തന്നെയാണിത്. വിദ്യാഭ്യാസം മൗലികാവകാശമായിരുന്ന ഒരു സമ്പ്രദായത്തിൽ നിന്ന് ഭിന്നമായി വർഗ്ഗാടിസ്ഥാനത്തിൽ (Class) നൽകപ്പെടുന്ന ഒന്നായി മാറി.സ്വകാര്യശക്തികൾക്കും ആത്മീയ വ്യവസായികൾക്കും പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും തീരുമാനിക്കാൻ കഴിയും വിധം സ്വയംഭരണാവകാശം നൽകപ്പെട്ടു കഴിഞ്ഞു. അറിവ് അധികാരവും വിവേചനവുമായി മാറുന്ന ഒരവസ്ഥ ഇന്ത്യയാകമാനം നിലനിൽക്കുന്നുണ്ട്. നവലിബറൽ നയങ്ങളും സ്വകാര്യവത്കരണവും ആഗോളവത്കരണവും ചേർന്ന് അന്തർദ്ദേശീയമായ വിപണി സൃഷ്ടിക്കുകയും വിദ്യാഭ്യാസവും വിദ്യാർത്ഥികളും ഗവേഷണബുദ്ധി നഷ്ടപ്പെട്ട കേവലം ഉപഭോഗവസ്തുക്കൾ മാത്രമായി മാറുകയും ചെയ്യുന്നു. ഭൂതകാലാഭിരതിയും കപടദേശീയവികാരവും മഹത്വവാദങ്ങളും അയുക്തിയും അശാസ്ത്രീയതയുമെല്ലാം അതിനുള്ള അനുസാരികൾ മാത്രം.

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നതുമായി ബന്ധപ്പെട്ട ശില്പശാലകൾ കേരളത്തിലെ സർവകലാശാലകളിൽ നടന്നുവരുന്ന സന്ദർഭത്തിൽ വലിയ ഉത്തരവാദിത്തമാണ് എകെപിസിടിഎ പ്രവർത്തകർ കാഴ്ചവയ്ക്കുന്നത്. കേരള സർവകലാശാല പോലെ ചാൻസലറുടെ ഗൂഢരാഷ്ട്രീയലക്ഷ്യങ്ങൾ വൈസ് ചാൻസിലറുടെ സങ്കുചിതമായ പിടിവാശികളിലൂടെ നടപ്പാകുന്ന സർവകലാശാലകളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുപോലെ പ്രതിസന്ധിഘട്ടങ്ങളെ അഭിമുഖീകരിക്കുന്നു.




ഇന്ത്യൻ ക്ലാസ് റൂമുകൾ സംഘടിത ജാതിവ്യവസ്ഥയുടെയും അസഹിഷ്ണുതയുടെയും ഉറവിടമായി മാറിക്കഴിഞ്ഞിട്ട് ഏറെക്കാലമായി. ദേശീയവിദ്യാഭ്യാസ നയം 2020 കൃത്യമായും ഈ ജാതിവിവേചനത്തെയും കുലത്തൊഴിലുകളെയും ബാലവേലയെയും നിയമവിധേയമാക്കുകയാണ് ചെയ്യുന്നതെന്ന് വിദ്യാഭ്യാസ വിചക്ഷണനായ ഡോ. അനിൽ സദ്ഗോപാൽ നിരീക്ഷിച്ചത് വാസ്തവമാണ്.അദ്ധ്യാപകപരിശീലന മേഖലയിൽ, ക്ലാസ് മുറികളുടെ ഭൗതികാന്തരീക്ഷത്തിൽ എല്ലാം ഈ വിവേചനം നിലനിൽക്കുന്നുണ്ട്.വാസ്തവത്തിൽ ഈ വിവേചനത്തെ ത്വരിതഗതിയിൽ ആക്കുകയാണ് ദേശീയ വിദ്യാഭ്യാസ നയം ചെയ്യുന്നത്.ലോകത്താകമാനം വംശവെറിയുടെയും അധികാരവടംവലിയുടെയും ഭയാനകമായ അവസ്ഥകൾ പല നിലകളിൽ നിലനിൽക്കുന്നു എന്നതിന് തെളിവാണ് പലകാലങ്ങളിൽ ഇസ്രായേൽ വ്യോമാക്രമണങ്ങളിൽ കൊല്ലപ്പെട്ട മൂന്ന് പലസ്തീൻ കവികൾ. അതുകൊണ്ട് തന്നെ സാമാന്യവത്കരണം ഉപേക്ഷിച്ച് വംശീയ സ്വത്വപഠനങ്ങളിലേയ്ക്ക് നമുക്ക് പടരേണ്ടതുണ്ട്. ഇന്ത്യയുടെ ഏകത്വത്തിലെ നാനാത്വത്തെകണ്ടെടുക്കുന്ന, ശാസ്ത്രഭാവനകളെ പരിഗണിക്കുന്ന രചനകൾ ധാരാളമായി വരേണ്ടതുണ്ട്.

ഇന്ത്യൻ സാമ്പത്തിക സാമൂഹിക മണ്ഡലങ്ങളെ സൂക്ഷ്മമായി അപഗ്രഥിക്കുന്ന പരകാല പ്രഭാകറിന്റെ പുസ്തകം ജനശ്രദ്ധ നേടുന്നത് (The Crooked Timber of New India Essays On A Republic In Crisis) സമകാലീന ഇന്ത്യൻ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിലാണ്. കേന്ദ്രഗവൺമെൻ്റിന്റെ സാമ്പത്തിക ഉപരോധത്തിനെതിരെ കേരളത്തിലെ മന്ത്രിമാർ ഡൽഹിയിലെ ജന്തർമന്ദറിൽ നടത്തിയ സമരത്തിന് നേതൃത്വം നൽകിയത് കേരളമാണ്. കേന്ദ്ര സർക്കാറിന്റെ ഫെഡറൽ തത്വലംഘനങ്ങൾക്കെതിരായ പുതിയൊരു സമരസഖ്യമായി മാറുകയാണ് എന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ദൂരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കുന്നുണ്ട്.

ഓരോ കാലഘട്ടത്തിലും ഓരോ തരത്തിലുള്ള പ്രതിസന്ധികൾ ആണ് സംഘടനയെ ശക്തമാക്കുന്നതും മുന്നോട്ട് നയിക്കുന്നതും. സ്വസ്ഥവും സുഖകരവുമായ അവസ്ഥകളിൽ മനുഷ്യർ ഒരുമിച്ച് നിൽക്കുന്നതിനേക്കാൾ കരുത്തും സൗന്ദര്യവും ഉള്ളത് സംഘർഷങ്ങളുടെയും പ്രതിസന്ധികളുടെയും ഘട്ടത്തിൽ ഒരുമിക്കുന്നതിനാണ്. സംഘടനയുടെ കൂട്ടജീവിതത്തിന്റെ ഫലങ്ങളാണ് ഇന്നോളം നാം നേടിയെടുത്ത അവകാശങ്ങൾ. കേന്ദ്രഗവൺമെൻ്റ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ജനാധിപത്യവിരുദ്ധമായ നയങ്ങൾക്കെതിരെ നാം ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണ്. അക്കാദമികവും സർവീസ് സംബന്ധിയുമായ നിരവധി പ്രതിസന്ധികളിലൂടെ നാം കടന്നുപോകുമ്പോൾ സംഘടനാപരമായി ഒരുമിച്ച് നിൽക്കുകയും വിവിധ തരത്തിലുള്ള പ്രതിരോധമാർഗ്ഗങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്.നിരന്തരമുണ്ടാകുന്ന സംഘർഷങ്ങളാണ് സംഘടനാജീവിതത്തിന്റെ ഭാവി നിർണ്ണയിക്കുന്നത്.സംഘടനയുടെ സമരപാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് തുടർന്നും മുന്നേറാൻ നമുക്ക് സാധിക്കട്ടെ.

**രമ്യ ഗോകുലനാഥൻ**
ഡി ബി കോളജ് തലയോലപ്പറമ്പ്

# കടലഴകി

ആദ്യമൊക്കെ അവൾ...
പിണക്കമേ അറിയാത്ത
ചിരിച്ചിലപ്പിന്റെ തിരയായിരുന്നു.
തിരക്കിനിടയിലും തീരാത്ത വാക്കുമായി
തീരത്തേക്ക് അടിഞ്ഞുകൊണ്ടേയിരിക്കും

അടക്കമേ അറിയാത്ത
അഴിഞ്ഞുലഞ്ഞ കാറ്റായിരുന്നു അവൾ
ഒതുക്കിവെച്ചാലും ഓർമ്മകളെ വലിച്ചിളക്കി
ഒരുമിച്ച് പറത്തിക്കളിച്ചുകൊണ്ടേയിരിക്കും

ഒടുക്കമേ അറിയാത്ത
മൺതരിപ്പിന്റെ ചിതറലായിരുന്നു അവൾ
കുടഞ്ഞെറിഞ്ഞിട്ടും കൂടെയെത്തി
കുത്തിനോവിച്ചുകൊണ്ടേയിരിക്കും.

ഒതുക്കമേ അറിയാത്ത
ഓർക്കാപ്പുറത്തെ
വഴിഞ്ഞൊഴുകലായിരുന്നു അവൾ
കൊടുത്തതൊക്കെയും തിരിച്ചെറിഞ്ഞിട്ടു
കറുത്തകരുത്തായി
മുരണ്ടുകൊണ്ടേയിരിക്കും

മടക്കമേ അറിയാത്ത
തിരിച്ചറിവുകളുടെ
അർദ്ധവിരാമമായിരുന്നു അവൾ
പകൽക്കുറുകലുകളുടെ ഒടുക്കത്തെ മുറിവും
കൊരുത്തെടുത്ത് ചുവന്നുകൊണ്ടേയിരിക്കും

തിടുക്കമേ ഇല്ലാതെ
കുറച്ചിരുന്നു പഴയകിയപ്പോഴാണ് അറിഞ്ഞത
ഉള്ളു നിറയെ ഉപ്പായിരുന്നു എന്ന്
ഉപ്പഴകിന്റെ തിളക്കമായിരുന്നു എന്ന്
ഉറഞ്ഞുകൂടാതിരിക്കാനുള്ള
പണിപ്പാടായിരുന്നു എന്ന്



**ഡോ. കെ. അജയകുമാർ**
സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ

# അന്താരാഷ്ട്ര കായിക ഉച്ചകോടി
# കായിക കേരളത്തിന് പുത്തൻ പ്രതീക്ഷ

നവകേരള സൃഷ്ടിയുടെ ഭാഗമായി, ഇടത് സർക്കാർ പുതിയ കായിക നയം രൂപീകരിക്കുകയുണ്ടായി. അതിലെ പ്രധാന ഭാഗമായ സ്പോർട്സ് ഫോർ ഓൾ എന്ന ആശയം പിന്തുടർന്ന് കേരളത്തിന്റെ കായിക മേഖലയിൽ ഒരു നൂതന ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും കായിക സാധ്യതകൾ ഉറപ്പിക്കുന്നതിനും കേരള കായിക യുവജനകാര്യ വകുപ്പ് സംഘടിപ്പിച്ച ഇൻറർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള- 2024 (ISSK-24) എന്ന ഉച്ചകോടി ജനവരി 23 മുതൽ 26 വരെ തിരുവനന്തപുരത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്നു. ഈ ഉച്ചകോടിയിൽ ലോകമെമ്പാടുമുള്ള കായിക വ്യവസായ രംഗത്തെ പ്രമുഖർ, സംരംഭകർ, കായിക പ്രേമികൾ എന്നിവർ പങ്കെടുത്തു. കായികത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെയും സംയോജനം ലക്ഷ്യമാക്കിയുള്ള ഈ ഉച്ചകോടിയുടെ ഭാഗമായി സെമിനാറുകൾ, ഇൻവെസ്റ്റർ-സ്റ്റാർട്ട്അപ് മീറ്റുകൾ, എക്സ്പോ എന്നിവ അടങ്ങിയ വിവിധങ്ങളായ പല പ്രവർത്തനങ്ങളും നടന്നു. കേരളത്തിന്റെ കായിക സാധ്യതകൾ ഉറപ്പിക്കുന്നതിനും കായിക മേഖലയിൽ ഒരു നൂതന ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനും വേണ്ടി സംഘടിപ്പിച്ച ഈ ഉച്ചകോടി കേരളത്തിന്റെ കായിക ചരിത്രത്തിൽ ഒരു നാഴികകല്ലാകും.

കേരളത്തിന്റെ കായികവിഭവവിനിമയശേഷി രാജ്യാന്തരതലത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടത്തിയ പ്രഥമ കായിക ഉച്ചകോടി 2024 ജനവരി 23 വൈകിട്ട് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയതു. കായികമന്ത്രി ശ്രീ. വി അബ്ദുറഹിമാന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ സ്പീക്കർ എ.എൻ. ഷംസീർ, മുൻ ഇന്ത്യൻ അത്‌ലറ്റ് അശ്വിനി നാച്ചപ്പ, എന്നിവർ പങ്കെടുത്തു. നാലുദിവസത്തെ ഉച്ചകോടിയിൽ 13 വിഷയങ്ങളിൽ സമ്മേളനങ്ങൾ, ബയർ സെല്ലർ മീറ്റ് എന്നിവയും സംഘടിപ്പിക്കപ്പെട്ടു. കായിക രംഗത്ത് സ്വകാര്യ-വിദേശ നിക്ഷേപം ലക്ഷ്യം വച്ച് കൊണ്ടുള്ള ഇന്ത്യയിലെ തന്നെ ആദ്യത്തേതും ഏറ്റവും ബൃഹത്തായതുമായ ചുവടുവെയ്പ്പാണ് ഈ പരിപാടി. കേരളത്തിന്റെ കായിക സംസ്കാരവും പാരമ്പര്യവും ലോകത്തിനു മുന്നിൽ പ്രദർശിപ്പിക്കുകയെന്നതും ഈ ഉച്ചകോടിയുടെ പ്രധാന ലക്ഷ്യമാണ്. സ്വകാര്യ പങ്കാളിത്തത്തോടെ കായിക രംഗത്തെ അടിസ്ഥാന




സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, കൂടുതൽ മികച്ച താരങ്ങളെ വളർത്തിയെടുക്കുക, പ്രാദേശിക തലത്തിലുള്ള കായിക ഇനങ്ങളെയും അവയിൽ പ്രാവീണ്യ മുള്ള താരങ്ങളെയും കണ്ടെത്തി മികച്ച പരിശീലനം നൽകി വളർത്തിയെടുക്കുക, പുതിയ തലമുറയിൽ കായിക അഭിരുചിയും സംസ്കാരവും വളർത്തിയെടുക്കുക, കായിക രംഗവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ പരമാവധി പ്രോത്സാഹിപ്പിക്കുക, സ്പോർട്സ് ഫോർ ഓൾ എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് കളിസ്ഥലങ്ങളും പരിശീലന കേന്ദ്രങ്ങളും പ്രാദേശിക തലത്തിൽ അടിസ്ഥാന സൗകര്യത്തോടെ വികസിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കായിക ഉച്ചകോടി മുന്നോട്ടു വയ്ക്കുന്നത്. ഇതിനു പുറമേ പുതിയ സ്പോർട്സ് കൾച്ചർ, സ്പോർട്സ് ടൂറിസം, സ്പോർട്സ് ഇൻഡസ്ട്രി, AI&VR സ്പോർട്സ് എന്നീ നൂതന ആശയങ്ങളും അതിന്റെ സാധ്യതകളും കായിക കേരളത്തിന് എങ്ങനെ മുതൽക്കൂട്ടാക്കി മാറ്റാം എന്നും ചർച്ച ചെയ്യപ്പെട്ടു.

കായിക ഉച്ചകോടിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി തദ്ദേശ സ്ഥാപനതലം മുതൽ ജില്ലാതലം വരെ പ്രാദേശിക കായിക ഉച്ചകോടികൾ സംഘടിപ്പിച്ച് കായിക പദ്ധതികളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തുകയും അതുവഴി പ്രാദേശിക തലത്തിലെ കായിക ഇനങ്ങളെ സംബന്ധിച്ച നിർദേശങ്ങളും ശുപാർശകളും ക്രോഡീകരിക്കുകയും അവ സംസ്ഥാന തലത്തിൽ ചർച്ചകൾക്ക് വിധേയമാക്കുകയും ചെയ്തു. കായിക ഉച്ചകോടികളിൽ കണ്ടെത്തിയ പ്രാദേശിക തലത്തിലുള്ള കായിക വിനോദങ്ങളുടെ വിശദാംശങ്ങളും അതിലെ ദേശീയ അന്തർദേശീയ സാദ്ധ്യതകളും വിലയിരുത്തി ഭാവി പദ്ധതികൾ തയ്യാറാക്കും. പരി ശീലന സൗകര്യങ്ങൾ ഒരുക്കുന്നതിനും സംസ്ഥാന തലത്തിൽ കായിക താരങ്ങൾക്ക് മികച്ച സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള സാദ്ധ്യതകളും അതിനുള്ള വിവിധ പദ്ധതികൾ തയ്യാറാക്കി നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിനുള്ള സാധ്യതകളും വിവിധ തലങ്ങളിൽ പരിശോധിച്ചു വരുന്നുണ്ട്. കായിക മേഖലയിൽ ഓരോ രംഗത്തും നിക്ഷേപിക്കാൻ താൽപര്യമുള്ളവരെ കണ്ടെത്തി അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനും, അതിലൂടെ കായിക കേരളത്തെ പരമാവധി ഔന്നത്യത്തിൽ എത്തിക്കുന്നതിനും പുതിയ കായിക നയം അവസരമൊരുക്കുന്നു. ഇത് കായിക രംഗത്തെ ഏറ്റവും നൂതനമായ ആശയങ്ങളും സാദ്ധ്യതകളും നിറഞ്ഞ വാതായനമാണ് തുറന്നിടുന്നത്. ഉച്ചകോടിയിൽ വിവിധ കായിക ഇനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്ന നിക്ഷേപകരുമായി അടിയന്തര പ്രാധാന്യത്തോടെ ചർച്ചകൾ നടത്തി സാധ്യമായ പദ്ധതികൾ പ്രവർത്തന സജ്ജമാക്കുകയെന്നതാണ് ലക്ഷ്യം. ഇതുവഴി പുതു തലമുറ കായിക താരങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്രനിലവാരത്തിലുള്ള മത്സരങ്ങളിൽ വിജയിക്കുന്നതിനുമുള്ള അവസരം ഒരുക്കുകയും ചെയ്യും. കായിക രംഗത്തെ നഷ്ടപ്രതാപം



തിരിച്ചുപിടിക്കാൻ വേണ്ടിയുള്ള സംസ്ഥാന സർക്കാരിന്റെ വിവിധോന്മുഖ പദ്ധതികളുടെ ഏറ്റവും പ്രധാനമായ പരിപാടിയാണ് ISSK-2024.

വിവിധ രാജ്യങ്ങളിൽ നിന്നും പ്രമുഖ കായിക താരങ്ങളും കായിക രംഗത്തെ വിദഗ്ധരും പരിശീലകരും സംരംഭകരും പ്രതിനിധികളും ISSK-24 ഉച്ചകോടിയിൽ പങ്കെടുത്തു. ദേശീയ അന്തർദേശീയ പ്രതിഭകളും വിദഗ്ധരും പങ്കെടുത്ത സമ്മേളനങ്ങൾ, സെമിനാറുകൾ, സിംപോസിയങ്ങൾ, പഠന ക്ലാസുകൾ, സംരംഭക മീറ്റുകൾ, സ്റ്റാർട്ട് അപ്പ് സംഗമങ്ങൾ, കായിക ഉപകരണ ങ്ങളുടെയും സേവനങ്ങളുടെയും പ്രദർശനങ്ങൾ, സ്പോർട്സ് ഫിലിം ഫെസ്റ്റിവൽ, സ്പോർട്സ് മ്യൂസിക് ബാൻഡ്, സ്പോർട്സ് ആർട്ട്, മോട്ടോറാക്സ്, ഇ-സ്പോർട്സ് അരീന തുടങ്ങി നിരവധി പരിപാടികളാണ് അന്താരാഷ്ട്ര കായിക ഉച്ചകോടിയുടെ ഭാഗമായി അരങ്ങേറിയത്. അന്താരാഷ്ട്ര കായിക രംഗത്ത് മികവ് തെളിയിച്ച കായിക താരങ്ങളെയും പരിശീലകരെയും കേരളത്തിലെ താരങ്ങൾക്ക് പരിചയപ്പെടുത്തുക, അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുക, കായിക താരങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കുക, മത്സരങ്ങളിലേയ്ക്കുള്ള പരിശീലനത്തിന്റെ അടിസ്ഥാന വിവരങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കുക, ദൈനംദിന പരിശീലനത്തിന്റെ സ്വഭാവവും രീതികളും ബോധ്യപ്പെടുത്തുക. ജീവിത ശൈലിയെ സംബന്ധിച്ച വിശദമായ വിവരങ്ങൾ കൈമാറുക തുടങ്ങിയ പരിപാടികളും ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടത് ഒരു പുതിയ അനുഭവമായി. സ്കൂൾ, കോളേജ് തലങ്ങളിലെ കായിക താരങ്ങൾക്കും കായിക രംഗത്തേയ്ക്ക് വരാൻ താൽപര്യമുള്ള വിദ്യാർത്ഥികൾക്കും ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും സാദ്ധ്യതകൾ വിശദമായി ബോധ്യപ്പെടുത്തുന്നതിനും കായിക ഉച്ചകോടിയിൽ പ്രത്യേകം പരിപാടികൾ സംഘടിപ്പിച്ചു. വൻജനപങ്കാളിത്തത്തോടെയുള്ള വിപുലമായ ഉദ്ഘാടന പരിപാടിയാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. മുഖ്യമന്ത്രി പിണറായി വിജയൻ, സംസ്ഥാനത്തെ മറ്റ് മന്ത്രിമാർ, നിയമസഭാംഗങ്ങൾ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, മുതിർന്ന സ്പോർട്സ് താരങ്ങൾ, ഒളിമ്പ്യന്മാർ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. 24ന് കായിക മന്ത്രി വി. അബ്ദുറഹ്മാൻ, LNCPE പ്രിൻസിപ്പൽ ഡോ. ജി. കിഷോർ എന്നിവർ ആദ്യ സെമിനാറിൽ പങ്കെടുത്തു. അന്താരാഷ്ട്ര ഉച്ചകോടിക്ക് ശേഷം ഉയരുന്ന നിർദേശങ്ങളും ലഭിക്കുന്ന സംരംഭങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കാനും കായിക വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അടിയന്തര പ്രാധാന്യത്തോടെയായിരിക്കും നിർദേശങ്ങൾ നടപ്പിലാക്കുക. എല്ലാവർക്കും സ്പോർട്സ് എന്ന മുദ്രാവാക്യം സമ്പൂർണ അർത്ഥത്തിൽ നടപ്പിലാക്കാനുള്ള ഒരുക്കത്തിലാണ് സർക്കാർ.

കേരളത്തിലെ കായികലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകി കൊണ്ട് നാല് ദിവസമായി കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പ്രഥമ അന്താരാഷ്ട്ര കായിക ഉച്ചകോടിക്ക് സമാപനമായി. ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു സംസ്ഥാനം സംഘടിപ്പിക്കുന്ന കായിക ഉച്ചകോടിയിൽ കായിക സാമ്പത്തിക വ്യവസ്ഥയിലൂന്നിയുള്ള നിരവധി സെഷനുകൾ സംഘടിപ്പിച്ചു. 25 പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ ഉച്ചകോടിക്കായി എന്നത് സംസ്ഥാന സർക്കാരിന് ഏറെ അഭിമാനകരമായ നേട്ടമാണ് . കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്ന വലിയ പദ്ധതികളാണ് ഈ നിക്ഷേപങ്ങളിലൂടെ കേരളത്തിൽ വരാനിരിക്കുന്നത്. കാലവിളംബം ഇല്ലാതെ 100 ദിവസത്തിനുള്ളിൽ തന്നെ ഉച്ചകോടിയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് കായിക വകുപ്പ് നടപ്പിലാക്കി വരുന്നത് .

ജനുവരി 23 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 2281 മുഴുവൻ സമയ പ്രതിനിധികൾ പങ്കെടുത്തു. 8 രാജ്യങ്ങളിൽ നിന്നുള്ള 13 വിദേശ അതിഥികളും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള 35 കായിക വിദഗ്ധരും പങ്കെടുത്തു. 47 ഗവേഷണ പ്രബന്ധങ്ങളാണ് സമ്മിറ്റിൽ അവതരിപ്പിച്ചത്. ഇതിൽ മികച്ച പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും പുസ്തകരൂപത്തിലും ഇ ടെക്സ്റ്റുകളായും പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പബ്ലിക് ഡൊമൈനിൽ പ്രസിദ്ധീകരിക്കും. ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട സ്റ്റാർട്ടപ്പ് പിച്ചിൽ 18 സ്റ്റാർട്ടപ്പുകൾ തങ്ങളുടെ ആശയങ്ങൾ അവതരിപ്പിച്ചു. 41 കായിക അസോസിയേഷനുകൾ അവരുടെ മാസ്റ്റർപ്ലാനുകൾ അവതരിപ്പിച്ചു. 14 ജില്ലാ സ്പോർട്സ് കൗൺസിലു




കൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനുകളും സമ്മിറ്റിൽ അവതരിപ്പിച്ചു. 632 മൈക്രോ സമ്മിറ്റുകളും, 14 ജില്ലാ സമ്മിറ്റുകളും അന്താരാഷ്ട്ര ഉച്ചകോടിക്ക് മുന്നോടിയായി പൂർത്തിയാക്കി. 100 ൽ അധികം വൺ ടു വൺ ബിസിനസ് മീറ്റപ്പുകൾ സമ്മിറ്റിൽ നടന്നു. 55 കമ്പനികൾ സ്പോർട്സ് എക്സിബിഷനിൽ പങ്കെടുത്തു. ഇ സ്പോർട്സ് രംഗത്തെ അന്തർദ്ദേശീയ കമ്പനികളുടെ പ്രദർശനം മികച്ച ബിസിനസ് അവസരം തുറക്കുന്നതിന് വഴി തെളിച്ചു എന്നതും എടുത്തു പറയേണ്ട വസ്തുതയാണ്. കൊച്ചിയിൽ ഒരു അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയം ഉൾപ്പെടെയുള്ള സ്പോർട്സ് സിറ്റി പദ്ധതിക്കും കോഴിക്കോട്, തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിലെ പദ്ധതികൾക്കുമായി കേരള ക്രിക്കറ്റ് അസോസിയേഷൻ 1200 കോടി രൂപ നിക്ഷേപിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മറ്റൊന്ന് കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി കേരള ഫുട്ബോൾ

**നവകേരള കായിക സൃഷ്ടിയാണ് ഈ പ്രക്രിയയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കായികം എല്ലാവരുടെതുമായി മാറുന്നു എന്നതാണ് ഈ പുതിയ കായിക സംസ്കാരത്തിന്റെ അടിത്തറ. മികച്ച ആരോഗ്യം അതിലൂടെ പ്രദാനം ചെയ്യാൻ സാധ്യമാകുന്ന നയരൂപീകരണവും സർക്കാർ ലക്ഷ്യമിടുന്നു. എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലും ഓപ്പൺ ജിമ്മുകൾ, സ്മാർട്ട് വാൽക് വേ-കൾ, സൈക്കിൾ ട്രാക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്**

അസോസിയേഷനുമായി ചേർന്ന് 8 അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുട്ബോൾ സ്റ്റേഡിയങ്ങളും നാല് ഫുട്ബോൾ അക്കാദമികളും സ്ഥാപിക്കുന്നതിന് 800 കോടി രൂപയുടെ നിക്ഷേപം ഗ്രൂപ്പ് മീരാനും സ്കോർലൈൻ സ്പോർട്സും ചേർന്ന് വാഗ്ദാനം ചെയ്തു. കൊച്ചിയിൽ 650 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന കായിക സമുച്ചയമായ ലോഡ്സ് സ്പോർട്സ് സിറ്റിയാണ് മറ്റൊരു ആകർഷക പദ്ധതി. വിവിധ കായിക ഇനങ്ങളേയും അനുബന്ധ പ്രവൃത്തികളും ഒരു കുടക്കു കീഴിൽ കൊണ്ടുവരുന്ന ബൃഹത്പദ്ധതിയാണിത്. അതിവേഗം വളരുന്ന ഇ-സ്പോർട്സ് രംഗത്തും മികച്ച നിക്ഷേപം ആകർഷിക്കാൻ കേരളത്തിനു കഴിഞ്ഞു. നോസ്കോപ്പ് ഗെയിമിങ് ഈ രംഗത്ത് കേരളത്തിൽ 350 കോടി രൂപയുടെ നിക്ഷേപം പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ വലിയ വളർച്ചാ സാധ്യതകളുള്ള സാഹസിക കായിക



വിനോദം, ജല കായിക വിനോദം എന്നീ രംഗങ്ങളിൽ 200 കോടി രൂപയുടെ നിക്ഷേപം ഈ രംഗത്തെ മുൻനിരക്കാരായ ജെല്ലിഫിഷ് വാട്ടർ സ്പോർട്സ് വാഗ്ദാനം ചെയ്തു. കോഴിക്കോട് സ്റ്റേഡിയം വികസനവുമായി ബന്ധപ്പെട്ട് 450 കോടി രൂപയുടെ നിക്ഷേപം പ്രീമിയർ ഗ്രൂപ്പും വാഗ്ദാനം ചെയ്തു. ഫുട്ബോൾ താരം സി. കെ. വിനീതിന്റെ നേതൃത്വത്തിലുള്ള തേർട്ടീൻത്ത് ഫൗണ്ടേഷൻ 300 കോടിയുടെ നിക്ഷേപവുമായി അത്യാധുനിക കായിക പരിശീല കേന്ദ്രവും ഭവന സമുച്ചയവും ഉൾപ്പെടുന്ന സ്പോർട്സ് കോംപ്ലക്സ് പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി സംഘടിപ്പിച്ച ഇന്റർനാഷനൽ സ്പോർട്സ് സമ്മിറ്റിന്റെ ആദ്യ രണ്ടു ദിവസങ്ങളിലായി കായിക പശ്ചാത്തലസൗകര്യ വികസന പദ്ധതികളടക്കം 19 പദ്ധതികളാണ് അവതരിപ്പിക്കപ്പെട്ടത്. സംസ്ഥാനത്തുടനീളം കായിക പദ്ധതികൾ താഴെത്തട്ടിലെത്തിക്കുന്നതിന് 100 കോടി ചെലവിൽ സ്പോർട്സ് ഫോർ ഓൾ പദ്ധതിയും പ്രഖ്യാപിച്ചു. കൊച്ചിയിൽ തന്നെ മൂലൻസ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ 100 കോടി നിക്ഷേപത്തിൽ മറ്റൊരു നഗര കായിക സമുച്ചയം കൂടി വരുന്നു. ജിസിഡിഎ, ഇന്ത്യ ഖേലോ ഫുട്ബോൾ, വിവിധ ക്ലബുകൾ, പ്രോ സ്പോർട്സ് വെഞ്ച്വേഴ്സ്, സ്പോർട്സ് എക്സോട്ടിക്ക, സ്പോർട്സ് ആന്റ് മാനേജ്മെന്റ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട്, എൻ ബി ഫിറ്റ്നസ് അക്കാഡമി, കേരളീയം മോട്ടോർ സ്പോർട്സ് അസോസിയേഷൻ, ആർബിഎസ് കോർപറേഷൻ, ബാവാസ് സ്പോർട്സ് വില്ലേജ്, റീജൻസി ഗ്രൂപ്പ് ദുബായ്, നോവ്യൂസ് സോക്കർ അക്കാഡമി, പിഹാസ് സ്പോർട്സ് മാനേജ്മന്റ് പ്രൈവറ്റ് ലിമിറ്റഡ്, പ്ലേ സ്പോർട്സ്, ബ്ലൈൻഡ് ഇസ്പോർട്സ്, ഐ കോർ ബിസിനസ് സൊല്യൂഷൻസ് തുടങ്ങിയ സംരംഭകരും 50 മുതൽ 20 കോടി രൂപ വരെയുള്ള വിവിധ നിക്ഷേപ പദ്ധതികൾ വാഗ്ദാനം ചെയ്തു.

കായിക ഉച്ചകോടി നവകേരളത്തിന് വൻ സാമ്പത്തിക അടിത്തറ പാകുമെന്നതിനും കായിക കുതിപ്പിന് ഊർജ്ജം പകരുന്ന പ്രധാന ചുവടുവയ്പാകുമെന്നതിൽ ആർക്കും സംശയമില്ല. ഇതിന് പുറമേ ഈ സർക്കാർ അടിസ്ഥാന കായിക വികസനം ലക്ഷ്യമിട്ട് പഞ്ചായത്ത് തല സ്പോർട്സ് കൌൺസിലുകൾ രൂപീകരിക്കുന്നതിനും, ജില്ലാ- സംസ്ഥാന സ്പോർട്സ് കൌൺസിലുകളുടെയും കായിക യുവജന കാര്യലയത്തിന്റെയും ഉത്തരവാദിത്തങ്ങൾ പുന്ര്നിർവചിക്കുന്നതിനുമുള്ള നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. വിവിധ കാലാവസ്ഥകളിൽ കായിക താരങ്ങൾക്ക് മികച്ച പ്രകടനം കാഴ്ചവെക്കുന്നതിനുള്ള പരിശീലനത്തിനായി ഹൈ-ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററുകൾ, 1700 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് വിവിധ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നവീകരണവും പൂർത്തീകരിച്ചു. ഇത്തരം ക്രിയാത്മക കായിക വികസന പ്രക്രിയകൾക്ക് നേതൃത്വം നൽകിയ കായിക വകുപ്പം, മന്ത്രിയും, സർക്കാരും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

നവകേരള കായിക സൃഷ്ടിയാണ് ഈ പ്രക്രിയയിലൂടെ ആത്യന്തികമായി സർക്കാർ ലക്ഷ്യമിടുന്നത്. കായികം എല്ലാവരുടെതുമായി മാറുന്ന എന്നതാണ് ഈ പുതിയ കായിക സംസ്കാരത്തിന്റെ അടിത്തറ. മികച്ച ആരോഗ്യം അതിലൂടെ പ്രദാനം ചെയ്യാൻ സാധ്യമാകുന്ന നയരൂപീകരണവും സർക്കാർ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ഓപ്പൺ ജിമ്മുകൾ, സ്മാർട്ട് വാൽക് വേ-കൾ, സൈക്കിൾ ട്രാക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട് എന്നതും കായിക രംഗത്ത് പുത്തൻ പ്രത്യാശയാണ് നൽകുന്നത്.

ലോകത്ത് അതിവേഗം വളരുന്ന കായിക ശാഖകളിലൊന്നായ ഇ-സ്പോർട്സിന്റെ സാധ്യതകളെ കേരളത്തിന് പരിചയപ്പെടുത്താൻ ഈ അന്താരാഷ്ട്ര കായിക ഉച്ചകോടിയ്ക്ക് കഴിഞ്ഞു. VR, AR, AI തുടങ്ങിയ സാങ്കേതിക വിദ്യകളെ ഫലപ്രദമായി സംയോജിപ്പിച്ചു കൊണ്ട് യഥാർത്ഥ കായിക അനുഭവം കളിക്കാർക്ക് നൽകുന്നതിനും കായിക രംഗത്തെ നവീന സാദ്ധ്യതകൾ അവർക്ക് പ്രയോജനപ്പെടുത്തുന്നതിനും ഈ- സ്പോർത്സിലൂടെ സാധിക്കും.

കേരളത്തിന്റെ കടൽ തീരങ്ങളും കായൽ തീരങ്ങളും നദികളും, മലകളും വാട്ടർ സ്പോർട്സിന്റെയും, അഡ്വെഞ്ചർ സ്പോർട്സിന്റെയും വിനോദത്തിന്റെയും അനന്ത സാദ്ധ്യതകൾ തുറന്നിടുകയാണ്. ഇവ ഫലപ്രദമായി ഉപോയോഗിച്ചു കായിക സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിക്കുന്നതിലൂടെ നിരവധി തൊഴിലിടങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും എന്നത് തർക്കമറ്റ വസ്തുതയാണ്.

**Dr. Rajeev S. R.**
T K Madhava Memorial College, Nangiarkulangara

# The Perspectives of Union and State Budget 2024-25

Budget is the largest financial statement of a country published before the start of a financial year. It is a prospective financial statement, proposed to be implemented for the upcoming financial year. All other financial statements of country are published at the end of the current financial year. A comprehensive and detailed vision of the government is reflected in the budget. The enactment of the budget is mandatory, following the statutory principles in the preparation and rendition of the budget. Article 112 of the Indian constitution assumes the provision of the budgeting process. A budget thus states that the country is required to lay an annual financial statement of receipts and expenditure before both houses of parliament. The interesting thing is that the word "budget" is no longer used anywhere in the constitution; instead, it is referred to as Annual Financial Statement. The government can levy taxes or disburse funds only with approval in both houses of the parliament. Thus, in the constitution, it is referred to as the Annual Financial Statement.

It is known that the reference to the budget can be traced back to the *Arthashasthra* by Chanakya. The philosophy of budget preparation, according to Chanakya, was to first determine the revenue from various sources and put it in a grand total including the delayed payments. It is considered as the total revenue, and then deduct expenditure. The modern form of budget can be traced back to the Norman Period (1066-87). During the period, there was a grave division between the Treasury and Exchequer. The Treasury was the upper office, and the Exchequer was the lower office. The treasury had the right to collect taxes and make expenditure from the same office, but the exchequer had given the power to collect revenue only. The collected revenue was sent to the treasury for making expenditure of the state. In 1733, the term "budget" originated from a sarcastic statement by Walpole, 'The Budget Opened'. The annual speech of the nation's finance on paper was just put in a leather bag and presented before the Parliament.

In India, the budget is prepared by the Finance Minister, assisted by advisors and bureaucrats. The process of budget and groundwork starts in the third quarter of the financial year. By considering advisory notes from the Finance Commission, the government prepares a budget for the coming financial year. The prospective financial statement is prepared in four stages. In the first stage, it estimates expenditures, both plan and non-



plan. In continuation with this, revenue from various sources is assessed. Revenues include both capital receipts and current receipts. Secondly, they have to estimate the deficit. Then, find actions to narrow down the deficit. The final step is the presentation and approval of the budget.

Mrs. Nirmala Sitaraman presented her sixth budget before the Parliament. It is an interim budget, aiming to achieve the long-term sustainable development by 2047, the centenary of the country's independence. The dream claimed in the budget is the celebration of the country's centenary of independence. The country is entering the last quarter of the hundred years' celebration, aiming to achieve the long-term strategy of development. In the budget speech, the FM stated, "People are living better and earning better, with even greater aspirations for the future. The average real income of the people has increased by 50%. Inflation is moderate". The budget also asserted a lopsided declaration of the development of the eastern part of the country. So, priority has been given to the states of Bihar, Jharkhand, West Bengal, Chhattisgarh and Odisha.

Entering the Budget, the projected expenditure for the FY 2024-2025 is 47.66 Lakh Crores, with expected continuing revenue of 30.80 Lakh Crores. The expenditure-revenue gap is 16.86 Lakh Crores, which is more than 54.74% of the expected revenue. The total expenditure in FY 2023-24 was 45 Lakh Crores, with revenue at 27.20 Lakh Crores, making up 65.44% of the total revenue. The estimated net tax receipts were 23.3 Lakh Crores, and the fiscal deficit was estimated at 5.9% of the GDP. The current budget aims to reduce the fiscal deficit from 5.1% of the GDP to 4.5% of the GDP. The total revenue, including borrowing for the coming budget, is expected to be 44.93 Lakh Crores, but the expected income from taxes is only 26.02 Lakh Crores. In the coming FY, the government plans to borrow about 16.80 Lakh crores to bridge the gap between revenue and expenditure. The net deficit amounts to about 5.72%. Currently, the total debt of the country is about 205 Lakh crores, more than four times the total budgets presented in the previous financial years. Every Indian is in debt of 1.48 lakh rupees. The main sectoral division of the budget follows like:

| Sl. No | Sectors | Amount Allotted (Lakh Crores) |
|---|---|---|
| 1 | Defence | 6.21 |
| 2 | Road Transport and Highways | 2.78 |
| 3 | Railways | 2.55 |
| 4 | Infrastructure | 2.18 |
| 5 | Food/ PDS | 2.13 |
| 6 | Home Affairs | 2.03 |
| 7 | Rural Development | 1.77 |
| 8 | Fertilizers | 1.68 |
| 9 | Communication | 1.37 |
| 10 | Agriculture | 1.27 |
| 11 | Education | 1.20 |
| 12 | Jal Sakthi | 0.98 |
| 13 | Housing and urban affairs | 0.77 |
| 14 | Health and Family welfare | 0.90 |
| 15 | Other Ministries | 2.19 |

Source: Budget 2024-25



Out of the expected outlay, the budget envisages about 3.04 Lakh Crores for agriculture and rural development, constituting just about 10% of the total outlay. In the contrast, the single sector defence alone received 20.70% of the total budget expenditure. Roads and railways, the major non- tax income-earning sectors, account for 17.76% of the total outlay. The rural and agriculture sectors have consistently been neglected in the budgets, a major reason for their low performance over the years. A minimal increase should be made to uplift these sectors and reduce criticism.

For rural development, 1.77 Lakh Crores are expected to be spent for the FY 2024-2025. The major part of the funds for rural development is allotted for MGNREGA, amounting to 86000 Crores. In the previous FY 2023-24, it was 60000 cores. There is an increase of 26000 Crores in the forthcoming budget, accounting for about 69.7% compared to the previous budget. It is also 48.5% of the total allocation for rural development. Now, rural development is synonymous with MGNREGA. The strategy followed by the government is to gain fame before the general public through the money spent on flagship programmes. It will then be more attractive for the poor, and they will feel and recognised before the concerned authorities.

The actual situation is quite different from the reality. It can be seen that the net real benefit is zero. The spillover works and dues from the previous financial year amount to more than the increased amount in the current budget. Moreover, some states are blacklisted for alleged corruption in the execution of various projects in MGNREGA. West Bengal is one among them. The central government stopped their funding for the last two years.

The same is the situation in various sectors. Concerning higher education, it is prepared to allot about 47619.77 crores, out of which scheme allocation is 7487.87 crores and non-scheme allocation is 40131.90 crores. The total outlay as a percentage is 1.5%. The country is self- claiming that India is a fast-growing country with a population of 142 crores, ranking first in the world. The young population accounts for more than 65% of the total population. However, the country wants to spend only 1.5% of the total outlay on higher education. It may lead to contradictory results in the near future, and the long-term growth is a mere dream. Out of the total allocation for higher education, the scheme allocation is only 0.24%. The recommended share for higher education should be at least 6% of the GDP. But now the budget allocates it below 1% of the total share.

Finally, it is assumed that the budget is an election strategy. The priority sectors are entirely neglected. The farm sector, small scale, and cottage industries are completely overlooked in the budget. The budget offers no incentive to farmers, and the minimum support price for farm products remains the same. Commercial crops have not been provided any offer to compete with the international market. There is an arrogance that can be seen from every inch of the interim budget. The self-confidence regarding the upcoming election can be better read from the union budget of 2024-25.

**ഡോ. സെബാസ്റ്റ്യൻ ജോസഫ്**
Environmental/ Film Historian, Sectional President of Contemporary India,
83rd Indian History Congress Session

# സിനിമാറ്റിക് ചരിത്രങ്ങളും മാറേണ്ട ചരിത്ര സിലബസും

ഇന്ത്യാ ചരിത്ര രചനയിലെ വക്രീകരണങ്ങൾ വലിയ ചർച്ചാ വിഷയമായിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വസ്തുനിഷ്ഠാപരമായ ചരിത്രത്തെ അവഗണിച്ചും, വെട്ടി നിരത്തിയും ദേശരാഷ്ട്രത്തിന്റെ വിചിത്രവും, വിഭാഗീയത സൃഷ്ടിക്കുന്നതുമായ ചരിത്ര നിർമ്മിതികൾ പാഠപുസ്തകങ്ങളിലേക്ക് ആധികാരികചരിത്രമായി വന്നു കയറുന്ന തികച്ചും  ഭീതികരമായ അവസ്ഥയാണിന്നുണ്ടായിരിക്കുന്നത്. ഇന്ത്യയിൽ ദേശീയ സമര രംഗത്ത് മാറി നിന്ന് വർഗ്ഗീയ വിഷപ്പുക തുപ്പിയ വ്യക്തികളുടെ നൂറോളം ബയോപിക്കുകൾ അണിയറയിൽ ചർച്ചയിലും നിർമ്മാണത്തിലുമിരിക്കുന്നു. ഉത്തര വായനാ കാലഘട്ടത്തിൽ ചരിത്രത്തെയും , ചരിത്ര രചനയേയും ചലച്ചിത്ര ആവിഷ്ക്കാരത്തിലൂടെ ബഹുഭൂരിപക്ഷം വരുന്ന ഇന്ത്യയിലെ പ്രേക്ഷകരിലേക്ക് ഇന്ത്യൻ ദേശീയ സമര ചരിത്രത്തിന്റെ വർഗ്ഗീയ വീക്ഷണത്തെ സാധൂകരിച്ച്, ശാസ്ത്രീയ തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രകാരന്മാർ ആർകൈവുകളിലെ പഠനങ്ങളിലൂടെയും ,മറ്റു ഫീൽഡ് വർക്കുകളിലൂടെയും നിർമ്മിച്ച ചരിത്രത്തെ പുറംതള്ളുക എന്ന നിഗൂഢമായ ലക്ഷ്യമാണ് ഈ വൻ പദ്ധതിക്കുപിന്നിലുള്ളത്. ചരിത്ര രചനയിലെ ബാഹുബലൈസേഷനെന്നു വേണമെങ്കിൽ ഇതിനെ വിളിക്കാം. RRR പോലെയും, കേരളാ സ്റ്റോറി... പോലെയും ഉള്ള വ്യത്യസ്ത ചലച്ചിതങ്ങൾ സിനിമാറ്റിക് ചരിത്രാവിഷ്ക്കാരങ്ങളുടെ വിഭാഗീയ രാഷ്ട്രീയത്തെ അടിവരയിട്ടുറപ്പിക്കുന്ന ചലച്ചിത്രങ്ങളാണ്. ദ്രാവക ആധുനിക (Liquid Modernity) കാലഘട്ടമെന്ന് വിളിക്കപ്പെടുന്ന ഈ നൂറ്റാണ്ടിൽ ഈ ഗൂഢ ചരിത്ര പദ്ധതിയെ എങ്ങനെയാണ് പ്രതിരോധിക്കേണ്ടത് എന്ന് ഉന്നത വിദ്യാഭ്യാസമേഖലയിലുള്ളവർ ഉണർന്നു ചിന്തിക്കേണ്ടതുണ്ട്.

## സിലബസ്സിലെ സിനിമ

മേൽ സൂചിപ്പിച്ച പ്രശ്നം നമ്മെ നയിക്കേണ്ടത് പ്രതിരോധ ചലച്ചിത്ര നിർമ്മിതിയിലേക്കു മാത്രമല്ല, മറിച്ച് ചരിത്ര പാഠ്യപദ്ധതിയുടെ പുന സംഘാടനത്തിലേക്കുമാണ്. ചരിത്ര പഠനം,ഗവേഷണം, അധ്യാപനം എന്നീ മൂന്നു മേഖലകളും സാധാരണയായി എഴുതപ്പെട്ട രേഖകൾക്കും, പുരാവസ്തുക്കൾക്കും, അതിന്റെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട പാഠങ്ങൾക്കും ചുറ്റിനുമാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്. മറ്റു കലാ ആവിഷ്ക്കാരങ്ങൾ, പ്രത്യേകിച്ചും ചലച്ചിത്രങ്ങൾ ചരിത്ര പഠനത്തിന് വളരെക്കുറച്ചു മാത്രമാണ് ഉപയോഗിച്ചു കാണുന്നത്. ചരിത്രം വസ്തുനിഷ്ഠതയിലൂന്നി നിന്നുകൊണ്ടുള്ള അക്കാദമികപ്രവർത്തനമാണെന്നുള്ള റാങ്കേയൻ സമീപന രീതിയാണ് ഇന്നും സർവകലാശാലകളിൽ ആധിപത്യം പുലർത്തുന്നത്. ദത്തങ്ങളുടെ ആധികാരതിയിലടിസ്ഥാനപ്പെടുത്തിയുള്ള ചരിത്രപഠനത്തിനും, എഴുത്തിനും എല്ലാക്കാലത്തും പ്രാധാന്യമുണ്ടെങ്കിലും, മാറുന്ന കാലഘട്ടത്തിനനുസരിച്ചുള്ള ഗവേഷണ/ പഠനാവിഷ്ക്കാര രീതികൾ ഉപയോഗിച്ച് ചരിത്രത്തെ നിർമ്മിക്കേണ്ടത് അനിവാര്യമാണ്. നിർമ്മിത ബുദ്ധിയും അതിന്റെപ്രയോഗ രീതികളുംവരെ ഫലപ്രദമാ



ബാറ്റിൽഷിപ്പ് പൊട്ടംകിൻ

യി പാശ്ചാത്യ സർവകലാശാലകളിൽ അവർ ഉപയോഗിക്കുന്നുണ്ട്. ഈ രീതിയിലുള്ള സാങ്കേതിക സംവിധാനങ്ങളെ ഉപയോഗിച്ച് ചരിത്ര പഠനത്തിലേക്ക് തിരിയാൻ വെമ്പിനിൽക്കുന്ന ഒരു സമൂഹം നമ്മൾക്കിടയിലുമുണ്ട്. ഇതിലേക്ക് പ്രവേശിക്കുന്നതിനു മുമ്പു തന്നെ, കേരളത്തിന്റെ ചരിത്ര പഠനത്തിനും അധ്യാപനത്തിനും ഉപകരിക്കേണ്ട വലിയ ചലച്ചിത്ര ആർക്കൈവ്സ് നമുക്കു മുന്നിലുണ്ടെന്ന വസ്തുത വിസ്മരിച്ചു കൂടാ. ചരിത്ര സിലബസിന്റെ ലെൻസ് ചലച്ചിത്രചരിത്ര പ്രവിശ്യയിലേക്കൊന്നു തിരിച്ചു വയ്ക്കാം.

### ഭൂതകാലത്തിന്റെ ചലച്ചിത്രവൽക്കരണം

വർത്തമാനത്തിന്റെ ചലനാത്മകതയാണ് ഭാവിയിലെ ചരിത്രമെങ്കിൽ, ഭൂതകാലത്തിന്റെ ചലനാത്മകത നിശ്ചലമായ വാക്കുകളിൽ മാത്രം പ്രതിനിധാനം ചെയ്താൽ മതിയോ? സാമൂഹിക ജീവിതത്തിന്റെ സ്പന്ദനങ്ങൾ, ചരിത്രത്തിലേക്ക് അടുക്കും ചിട്ടയോടും കൂടി കോർത്തിണക്കുന്ന ചരിത്രകാരൻ ഒരു ചിത്രകാരന്റെ ഭാവനയിലൂടെത്തന്നെയല്ലേ, ആഖ്യാനത്തിന്റെ ചട്ടക്കൂട് തീർക്കുന്നത്? ഭാവന കാണാൻ സാധിക്കാത്ത ചരിത്രകാരൻ, ഒരർത്ഥത്തിൽ ദത്തങ്ങളുടെ അടുക്കി വയ്ക്കലിൽ മാത്രമല്ലേ ഒതുങ്ങുന്നത്? എങ്കിൽ ചരിത്രമെന്തിന്, പുരാരേഖകൾ മാത്രം പോരേ? ചരിത്ര രചനയെ സംബന്ധിക്കുന്ന ചില സങ്കീർണ്ണ പ്രശ്നങ്ങളാണ് ഈ ചോദ്യങ്ങളിൽ നിഴലിക്കുന്നത്. വസ്തുനിഷ്ഠാപരമായ ചരിത്രത്തെ നിർമ്മിക്കുന്ന ശാസ്ത്രീയ വിഷയമാണ് ചരിത്രമെന്നത് അവിതർക്കിതമായ ആശയം തന്നെയാണ്. ചരിത്രത്തിലെ വസ്തുനിഷ്ഠത ശാസ്ത്രീയ രീതിശാസ്ത്രത്തിന്റെ വഴികൾ തന്നെ അവലംബിക്കുമ്പോൾ, ശാസ്ത്ര വിഷയങ്ങളുടെ വസ്തുനിഷ്ഠതയിൽ നിന്നും വേറിട്ട ഫലപ്രാപ്തിയിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. വൈവിധ്യങ്ങളായ ജീവിത രീതികളും സംസ്കാരവും കൂടിച്ചേർന്നുണ്ടാകുന്ന സാമൂഹിക ജീവിതത്തെ ശാസ്ത്രീയ വസ്തുനിഷ്ഠതയിൽ അടിസ്ഥാനപ്പെടുത്തിയ ഏകശിലാത്മകമായ രീതിശാസ്ത്രത്തിലൂടെ വെളിവാകുന്ന ഒരൊറ്റ ഉത്തരം അല്ലെങ്കിൽ സത്യമെന്ന ഫലസിദ്ധിയായി ഒന്നും തന്നെ ചരിത്രശാസ്ത്രത്തിൽ കാണുവാൻ പറ്റില്ല. അതിനാൽത്തന്നെയാണ് പല ചരിത്രങ്ങൾ നമുക്കു മുന്നിൽ ഉണ്ടാകുന്നതും.ഏതു കാലഘട്ടത്തിലേയും സാമൂഹിക ജീവിതം, വ്യക്തിപരമായും, കൂട്ടായും, ദേശീയമായും, അന്തർദ്ദേശീയമായും മാനവ ഭാവനയിലാണ് സൃഷ്ടിക്കപ്പെടുന്നത്. ചരിത്രശാസ്ത്രജ്ഞന്റെ ഭാവനയിൽത്തന്നെയാണ് കഴിഞ്ഞ കാലം ചരിത്രമാകുന്നതും, ചരിത്ര ജ്ഞാന രൂപങ്ങൾ ജ്ഞാനശാസ്ത്രത്തിലെ പ്രധാന പഠനമേഖലയാകുന്നതും. ചരിത്രകാരന്റെ ഭാവനയിലൂടെത്തന്നെയാണ്, ദത്തങ്ങളുടെ വിശകലനം നടക്കുന്നതും, അതു പിന്നീട് ചരിത്രാഖ്യാനമായി മാറുന്നതും. ഈ വീക്ഷണകോണിൽക്കൂടി നോക്കുമ്പോൾ, ഭാവനാപരമായി ഏതൊരു വർത്തമാനകാലത്തും നിർമ്മിക്കപ്പെടുന്ന ചലച്ചിത്രങ്ങൾ ചരിത്രങ്ങളായി മാറുകയും, പുതിയ ചരിത്രാഖ്യാനങ്ങൾക്കു വേണ്ട ദത്തങ്ങളെ നിരന്തരം സൃഷ്ടിക്കുകയും ചെയ്യുന്നതായി കാണാൻ സാധിക്കും.

### ചരിത്രവും ചലച്ചിത്രവും – മൂന്ന് തരങ്ങൾ

ചലച്ചിത്രവുമായി ബന്ധപ്പെട്ട് മൂന്ന് തരത്തിലുള്ള ചരിത്ര പഠനങ്ങളുണ്ട്. ഒന്നാമതായി, ചലച്ചിത്രത്തിന്റെ തന്നെ സാങ്കേതികവും, വ്യവസായപരവുമായ വളർച്ചയെക്കുറിച്ചുള്ള ചരിത്രം. മാറുന്ന ശബ്ദ, വെളിച്ച, നിറ സംവിധാനങ്ങൾ, നവീന ക്യാമറകളുടെ ഉപയോഗവും ഛായാഗ്രഹണ

രീതികളും, ഷോട്ടുകൾ എടുക്കുന്ന രീതികൾ, ചമയങ്ങളും വസ്ത്രാലങ്കാരവും, ആക്ഷൻ സീനുകളും വി.എഫ്. എക്സും, സിനിമാശാലകളുടെ രൂപ ഭംഗിയിലെ മാറ്റങ്ങൾ, പ്രൊജക്ഷൻ സാങ്കേതിക വിദ്യകൾ, ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗങ്ങൾ, സിനിമാ വ്യവസായത്തിലെ പ്രശ്നങ്ങൾ, താര ആരാധനയും ഫാൻസ് സംഘടനകളുടെ വളർച്ചയും, ചലച്ചിത്ര മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ എന്നീ വിഷയങ്ങളാണ് ഒന്നാം സിനിമാചരിത്രത്തിലെ ഗവേഷണ പ്രശ്നങ്ങൾ. ഏതൊരു കാലത്ത് നിർമ്മിക്കപ്പെട്ടന്ന ചലച്ചിത്രവും ആ കാലഘട്ടത്തിന്റെ ചരിത്ര പഠനത്തിനാധാരമാകുന്നു എന്നതാണ് രണ്ടാം സിനിമാചരിത്രത്തിന്റെ പ്രസക്തി. സാമൂഹിക ജീവിതക്രമത്തിലും രീതിയിലും ഉള്ള മാറ്റങ്ങൾ, ഫാഷൻ (വസ്ത്രം, കോസ്മെറ്റിക്സ്, കേശാലങ്കാര ശൈലികൾ) ആഹാരരീതികൾ, മറ്റു നിത്യോപയോഗ സാധനങ്ങൾ,വാഹനങ്ങൾ, കെട്ടിടങ്ങൾ, മാറുന്ന ഭൂദൃശ്യങ്ങൾ, നഗരങ്ങൾ, ഗ്രാമങ്ങൾ, ക്യാമ്പസുകൾ, ഭാഷാപ്രയോഗങ്ങൾ, ലിംഗ സംസ്കാര വ്യതിയാനങ്ങൾ എന്നിവയെല്ലാം ചലച്ചിത്രങ്ങൾ ഒപ്പിയെടുക്കാറുണ്ട്. ചലച്ചിത്രത്തിന്റെ പ്രമേയത്തിനും, കഥയിലെ കാലഘട്ടത്തിനും അനുസരിച്ച് മേൽപ്പറഞ്ഞ രീതികൾ മാറാറുമുണ്ട്. സാമൂഹിക ജീവിതത്തിൽ നിന്നു ചലച്ചിത്രത്തിലേക്കും, തിരിച്ചും ഇത്തരത്തിലുള്ള അനുരൂപീകരണങ്ങൾ നടക്കാറുണ്ട്. തലമുടി കൃത്യമായി നടുവിലൂടെ ഇരുവശത്തേക്കും ചീകി ഒതുക്കി ജുബ്ബായും ഇട്ടിരിക്കുന്ന പുരുഷന്മാരും, ഹാഫ് സാരി (വെളുത്ത സാരിയിൽ കറുത്ത പൊട്ടുകൾ) ഒരു വശത്തേക്കു ചരിഞ്ഞു നിൽക്കുന്ന സ്ത്രീകളും സിനിമയിലും യഥാർത്ഥ ക്യാമ്പസ് ഫോട്ടോകളിലും കാണുവാൻ സാധിക്കുന്നത് 'റീൽ - റിയൽ' ബന്ധത്തെ ശക്തമായി സൂചിപ്പിക്കുന്നുണ്ട്. അങ്ങനെ പലതും.

## ചരിത്രത്തിന്റെ ചരിത്ര സിനിമ

എഴുതപ്പെട്ട ചരിത്രത്തിന്റെ ചലച്ചിത്രാവിഷ്ക്കാരമാണ് മൂന്നാമത്തെ സിനിമാ ചരിത്ര ഗണത്തിൽപ്പെടുന്നതും, ഏററവും വിവാദപരമായേക്കാവുന്നതുമായ വിഷയം. ചരിത്ര വ്യക്തികൾ, സംഭവങ്ങൾ, പ്രക്രിയകൾ എന്നിവയാണ് ചരിത്ര സിനിമയ്ക്ക് പ്രമേയമായി വരുന്നത്. സിനിമ കാണുന്നതിനു മുൻപു തന്നെ അതിൽ ദൃശ്യാവിഷ്ക്കാരം ചെയ്തിരിക്കുന്ന ചരിത്ര പ്രമേയവുമായി അടുത്തതും അകന്നതുമായ ജ്ഞാനബോധം ഉള്ള പ്രേക്ഷകരാണ് ഇതിന്റെ ആസ്വാദകർ എന്നതുകൊണ്ട് ചരിത്ര സിനിമ (Historical Film) അനേകം അഭിപ്രായങ്ങൾക്കും തർക്കങ്ങൾക്കും വഴി ഒരുക്കും. പ്രാഥമിക ചരിത്ര രേഖകളും, ദ്വിതീയ രേഖകളും, മറ്റു സഹായ ഗ്രന്ഥങ്ങളും പരിശോധനയ്ക്ക് വിധേയപ്പെടുത്തുന്ന സിനിമയുടെ സ്രഷ്ടാക്കൾ, ചരിത്ര വിദഗ്ധരുടെ അഭിപ്രായങ്ങളും ആരാഞ്ഞതിനു ശേഷമാണ് ചരിത്ര സിനിമകൾ സാധാരണ നിർമ്മിക്കാറുള്ളത്. വിദേശ രാജ്യങ്ങളിൽ, ചരിത്രകാരന്മാരുടെ ഒരു പാനൽ തന്നെ സിനിമയ്ക്കായി ഒരുക്കാറുണ്ട്. ഇപ്രകാരമുള്ള ഗവേഷണവും, ചർച്ചകളുമൊക്കെ നടത്തുന്ന സംവിധായകരും, തിരക്കഥാകൃത്തുക്കളും ഒരു ചരിത്ര സംഭവത്തിന്റെയോ,വ്യക്തിയുടെയോ, പ്രക്രിയയുടെയോ സംബന്ധിയായ പ്രബന്ധത്തെ ദൃശ്യാവിഷ്ക്കാരം ചെയ്യുന്ന സങ്കീർണ്ണവും ദുർഘടവുമായ പ്രവൃത്തിയിലാണ് മുഴുകുന്നത്. ചരിത്രകാരന്മാരും, ചലച്ചിത്ര പ്രവർത്തകരും പിന്തുടരുന്ന ഗവേഷണ രീതി തുടക്കത്തിൽ ഒന്നു തന്നെയാണെങ്കിലും, ഫലപ്രാപ്തിയിൽ രണ്ടു തരത്തിലുള്ള ചരിത്രങ്ങളാണ് ഉണ്ടായി വരുന്നത്. ചരിത്രകാരന്റെ പ്രബന്ധം, വ്യക്ത്യാനുഷ്ഠിത ഗവേഷണത്തിന്റെ പരിസമാപ്തിയിൽ പരമ്പരാഗത പുസ്തകത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങുമ്പോൾ, ചരിത്ര സിനിമ ഓടിക്കൊണ്ടിരിക്കുന്ന റീലുകളിലൂടെ ചരിത്രത്തെ ദൃശ്യവൽക്കരിച്ച് അനേകലക്ഷങ്ങളുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്ന രണ്ടോ, മൂന്നോ മണിക്കൂർ നീണ്ടുനിൽക്കുന്ന വിസ്മയലോകത്തെയാണ് സൃഷ്ടിക്കുന്നത്.

## ആർക്കൈവുകളും ചരിത്ര സിനിമയും

ഏതെങ്കിലുമൊരു പുരാരേഖ, ചരിത്രകാരനും, ചരിത്ര സിനിമയുടെ നിർമ്മാതാവും വായിച്ചെടുക്കുന്നതിന്റെ രീതിശാസ്ത്രം ഏറെക്കുറെ ഒന്നു തന്നെയാണെങ്കിലും, അതുവഴി രചിക്കുന്ന/ നിർമ്മിക്കുന്ന ചരിത്രത്തിന്റെ രൂപവും പ്രകൃതവും രണ്ടായിരിക്കും. അധ്യായങ്ങളിലൂടെ, കാലഗണനാ ക്രമത്തിലോ, പ്രതിപാദ്യ വിഷയാടിസ്ഥാനത്തിലോ രചിക്കപ്പെടുന്ന ചരിത്ര ഗ്രന്ഥമോ, പ്രബന്ധമോ ഉന്നം വയ്ക്കുന്നത് സാധാരണയായി ചരിത്ര പഠനം ഗൗരവമായി കാണുന്ന വ്യക്തികളേയോ, ചരിത്രത്തിൽ താല്പര്യം പ്രകടിപ്പിക്കുന്ന വായനക്കാരേയുമാണ്.വളരെ ചുരുങ്ങിയ ഒരു കൂട്ടമാണ് ഇതിന്റെ പ്രയോജിതാക്കൾ. ചരിത്ര സിനിമ നിർമ്മിക്കപ്പെടുന്നത് വലിയ ഒരു കൂട്ടത്തിനു വേണ്ടിയാണ്, കാരണം ചരിത്രത്തെ സിനിമയിലൂടെ ദൃശ്യവൽക്കരിക്കുമ്പോൾ ചരിത്രം ഒരു ജനപ്രിയ വിഷയമായി മാറുന്നു എന്നതുകൊണ്ടു തന്നെ. പുരാരേഖകളിൽ പരാമർശിക്കപ്പെടുന്ന ദത്തമായ വിവരങ്ങളും മററു സ്ഥിതിവിവരകണക്കുകളും, ഏതൊരു വിഭാഗത്തിൽപെട്ട പ്രേക്ഷനും വെള്ളിത്തിരയിൽ കാണുന്ന മാത്രയിൽ മനസ്സിലാക്കാവുന്ന കഥകളായി സിനിമയിൽ മാറേണ്ടതുണ്ട്. ഇതു സാധിക്കാതിരുന്നാൽ പ്രേക്ഷകർ ഇരുട്ടിലിരുന്നു ചരിത്രത്തെ തപ്പുന്നവരായി മാറും, സിനിമ പരാജയപ്പെടുകയും ചെയ്യും. ഒരു ചരിത്ര ഗ്രന്ഥത്തിന്റെ വായന നിശ്ചിത സമയത്തിനുള്ളിൽ നടക്കേണ്ടതില്ല. വീണ്ടും വീണ്ടും, തിരിച്ചും മറിച്ചും വായിച്ച് ചരിത്ര ഗ്രന്ഥത്തിലെ ചരിത്രത്തെ പഠിക്കാൻ നമ്മുക്കവസരമുണ്ട്. ചരിത്ര സിനിമ, സിനിമ തന്നെ ആകയാൽ, സാധാരണ സിനിമ കാണൽ എന്ന പ്രകിയ തന്നെയാണ് ഇവിടെ നടക്കേണ്ടതും. ചുരുക്കത്തിൽ പറഞ്ഞാൽ, ചരിത്ര സിനിമ,ആർക്കൈവുകളും മറ്റു സ്റോതസുകളും സൃഷ്ടിക്കുന്ന ചരിത്ര പ്രമേയത്തിന്റെ കലാ / വിജ്ഞാന / വിനോദപരമായ സിനിമാറ്റിക് ചരിത്രമാണ് നിർമ്മിക്കുന്നത്.

## ചലനത്തിലൂടെ വികാരവൽക്കരണത്തിലേക്ക്

ചലിച്ചു കൊണ്ടിരിക്കുന്ന ഭൂതകാലത്തിലേക്ക് വർത്തമാന ലോകത്തേ സന്നിവേശിപ്പിക്കുന്ന വിസ്മയവും വിഭ്രാന്തി പടർത്തുന്നതുമായ ചരിത്ര



ഗാന്ധി

ലോകത്തെയാണ് ചരിത്ര സിനിമകൾ സിനിമാശാലകളിൽ രൂപപ്പെടുത്തുന്നത്. മഹാത്മാഗാന്ധിക്കും , പഴശ്ശിരാജാവിനും, ആരോമൽചേകവർക്കുമൊപ്പം ജീവിക്കുന്നവരായി മാറുന്ന പ്രേക്ഷകഭാവങ്ങൾ സിനിമാശാലകളിൽ ജനിപ്പിക്കുകയാണ് ചരിത്ര സിനിമകൾ. റൊളാങ്ങ് ബാർത്, സെർജി ഐസൻസ്റ്റീന്റെ 'ബാറ്റിൽഷിപ്പ് പൊട്ടെംങ്കിൻ'(1925) എന്ന ചിത്രത്തിലെ ഒഡെസ പടവുകളിൽ വെടിയേറ്റ് വീഴുന്ന നിസ്സാഹായരായ വ്യക്തികൾക്കൊപ്പം പ്രേക്ഷകർ നിൽക്കുന്ന അവസ്ഥയെ സൂചിപ്പിക്കുന്നുണ്ട്. മഹാത്മാഗാന്ധിക്കൊപ്പം ദണ്ഡിയാത്രയിൽ പങ്കെടുത്ത പ്രതീതി ജനിപ്പിക്കുന്ന ആറ്റൻബറോയുടെ, 'ഗാന്ധി' സിനിമ കാണുന്ന പ്രേക്ഷകൻ സ്വാതന്ത്ര്യ സമരത്തിന്റെ വികാര ലോകത്തേക്കാണ് ആനയിക്കപ്പെടുന്നത്. ജാലിയൻവാലാബാഗിൽ പ്രേക്ഷകനും ക്ഷണനേരത്തേക്കു മരിച്ചു വീഴുന്ന അവസ്ഥ. ഇംഗ്ലീഷ് കമ്പനിക്കെതിരേ സമരം നടത്തിയ പഴശ്ശി രാജാവ്, വെള്ളക്കാരന്റെ തോക്കിനിരയാകുമ്പോൾ, യുദ്ധഭൂമിയിൽ പഴശ്ശിക്കൊപ്പം പ്രേക്ഷകനുമെത്തുന്നു. വെടിയേറ്റ്, ചോര ഇറ്റിറ്റു വീഴുമ്പോഴും തന്റെ വാളിന്റെ തലയ്ക്കൽ തല വച്ച് താഴെ വീഴാതെ തന്നെ ജീവൻ വെടിയുന്ന പഴശ്ശിരാജാവിനെ അഭിമാനത്തോടെ കാണുന്ന പ്രേക്ഷകക്കൂട്ടം, അറിയാതിരിക്കുന്ന സത്യം, അതൊരു ചലച്ചിത്ര പ്രതികാരം തന്നെയെന്നതാണ്. ചലച്ചിത്രം, കോളനി വിരുദ്ധ ആശയ മണ്ഡലത്തെയാണ് ഇതിലൂടെ ദൃശ്യവൽക്കരിച്ചിരിക്കുന്നത്. ചരിത്ര ഗ്രന്ഥങ്ങൾക്കും ചരിത്ര ഗവേഷകർക്കും സാധിക്കാത്ത സിനിമാറ്റിക് പക വീട്ടൽ!

ചരിത്രത്തെ വികാരവൽക്കരിക്കുന്നത് ശരിയാണോ എന്ന ചോദ്യത്തിന് ഭൂതകാലത്തിന് വികാര ലോകമില്ലായിരുന്നോ എന്ന മറുചോദ്യം തന്നെയാണ് ഉത്തരം! കഴിഞ്ഞകാലത്തെ ചലനാത്മകമാക്കുന്നതിലൂടെ, സന്തോഷം, ഭയം, സ്നേഹം, പക, വിദ്വേഷം, ദയ, പ്രണയം, കാമം എന്നീ വികാരങ്ങളെക്കൂടി ചരിത്ര സിനിമ ചരിത്രവൽക്കരിക്കുകയാണ്. ഇവിടെ, ചരിത്രശാസ്ത്രത്തിന്റെ നവീന വഴികളെ സൂചിപ്പിക്കുന്ന ചക്രപ്പലകയായി മാറുകയാണ് ചരിത്ര സിനിമ.

## സാമൂഹിക പ്രക്രിയകളുടെ ചലച്ചിത്ര വൽക്കരണം

വ്യക്തികളേയും, സംഭവങ്ങളേയും കൂടാതെ സങ്കീർണ്ണ സാമൂഹിക പ്രക്രിയകളുടെ ചലച്ചിത്രവൽക്കരണവും ദർശിക്കുവാൻ കഴിയും. 2014 ൽ പുറത്തിറങ്ങിയ 'ഇയ്യോബിന്റെ പുസ്തകം' എന്ന മലയാള ചലച്ചിത്രം തേയില തോട്ട യൂറോപ്യൻ സംസ്കാരത്തെയും, അതുവഴി സാധ്യമാകുന്ന അധിനിവേശത്തിന്റെ പ്രാദേശിക പ്രതിഫലനങ്ങളും ദൃശ്യവൽക്കരിക്കുക വഴി കോളനിയനന്തര കാലഘട്ടത്തിന്റെ ചൂഷണങ്ങളിലേക്കും വിരൽ ചൂണ്ടുന്നു. സാമൂഹിക ചരിത്രത്തിനൊപ്പം പാരിസ്ഥിതിക ചരിത്രത്തിന്റെ പരിപ്രേക്ഷ്യങ്ങളും ഈ ചലച്ചിത്രത്തിൽ തെളിവാകുന്നുണ്ട്. 'പരിണയം' എന്ന എം.ടി-ഹരിഹരൻ ടീമിന്റെ ചലച്ചിത്രം സ്മാർത്ത വിചാരമെന്ന ആചാരത്തെ മുൻനിറുത്തി കേരളത്തിന്റെ സാമൂഹിക ലോകത്തെ അടയാളപ്പെടുത്തിയ ചരിത്ര സിനിമ തന്നെയാണ്. ഉടലധികാരങ്ങളുടെയും, വികാര കാമന ലോകങ്ങളുടെയും, പ്രണയത്തിന്റെയും ലോകത്തെ വരച്ചുകാട്ടാൻ ഈ ചലച്ചിത്രത്തിനു സാധിച്ചു. കൊച്ചിയിലെ റീജണൽ ആർക്കൈവ്സിൽ സ്മാർത്തവിചാരവുമായി ബന്ധപ്പെട്ട പ്രഥമ രേഖകൾ പഠിക്കുവാൻ എം.ടി വാസുദേവൻ നായർ വന്നത് ഇന്നും ഓർമ്മയിലുണ്ട്. എം.ടി.യുടെ തന്നെ ചലച്ചിത്ര തിരക്കഥയിൽ വടക്കൻ പാട്ടിനെ ആസ്പദമാക്കി നിർമ്മിച്ച 'ഒരു വടക്കൻ വീരഗാഥ' തന്നെയാണ് ഇന്നുവരെ മലയാളത്തിൽ ഇറങ്ങിയ ചരിത്ര സിനിമകളിൽ ഏറ്റവും പ്രശ്നവൽക്കരിക്കപ്പെട്ട ചരിത്ര പ്രമേയം. ജന്മി വ്യവസ്ഥയിൽ എങ്ങനെയാണ് വീരയോദ്ധാക്കൾ പരസ്പരം പോരാടിയെന്ന അങ്ക ചരിത്രത്തിന്റെ വ്യത്യസ്ത വീക്ഷണമാണ്, ചരിത്ര സ്റോതസുകളുടെ പുനർവായനയിൽ എം.ടി-ഹരിഹരൻ സഖ്യം സാധ്യമാക്കിയത്. എല്ലാ ചരിത്രവും വർത്തമാനകാലത്തിലെ വീക്ഷണങ്ങളാണെന്ന ഫൂക്കോൾ ഡിയൻ

സിദ്ധാന്തത്തെ സാധൂകരിക്കുന്നതായിരുന്നു ഈ വീരഗാഥ ചരിത്രം. ദുഷ് പ്രവർത്തികളും, വില്ലത്തരവും മാത്രമായിരുന്നോ ചന്തു എന്ന ചേകവരുടെ ജീവിതത്തിലുണ്ടായിരുന്നതെന്നതിന്റെ ചരിത്ര പുനർവായന തന്നെയായിരുന്നു ഈ ചലച്ചിത്രം. വിധേയത്വത്തിന്റെയും, വീരാരാധനയുടെയും പശ്ചാത്തലത്തിൽ രചിക്കപ്പെട്ടതും, പാടി നടന്നതുമായ പാണരുടെ പാട്ടുകളുടെ പാഠ അപഗ്രഥനമാണ് ഈ ചലച്ചിത്രത്തിന്റെ രീതിശാസ്ത്രം. ഒരു നോട്ടത്തിൽ ആധാര പാട്ടുകളുടെ കൃത്യതയില്ലായ്മ സൃഷ്ടിച്ച വഴക്കലിൽത്തന്നെയാണ് ഈ ശക്തമായ പുനരാഖ്യാനം സാധ്യമായതും, ചലച്ചിത്ര ചരിത്രത്തിന്റെ രസതന്ത്രം വിജയിച്ചതും.

### പഴശ്ശി കുതിരപ്പുറത്തോ?

ചരിത്ര സിനിമയിൽ ചില കണ്ടുപിടുത്തങ്ങൾ, ശരിയായും, തെറ്റായും നടക്കാറുണ്ടെന്ന് സിനിമാ ചരിത്രകാരൻ റോബർട്ട് റോസൻസ്റ്റൺ അഭിപ്രായപ്പെടുന്നുണ്ട്; ചരിത്ര സന്ദർഭത്തിന് ഉചിതമായ ചില സീനുകൾ തിരക്കഥയിൽ കൂട്ടിച്ചേർത്താൽ അതു ശരിയായ കണ്ടുപിടുത്തവും, യാതൊരു അടിസ്ഥാനമില്ലാത്ത കൂട്ടിചേർക്കൽ തെറ്റായ കണ്ടുപിടുത്തവുമാകും. പഴശ്ശി കുതിരപ്പുറത്ത് കയറി യുദ്ധം ചെയ്തിട്ടില്ല, മമ്മൂട്ടിയേപ്പോലെ സുന്ദരനായിരുന്നില്ല, ആഭരണമണിഞ്ഞിരുന്നില്ല എന്നൊക്കെയുള്ള വാസ്തവവിരുദ്ധമായ ആവിഷ്കാരം സിനിമയിൽ ചെയ്തിരിക്കുന്നു എന്ന് ആക്ഷേപിക്കുന്നവരുണ്ട്. കമ്പനി വിരുദ്ധ സമരങ്ങൾ നടത്തുന്ന നാട്ടു രാജാവിന്റെ വീരത്വം ഊട്ടിയുറപ്പിച്ചു മാത്രമേ സിനിമയ്ക്ക് മുന്നോട്ടു പോകുവാൻ പറ്റൂ. കമ്പനിക്കെതിരെ യുദ്ധം നടത്തുന്ന നാട്ടുരാജാവിന്റെ വീരത്വം സ്ക്രീനിൽ ഉറപ്പിക്കുന്നതിനായിട്ടാണ് ഈ കണ്ടുപിടുത്തങ്ങൾ നടത്തിയിരിക്കുന്നത്. ചരിത്ര സംഭവത്തിന്റെ കേന്ദ്ര ബിന്ദുവിൽ നിന്നും തെന്നി മാറാതെ ഇത്തരം ചില സിനിമാറ്റിക് ഭാവനകൾ വരുത്തുന്നത്, സ്ക്രീനിൽ കാണുന്ന ചരിത്രത്തിന്റെ വിശ്വാസ്യത കൂട്ടുവാനാണെന്ന് നാതാലി സീമോൺ ഡേവിസ് വാദിക്കുന്നുണ്ട്. സ്ക്രീനിലെ ചരിത്രത്തിന് വിശ്വാസ്യത കൂട്ടാൻ കൽപ്പനാസൃഷ്ടമായ ചില ഇടപെടലുകൾ നടത്തുന്നതിൽ തെറ്റില്ല. പഴശ്ശിരാജ സിനിമയിൽ ഇതു സംഭവിക്കുന്നത് ഇത്തരത്തിലുള്ള ദൈനംദിന ജീവിതത്തെക്കുറിച്ചുള്ള ചരിത്ര ദത്തങ്ങളുടെ കുറവുമൂലമാണ്. പഴശ്ശിയുടെ ശരീരവർണ്ണന തന്നെ ആകെയൊരു കമ്പനി റിപ്പോർട്ടിനെ അടിസ്ഥാനപ്പെട്ടു നിൽക്കുന്നു. അതിൽ പറയുന്നതാകട്ടെ പഴശ്ശി ഒരു കുരങ്ങനെപ്പോലെ ആയിരുന്നു എന്നാണ്. ജനപ്രിയ ചരിത്ര സിനിമയിൽ സ്വർഗ്ഗീയ താര ശരീരത്തിലേക്ക് (Body of the Celestial Star) പഴശ്ശി വരുന്നത്, ദേശത്തിന്റെ പൊതുബോധത്തിൽ അദ്ദേഹം വീരനും സുന്ദരനുമാകയാലാണ്. കമ്പനി റിപ്പോർട്ടിന്റെ വിശ്വാസ്യതയെ ചരിത്ര സിനിമയിൽ ചോദ്യം ചെയ്തു എന്നും പറയാം, അതല്ലേ ശാസ്ത്രീയ ചരിത്രം. ഇതിനുമപ്പുറത്ത്, ചലച്ചിത്രങ്ങളുടെ ഉത്ഖനനങ്ങൾ (Excavation of Films) വഴി, ദേശത്തിന്റെയും പ്രദേശത്തിന്റെയും ഭൗതീക ചരിത്രങ്ങളെ പുനർനിർമ്മിക്കുവാൻ ചരിത്രകാരന്മാർക്ക് സാധിക്കും. പഴയ കാല ചന്തകളും, പട്ടണങ്ങളും,കെട്ടിടങ്ങളും, ചായക്കടകളും, വാഹനങ്ങളും, വയലും തെങ്ങിൻ തോപ്പുകളുമൊക്കെ ഈ ഉത്ഖനനത്തിൽ തെളിഞ്ഞു വരും, കൂടെ സാമൂഹിക ചരിത്രവും.

### ദൈനം ദിന ലോകത്തിന്റെ ചരിത്രം

ചലച്ചിത്രങ്ങൾ സാമൂഹിക ജീവിതത്തെ ഒപ്പിയെടുക്കുന്ന ചരിത്ര രേഖകളാണെന്ന് നമ്മൾ കണ്ടു കഴിഞ്ഞു. ഒരു കാലഘട്ടത്തിന്റെ ജീവ ലോകത്തെ, ജീവനുള്ളതും ഇല്ലാത്തതുമായവയെ, ചലിപ്പിച്ച് കഥ പറയുന്ന രീതിയാണ് ചലച്ചിത്രത്തിൻ്റേത്. നടീനടന്മാർക്കൊപ്പം, ഭൗതിക വസ്തുവകകളും ചലനാത്മകത കൈവരിക്കുകയും, സാമൂഹിക ജീവിതത്തിന്റെ ജീവനും തുടിപ്പും പ്രേക്ഷകർക്കു മുമ്പിൽ പ്രദർശിപ്പി






ക്കുകയുമാണ് ചലച്ചിത്രങ്ങൾ ചെയ്യുന്നത്. കസേരയും, കട്ടിലും, തെങ്ങും, നദിയും, വസ്ത്രങ്ങളുമൊക്കെ മനുഷ്യർക്കൊപ്പം മാനവ സംസ്കാരത്തിന്റെ ഭാഗമായിത്തീരുകയാണ് ചലച്ചിത്രങ്ങളിൽ, അഭിനേതാക്കൾ തന്നെയെന്ന വേണമെങ്കിൽ നിരീക്ഷിക്കാം. ഇവയൊക്കെ, പുരാവസ്തുക്കളായി, മ്യൂസിയങ്ങളിൽ സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും, യഥാർത്ഥ സാമൂഹിക ലോകത്തിൽ ഈ ഭൗതീക വസ്തുക്കൾ അവയുടെ ഉപയോഗം വഴി സൃഷ്ടിച്ചെടുത്ത ചലനാത്മകത അനുഭവിക്കുവാൻ കാഴ്ചക്കാർക്കു സാധിക്കുന്നില്ല. അതിനാൽത്തന്നെയാണ് മ്യൂസിയങ്ങളിൽ ഇപ്പോൾ ഡോക്കുമെൻററി വീഡിയോകൾ, പുരാവസ്തുക്കൾക്കൊപ്പം പ്രദർശിപ്പിക്കുന്നത്. സാധാരണയായി കേരളത്തിലെ മ്യൂസിയങ്ങളിൽ കാണാറുള്ള മഹാശിലാ കാലത്തിലെ നന്നങ്ങാടികൾ (Historical Burial Urns), ഏതെങ്കിലും ആർക്കിയോളജക്കിൽ സിനിമയിൽ, കഥ പറച്ചിലിന്റെ ഭാഗമായി വരുമ്പോൾ, മരിച്ച വ്യക്തിയുടെ അസ്ഥികളും, ചിതാഭസ്മവും ഇടുന്ന സീനുകൾ കാണികൾക്കിടയിലുണ്ടാക്കുന്ന അനുഭവതീവ്രത, മ്യൂസിയങ്ങൾക്കു സൃഷ്ടിക്കുവാൻ കഴിയില്ല. ഇത് സാധ്യമാക്കുന്ന പഴയ കാല ചലച്ചിത്രങ്ങൾ വികാര ലോകത്തെ പ്രകാശിപ്പിക്കുന്ന മ്യൂസിയങ്ങൾ തന്നെയാണ്, ജീവനുള്ള ചലിക്കുന്ന സാമൂഹിക ലോകത്തിന്റെ മ്യൂസിയങ്ങൾ.

## 1977 ലെ സുജാത മ്യൂസിയം

1977 ൽ ഹരിഹരന്റെ സംവിധാനത്തിൽ ഗൃഹലക്ഷ്മി നിർമ്മാണ കമ്പനിയുടെ ബാനറിൽ പുറത്തിറങ്ങിയ ചിത്രമാണ് സുജാത. സുജാതയെ മാത്രം അടിസ്ഥാനപ്പെടുത്തി, മലയാള സിനിമയുടെ ഒരു ആർക്കിയോളജിക്കൽ വായനയാണ് ഇവിടെ ശ്രമിക്കുന്നത്. ഇത് ഉത്ഖനനത്തിന്റെ ആർക്കിയോളജിയല്ല, മറിച്ച് മിഷേൽ ഫൂക്കോയുടെ സൈദ്ധാന്തിക പിൻബലത്തിലുള്ള ആർക്കിയോളജിക്കൽ വായനയാണ്. കുഴിച്ചെടുക്കാതെ തന്നെ, 1970 കളിലെ സാമൂഹിക ലോകത്തെ അതേ അവസ്ഥയിൽത്തന്നെ അപഗ്രഥന വിധേയമാക്കുന്ന രീതി ശാസ്ത്രം. സുജാതയ്ക്കൊപ്പം, 1970 കളിലെ മറ്റു ചലച്ചിത്രങ്ങളും കൂട്ടി വായിച്ചാൽ സാമൂഹിക ചരിത്രത്തിന്റെ വിശാല ലോകം നമുക്കു മുന്നിൽ തെളിഞ്ഞു വരുന്നതു കാണാൻ സാധിക്കും. ഒരു പാവപ്പെട്ട വീട്ടിലെ സുജാതയെ, പണക്കാരനായ നായകൻ പ്രേമിക്കുന്നതിനും, ജീവിത സഖിയാക്കുന്നതിനും, സാക്ഷിയാകുന്ന ഭൗതീക ലോകത്തെ സ്പഷ്ടമായി വരച്ചു കാണിക്കുന്ന ചലച്ചിത്രമാണ് സുജാത. പ്രേംനസീറിനും, ജയഭാരതിക്കും, കെ.പി ഉമ്മറിനുമൊക്കെ ഈ ഭൗതിക സംവിധാനത്തിന്റെ അഭാവത്തിൽ എങ്ങനെയാണ് തങ്ങളുടെ വേഷങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുക? പ്രേംനസീറിന്റെ കറുപ്പും വെളുപ്പും ഇടകലർന്നു നിൽക്കുന്ന പുള്ളിക്കളങ്ങളുള്ള ഷർട്ടുകളും, ജയഭാരതിയുടെ നൈലോൺ പുള്ളി സാരികളും, ചുറ്റുമുള്ള മരങ്ങളും, പൂക്കളുമൊക്കെയില്ലാതെ പ്രണയ സന്ദർഭത്തെ എങ്ങനെ ചിത്രീകരിക്കാൻ സാധിക്കും? ഈ വസ്തുവകകളൊക്കെ കൂടുമ്പോഴാണ് പ്രണയ ലോകം സാമൂഹിക ജീവിതത്തിലും സാധ്യമാകുന്നത്.

## കസേരയും കലണ്ടറും ചരിത്രത്തിലേക്ക്

പാവപ്പെട്ടവന്റെയും പണക്കാരന്റെയും ഭവന രൂപ സംവിധാനങ്ങൾ സുജാത വരച്ചുകാട്ടുന്നുണ്ട്. റാന്തൽ വിളക്ക തൂക്കിയിട്ടിരിക്കുന്ന നായികയുടെ ഭവനം, വൈദ്യുതിയെത്താത്ത 70 കളിലെ ഭവനങ്ങളെയാണ് സൂചിപ്പിക്കുന്നത്. ഓല മേഞ്ഞ വീട്ടം, പട്ടിക കഷണങ്ങൾ കോണോട്ടുകോൺചേർത്ത് നിർമ്മിച്ച ചെറിയ ഗെയിററും, വരാന്തയിലെ കസേരയും, സ്വീകരണമുറിയിലെ വളരെ പരിമിതമായ ഫർണീച്ചറുകളുമൊക്കെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കേരളത്തിലെ സാമൂഹിക വിഭാഗത്തെയാണ് സൂചിപ്പിക്കുന്നത്. സുജാതയുടെ പണക്കാരിയായ കൂട്ടുകാരിയുടെ വീട്ടിലേക്ക് ക്യാമറ ചലിക്കുമ്പോൾ, മധ്യവർഗ്ഗത്തിന്റെ വീട്ടം, രൂപകല്പനയുമാണ് പ്രേക്ഷകൻ കാണുന്നത്. സൂട്ടും, ടൈയും കെട്ടിയ അച്ഛനും, സൊസൈറ്റി ലേഡിയെപ്പോലെ അണിഞ്ഞൊരുങ്ങിയ അമ്മയും, സ്വീകരണമുറിയിലെ നവീന ഇരിപ്പിടങ്ങളും , പുതിയ ലൈറ്റ് ഫിറ്റിംഗുകളുമൊക്കെ കാണുവാൻ സാധിക്കും. ഒരുപടി കൂടിക്കടന്ന നായകന്റെ അമ്മാവന്റെ ഭവനം 70 കളിലെ ബംഗ്ലാവുകളെ സൂചിപ്പിക്കുന്നു. വലിയ കോവണിപ്പടികൾ, ആർച്ചുകൾ, ആഡംബര കസേരകൾ, വില കൂടിയ വലിയ വൈദ്യുത തൂക്കുവിളക്കുകൾ, ഫ്രെഞ്ച് ജനാലകളും, ഭംഗിയുള്ള കർട്ടനുകളുമൊക്കെ പ്രേക്ഷകരെ അന്ധാളിപ്പിച്ചിരുത്തുന്നു. ഈ വീടിന്റെ സ്വീകരണമുറിയിലിരുന്നു സംസാരിക്കുന്ന അതിഥികളുടെ ആശ്ചര്യവും അദ്ഭുതവുമൊക്കെത്തന്നെയാണ് വലിയ പണക്കാരന്റെ ആഢ്യത്വം ഉറപ്പിക്കുന്ന സിനിമാ സന്ദർഭങ്ങൾ. വലിയ പണക്കാരന്റെ അനന്തരവനെ തങ്ങളുടെ മകൾക്ക് വിവാഹം കഴിച്ചു തരുമെന്ന വാദ്ഗാനം കേൾക്കുന്ന പെൺകുട്ടിയുടെ മാതാപിതാക്കളുടെ അമ്പരപ്പിന് അനുകൂല ഘടകമായിട്ടാണ് ഈ വിശാല സ്വീകരണമുറി ചലച്ചിത്രത്തിൽ ദൃശ്യവൽക്കരിച്ചിരിക്കുന്നത്. പണക്കാരന്റെ സ്വീകരണ മുറിയുടെ പ്രൗഢി യഥാർത്ഥ ജീവിതത്തിലനുഭവിക്കുന്നവരായി പ്രേക്ഷകക്കൂട്ടവും മാറുകയാണിവിടെ, സുജാതയിൽ. കസേരക്കും, കർട്ടനും, വിളക്കുകൾക്കുമൊക്കെ സാമൂഹിക അർത്ഥം കൈവരുന്നതും ഈ ചലച്ചിത്ര മ്യൂസിയത്തിൽത്തന്നെയാണ്.

കേരളത്തിലെ 70 കളിലെ ഓഫീസ് സുജാതയിലെ മറ്റൊരു പുരാവസ്തു സമുച്ചയം തന്നെയാണ്. സ്റ്റീൽ ഫർണീച്ചറുകളായ കസേര, മേശ, അലമാര എന്നിവയുടെ സാന്നിധ്യം സുജാതയിൽ കാണാം. ബോസിന്റെ മുറിയിലെ കറങ്ങുന്ന കസേരയും, രണ്ടു ടെലിഫോണുകളും (ഒന്നു കറുപ്പു നിറത്തിലും മറ്റൊന്ന് വെളുത്തതും) ചുവർ ചിത്രങ്ങളും മാറുന്ന ഓഫീസ് രൂപകല്പനയ്ക്ക് ഉദാഹരണമാണ്. വലിയ ടിഫിൻ ബോക്സിൽ ബോസിനു ഉച്ചയൂണുമായി വരുന്ന ഭൃത്യൻ 70 കളിലെ ഒരു കാഴ്ച തന്നെയായിരുന്നു. മുതലാളിയും കൊച്ചുമുതലാളിയും ഓഫീസിലേക്കു വരുമ്പോൾ ജീവനക്കാരുടെ മുഖത്തു വിരിയുന്ന ആദരവും, വിധേയത്വവും ഓഫീസുകളുടെ ചരിത്രത്തിന്റെ തന്നെ ഭാഗമാണ്. മറ്റൊന്ന്, ഓഫീസിലെ പട്ടരുടെ സാന്നിധ്യം തന്നെയാണ്. സംഭാഷണത്തിലും, നോട്ടത്തിലും, കാഴ്ചയിലും വ്യത്യസ്തരായിരുന്ന തമിഴ് ബ്രാഹ്മണർ ഒരു കാലത്ത് ഓഫീസുകളിലെ പ്രധാന അധികാര കേന്ദ്രങ്ങളും, പിന്നീട് ഏതാണ്ട് ബഫൂണുകളുമായി മാറുന്നതും 70 ലെ ചലച്ചിത്രങ്ങൾ കാട്ടിത്തരുന്നുണ്ട്. സുജാതയിലെ ഓഫീസ് പട്ടരും ഇത്തരത്തിലുള്ള ഒരു പുരാവസ്തു തന്നെയാണ്. ഓഫീസിലെ മുറിയുടെ ചുവരിൽ കാണുന്ന നെടുങ്ങാടി ബാങ്കിന്റെ കലണ്ടർ, കേരളത്തിലെ ആദ്യ സ്വകാര്യ ബാങ്കിന്റെ 70 ലെ സാന്നിധ്യമാണറിയിക്കുന്നത്. കേരളത്തിന്റെ ബാങ്കിംഗ് മേഖലയിലെ സജീവ സാന്നിധ്യമായിരുന്ന നെടുങ്ങാടി ബാങ്ക് 2003ലാണ് പഞ്ചാബ് നാഷണൽ ബാങ്കിൽ ലയിക്കുന്നത്.

സുജാതയിലെ മിക്ക റോഡുകളും ടാറിടാത്തതു തന്നെയാണ്. ഈ കാലഘട്ടത്തിലെ കേരളത്തിലെ റോഡുകളിലൂടെ പൊടിപടലങ്ങൾ സൃഷ്ടിച്ച് വാഹനങ്ങൾ പോകുന്നത് നിത്യ കാഴ്ചയായിരുന്നു. ലാമ്പട സ്കൂട്ടർ, എൻഫീൽഡ് ബുള്ളറ്റ്, അംബാസഡർ, ഫിയറ്റ് കാറുകൾ, 70 ലെ ലോറികൾ എന്നിവ ചലച്ചിത്രത്തിൽ നാം കാണുന്നു. വലിയ മുതലാളിയുടെ ബെൻസ് കാർ സമ്പന്നരുടെ പ്രൗഢിയുടെ മൂർത്തഭാവമായിത്തന്നെയാണ് സിനിമയിൽ രംഗ പ്രവേശം ചെയ്യുന്നത്. വലിയ മുതലാളിയുടെ അനന്തരവനുമായുള്ള വിവാഹത്തിനു താല്പര്യം പ്രകടിപ്പിക്കാത്ത ഉപനായി കയോട് അവളുടെ അഛൻ ചോദിക്കുന്നുണ്ട്, ഈ കാറിന്റെ വിലയും, ഇതിൽ കയറുന്ന ആളുടെ നിലയും അറിയുമോ എന്ന്. ബെൻസ് കാറിന്റെ രെജിസ്ട്രേഷൻ നമ്പർ വരെ പ്രധാന സംഭാഷണ വിഷയമാകുന്നുണ്ട് തുടർന്ന്. സമ്പന്നതയുടെ ചിഹ്നമായ ബെൻസ് കാറിന്റെ ആധികാരിത ഉറപ്പിക്കുന്നതിലൂടെ, വലിയ മുതലാളിയോടുള്ള വിധേയത്വമാണ് ഇവിടെ പ്രകടമാകുന്നത്. ഹെറിറ്റേജ് കാർ കളക്ഷനിൽ കിടക്കുന്ന ബെൻസ് കാർ ഒരു കൗതുകവസ്തു മാത്രമാണെന്നതും നാം ചിന്തിക്കണം. ചിത്രത്തിലെ വില്ലനും, നായകനുമായുള്ള ആദ്യ കണ്ടുമുട്ടലിലും കാറുകളുടെ പ്രത്യേക സാന്നിധ്യം ഉറപ്പിക്കുന്നുണ്ട്. ബെൻസ് കാറിൽ വരുന്ന നായികയേയും നായകനേയും ഫീയറ്റ് കാർ വിലങ്ങിയാണ് പ്രതിനായകൻ ചെറുക്കുന്നത്. നായകന്റെ പ്രൗഢിയും വീരത്വവും ബെൻസ് കാർ ഉറപ്പിക്കുകയും, സംഘട്ടനത്തിൽ വിജയിച്ചു വരുന്ന നായകനും നായികയും അതിൽ കയറി അഭിമാനത്തോടെ യാത്ര തുടരുകയും ചെയ്യുന്നു. ബെൻസിനു മുന്നിൽ തോറ്റ ഫിയറ്റ്, നായകനു മുന്നിൽ തോറ്റു തുന്നം പാടിയ വില്ലനായി മാറുന്ന അവസ്ഥ സിനിമയിൽ സംഭവിക്കുന്നു. നായകനും വില്ലനുമൊപ്പം , ബെൻസും ഫീയറ്റും സാമൂഹിക ലോകത്തിലെ കൂട്ടാളികളായി മാറുകയാണ് സുജാതയിൽ. കഥാന്ത്യത്തിൽ നായികയെ തട്ടിക്കൊണ്ടു പോകുന്നത് ഒരു തുറന്ന ജീപ്പിലാണ്. ഇവിടെയാകട്ടെ നായകൻ രക്ഷകനായിട്ടെത്തുന്നത് അംബാസഡറിലും.

## സമ്പന്നതയുടെ രുചിക്കൂട്ടുകൾ

സമ്പന്നരുടെ ഭവനത്തിലെ പ്രഭാത ഭക്ഷണ വേളയിൽ ഫോർക്കും, കത്തിയുമുപയോഗിച്ചാണ് ആഹാരം കഴിക്കുന്നത്. അവരുടെ അടുക്ക

ളയിലെ വലിയ ഫ്രിഡ്ജും ഹീറ്റർ സംവിധാനങ്ങളുമൊക്കെ സുജാതയുടെ ക്യാമറയിൽ പതിയുന്നുണ്ട്. അനന്തരവന്റെ പിറന്നാൾ ആഘോഷത്തിനുള്ള വിഭവങ്ങളുടെ ലിസ്റ്റ് 70 ലെ പ്രേക്ഷകരെ ആശ്ചര്യപ്പെടുത്തിയിരിക്കണം. ചിക്കൺ കോൺസൂപ്പ്, ഡ്രൈ ഫിഷ്, ചൈനീസ്ചില്ലി ചിക്കൺ, ബട്ടർ ചിക്കൺ, ചിക്കൺ 69, പ്രോൺസ് നൂഡിൽസ്, പുഡ്ഡിംഗ് എന്നിവയാണ് അദ്ഭുതവിഭവങ്ങൾ. ആഹാര വിഭവങ്ങളുടെ കൂട്ടത്തിലേക്ക്, കടന്നുവന്ന മധുര പലഹാരമായ പുഡ്ഡിംഗ് വളരെക്കാലത്തിനു ശേഷമാണ് സാധാരണക്കാരുടെ ഇടയിൽ പ്രചാരത്തിലെത്തുന്നത്. കേട്ടുകേൾവി പോലുമില്ലാത്ത വിഭവങ്ങൾ സൂചിപ്പിക്കുന്നത്, ഒരു അതിസമ്പന്ന ബിസിനസ്സ് വർഗ്ഗത്തിന്റെ കേരളത്തിലെ ആവിർഭാവം തന്നെയാണ്. ഈ കാലഘട്ടത്തിൽ അതിസമ്പന്ന വർഗ്ഗത്തിന്റെ രുചി ബോധങ്ങളിലേക്ക് ചൈനീസ് വിഭവങ്ങളെത്തിയിരുന്ന കാലഘട്ടമായിരുന്നു അത്. ഉച്ചയൂണിന് വിഭവങ്ങൾ നിറച്ചടുക്കിയ ടിഫിൻ ബോക്സുകൾ നിത്യേന സമ്പന്ന വർഗ്ഗങ്ങളുടെ ആഹാര ക്രമത്തിലേക്കുള്ള സൂചകമാണ്. ചിത്രത്തിന്റെ തുടക്കത്തിൽ വർക്ക്ഷോപ്പ് ജീവനക്കാരനായ അച്ഛന് ഒരു ചെറിയ ടിഫിൻ ബോക്സിൽ ഉച്ചയൂണുമായി ചെല്ലുന്ന നായികയെ നാം കാണുന്നുമുണ്ട്. സാമ്പത്തിക അന്തരവും, അസമത്വവും പ്രകടമാകുന്ന സീനുകൾ സിനിമയിലുള്ളപ്പോൾ തന്നെ, നെഹ്റുവിന്റെയും, ടാഗോറിന്റെയും ഛായാചിത്രങ്ങൾ പണക്കാരന്റെയും പാവപ്പെട്ടവന്റെയും ഭവനത്തിലെ ചുമർഭിത്തികളിൽ തൂക്കിയിട്ടിരുന്നു. 70 കളിലെ ദേശരാഷ്ട്ര ബോധ നിർമ്മിതിയിൽ ഈ ചിത്രങ്ങൾ വഹിച്ച പങ്ക് ചെറുതൊന്നുമല്ല.

## സംഭാഷണങ്ങളുടെ ആർക്കൈവ്സ്

സുജാതയിലെ സംഭാഷണങ്ങളിലെല്ലാം തന്നെ എഴുപതുകളിൽ സാമൂഹിക ശ്രേണിയിലെ പ്രബല വർഗ്ഗമായി വലിയ കച്ചവടക്കാർ ഉയരുന്നതിനെ സൂചിപ്പിക്കുന്നുണ്ട്. അനന്തരന് വിവാഹമാലോചിക്കുമ്പോൾ,



അതിസമ്പന്നനായ അമ്മാവൻ പറയുന്നവരിൽ ആദ്യ വർഗ്ഗം ബിസിനസ്സുകാർ തന്നെയാണ്. അതിനു തൊട്ടു താഴെയായി എസ്റ്റേറ്റ് ഉടമകൾ വരുമ്പോൾ, മൂന്നാം ഗണത്തിൽ മാത്രമാണ് ഐ.എ.എസ്, ഐ.പി.എസ്സുകാർ വരുന്നത്. ഈ സംഭാഷണം സൂചിപ്പിക്കുന്നത് 70 കളിലെ കുതിച്ചുയർന്ന കച്ചവട രംഗത്തെ തന്നെയാണ്. മുന്തിയ കാറുകളും, വലിയ സവിധങ്ങളും, ക്ലബ് ജീവിതവും (ബെൻസ് കാറിനു പിറകിലെ ലയൺസ് ക്ലബ് ലേബൽ ഒരു സൂചകമാണ്), ടെന്നീസ് കളിയുമൊക്കെ കേരളത്തിന്റെ മാറുന്ന സാമൂഹിക സംസ്കാരത്തെയാണ് സൂചിപ്പിക്കുന്നത്.

## വരുകാല റോബോട്ടിക് ചരിത്രങ്ങൾ

സാങ്കേതിക സംവിധാനങ്ങൾ അധികാരിയായി മാറിയിരുക്കുന്ന സാമൂഹികതയിൽ ചരിത്ര ഗവേഷണവും, അധ്യാപനവും നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെടുമെന്നതിൽ സംശയമില്ല. ആർക്കൈവുകളിലും, ആർക്കിയോളജിക്കൽ സൈറ്റുകളിലുമൊക്കെ റോബോട്ടുകൾ ചരിത്രദത്തങ്ങൾ കണ്ടെത്തി വാഖ്യാനിക്കുന്നത് നോർമ്മലായി മാറുന്ന ഒരു കാഴ്ചയായിരിക്കും ഭാവിയിൽ ദർശിക്കുന്നത്. വായിക്കാൻ സാധിക്കാത്ത ശാസനങ്ങളും , മറ്റു രേഖകളും വായിച്ച് അപഗ്രഥിക്കുവാൻ റോബോട്ടുകൾക്ക് സാധിക്കും. അത്തരത്തിലുള്ള പ്രോജക്ടുകൾ ഇന്ന് പാശ്ചാത്യ സർവകലാശാലകളിൽ നിലവിലുണ്ട്. ഹോമോ ദ്യൂസിൽ ഹരാരി സൂചിപ്പിക്കുന്ന ഉപയോഗശൂന്യനായ മനുഷ്യനിലേക്കുള്ള യാത്രയിൽ റോബോട്ടുകൾ ചരിത്രകാരാകുന്നത് യാദൃശ്ചികമാകാം. ജെയിംസ് മിൽ സൃഷ്ടിച്ചു വച്ചിരിക്കുന്ന ത്രികോണ വർഗ്ഗീയ ചരിത്ര മാതൃകകൾ ചലച്ചിത്രാവിഷ്ക്കാരങ്ങളിലൂടെ വർഗ്ഗീയ ചരിത്രത്തെ സാധാരണവൽക്കരിക്കുന്ന കാലഘട്ടത്തിലേക്കു ഇന്ത്യയും കടക്കും. ഇതിനെ പ്രതിരോധിക്കുവാൻ വിശാലമായ ചലച്ചിത ആർക്കൈവ്സിലെ ചലിക്കുന്ന ചരിത്രങ്ങൾക്കാവുമെന്നത് അവിതർക്കിതമായ വിഷയമാണ്. സാധാരണ മനുഷ്യരുടെ ദൈനംദിന ജീവലോകത്തെ ഡോക്കുമെന്റ് ചെയ്തിട്ടുള്ള ചലച്ചിതങ്ങൾ വൈവിധ്യ സംസ്കാരങ്ങളെയും കാഴ്ച്പ്പാടുകളെയും ചലിപ്പിക്കുന്ന ചരിത്ര മ്യൂസിയങ്ങളായി നമ്മുക്കുമുന്നിലുണ്ട്. സർവകലാശാലകളുടെ ചരിത്ര സിലബസ് ഇനിയെങ്കിലും അങ്ങോട്ടു തിരിച്ചു വയ്ക്കേണ്ടതുണ്ട് , പ്രത്യേകിച്ചും ഈ ദ്രാവക ആധുനികലോകത്തിൽ.

ദ്രവ്യം മനുഷ്യനെ എങ്ങനെ തന്ത്രപരമായി കളിപ്പിക്കുന്നു എന്നത് തെളിയിക്കാൻ കഴിവുള്ള ആദ്യത്തെ കലാരൂപമാണ് സിനിമയെന്ന വാൾട്ടർ ബന്യാമന്റെ വാക്കുകൾ ചരിത്ര സിലബസിലേക്ക് ചലച്ചിതങ്ങൾ വരേണ്ടതിന്റെ ആവശ്യകതയെയും സൂചിപ്പിക്കുന്നുണ്ട്.

**അനിൽ വർമ്മ ആർ.**
സാമൂതിരി ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്

# സമകാലിക ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക അവസ്ഥ : പരകാല പ്രഭാകരന്റെ പുസ്തകത്തെ മുൻനിർത്തി ഒരു അന്വേഷണം

പ്രമുഖ സാമൂഹിക ശാസ്ത്രജ്ഞൻ ശ്രീ പ്രഭാത് പട്നായിക്, സോഷ്യൽ സൈന്റിസ്റ്റിൽ എഴുതിയ ഒരു ലേഖനത്തിൽ (2013) ഇന്ത്യ നേരിടുന്ന സാമൂഹിക പ്രതിവിപ്ലവത്തിന്റെ ഭീഷണിയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1931 ലെ കറാച്ചി സമ്മേളനം മുതൽ ഇന്ത്യൻ ഭരണഘടനയുടെ അനാച്ഛാദനം വരെയുള്ള കാലയളവ് ഇന്ത്യയെ സംബന്ധിച്ച് വിപുലമായ ഒരു സാമൂഹിക വിപ്ലവം നടന്ന കാലയളവാണ് എന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞ സാർവ്വദേശീയ സ്വയം നിർണ്ണയ അവകാശത്തിന്റെ സ്ഥാപന വത്കരണം, മതേതര രാഷ്ട്ര സങ്കൽപം, ശാസ്ത്രചിന്തയുടെ വ്യാപനം, സാമ്പത്തിക പുരോഗതിക്കുള്ള വിഭവങ്ങളുടെ പൊതു ഉടമസ്ഥത ഉറപ്പുവരുത്താനുള്ള സ്ഥാപന സംവിധാനം, സുപ്രധാന രംഗങ്ങളിൽ വിദേശ മൂലധന കടന്നുകയറ്റത്തെ ചെറുത്ത് അപകോളനീകരണം ത്വരിതമാക്കാൻ ഉതകുന്ന രീതിയിൽ സ്വീകരിച്ച നടപടികൾ എന്നിങ്ങനെ ഈ സാമൂഹിക വിപ്ലവ പ്രക്രിയയുടെ ഫലങ്ങൾ അനവധി ആണ്. പ്രഭാത് ലേഖനം എഴുതുമ്പോൾ ഇന്ത്യയിൽ മോഡി സർക്കാർ അധികാരത്തിൽ എത്തിയിട്ടില്ല. 2014 ൽ അധികാരമേറിയതിന് ശേഷം ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഉരുത്തിരിഞ്ഞു വന്ന മതനിരപേക്ഷത, സ്ഥിതിസമത്വവാദം എന്നിവയോടും അത് സംരക്ഷിക്കുന്ന ഭരണഘടനയോടും ഉള്ള വിപ്രതിപത്തി മോഡി സർക്കാർ പലപ്പോഴായി പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിഹാസങ്ങളിലെയും പുരാണങ്ങളിലെയും മിത്തുകൾ അവലംബിച്ച് അന്നു തന്നെ ഇന്ത്യയിൽ ഇന്ന് ആധുനിക ശാസ്ത്രം നൽകുന്ന അറിവുകൾ ഉണ്ടായിരുന്നു എന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്.

സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം, അൻപതുകളിൽ ഇന്ത്യയിലെ ഭൂവുടമ – വൻകിട കർഷക മുതലാളിത്തം ഫ്യൂഡൽ വ്യവസ്ഥയിൽ രാജ്യത്തെ ഉറപ്പിച്ചു നിർത്തുന്നതിനാവശ്യമായ ഒരു മുതലാളിത്ത വ്യവസ്ഥിതിയുടെ നിർമാണത്തിന് എല്ലാ ഒത്താശയും നൽകി. അറുപതുകളുടെ അവസാനവും എഴുപതുകളുടെ ആദ്യവും പ്രഖ്യാപിപ്പിക്കപ്പെട്ട ബാങ്ക് ദേശസാത്കരണം ഉയർത്തിയ പുരോഗനാത്മക ശുഭ സൂചനകൾ അടിയന്തിരാവസ്ഥയോടെ പരിപൂർണമായി കെട്ടടങ്ങി. 90 കളിൽ സർക്കാർ നേരിട്ട് ഇടപെടുന്ന സാമ്പത്തിക സംവിധാനത്തിൽ നിന്നും മാറി സ്വകാര്യ കമ്പോള ശക്തികൾക്ക് പ്രാമുഖ്യമുള്ള ഉദാരീകൃത സാമ്പത്തിക സംവിധാനത്തിലേക്ക് മാറിയതോടെ സ്വാതന്ത്ര്യത്തിന് മുൻപുതന്നെ നിലനിന്ന സാമൂഹിക പ്രതിവിപ്ലവ പ്രവർത്തനങ്ങൾ കൂടുതൽ ചടുലവും തീക്ഷ്ണവുമായി. ജനങ്ങളുടെ താത്പര്യം എന്ന പേരിൽ ഫൈനാൻസ് മൂലധനം രാജ്യ താൽപര്യങ്ങളെ മറികടന്ന് അതിന്റെ താൽപര്യങ്ങൾ നടപ്പിലാക്കുന്ന സ്ഥിതി സംജാതമായി. സാമ്പത്തിക നയ രൂപീകരണത്തിൽ, തിരഞ്ഞെടുക്കപ്പെട്ട

സർക്കാറുകൾക്ക് സ്വന്തം ജന താൽപര്യം നടപ്പിലാക്കാൻ കഴിയാത്ത വിധം ഫൈനാൻസ് മൂലധനം പിടി മുറുക്കിയിരിക്കുന്നു.

ഈ കാലയളവിലെല്ലാം ഇന്ത്യയുടെ സാമൂഹിക വിപ്ലവത്തെ ഒരു കാലത്തും അംഗീകരിക്കാത്ത, അതിന്റെ നിർവഹണത്തിൽ ഭാഗമാകാത്ത വർഗ്ഗീയ ശക്തികൾ രാജ്യത്ത് പ്രവർത്തിച്ചിരുന്നു. പാരമ്പര്യവും സങ്കുചിത ദേശീയതയും ശാസ്ത്ര വിരുദ്ധതയും തുടങ്ങി പ്രതിലോമ രാഷ്ട്രീയത്തിന്റെ പതാകവാഹകരായ ഈ വർഗ്ഗീയ ശക്തികൾക്ക് വലുതായൊന്നും രാജ്യത്ത് ചെയ്യാൻ സാധിച്ചിരുന്നില്ല. എന്നാൽ ചിട്ടയായ പ്രവർത്തനത്തിലൂടെ രാജ്യത്തെ പുരോഗമനാത്മക ജനാധിപത്യ ഭരണ സംവിധാനങ്ങളെ ദുർബലമാക്കി അധികാരത്തിലേറാൻ ഈ പ്രതിലോമ ശക്തികൾക്ക് സാധിച്ചു. അധികാരത്തിലേറിയ ശേഷം ഇന്ത്യൻ രാഷ്ട്രീയ സമ്പത്ത് വ്യവസ്ഥയിലും ജന ജീവിതത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്തി പ്രതി വിപ്ലവ പ്രവർത്തനത്തിന്റെ ഗതി വേഗം വർദ്ധിപ്പികുകയും ചെയ്തു.




സമകാലീന ഇന്ത്യ കടന്നുപോകുന്ന രാഷ്ട്രീയ സാമൂഹിക സാമ്പത്തിക പ്രതിവിപ്ലവ പ്രക്രിയയുടെ വ്യക്തമായ ചിത്രം നൽകുന്ന ലേഖന സമാഹാരമാണ് പരകാല പ്രഭാകരൻ 2019 – 2021 കാലയളവിൽ എഴുതി speaking tiger എന്ന പ്രസാധകർ പുറത്തിറക്കിയ "The Crooked Timber of New India. Essays on a Republic in Crisis". 2014 ൽ അധികാരത്തിലേറിയ മോഡി സർക്കാരിന്റെ നയങ്ങൾ ഇന്ത്യയുടെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ ഉണ്ടാക്കിയ മാറ്റത്തിന്റെ വിമർശനാത്മക വിലയിരുത്തലാണ് ലേഖന സമാഹാരം. സാമ്പത്തിക വിദഗ്ധൻ, പൊതു നയ രൂപീകരണ വിദഗ്ധൻ, കോർപ്പറേറ്റ് കൺസൾട്ടന്റ്, തിരഞ്ഞെടുപ്പ് വിശകലന വിദഗ്ധൻ, രാഷ്ട്രീയ പ്രവർത്തകൻ, എഴുത്തുകാരൻ, തെലുഗു സാഹിത്യ പണ്ഡിതൻ എന്നീ നിലകളിൽ അദ്ദേഹം പ്രശസ്തനാണ്. ജവഹർലാൽ നെഹ്റു സർവകലാശാലയിലെയും ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെയും പൂർവ്വ വിദ്യാർത്ഥി ആയിരുന്നു അദ്ദേഹം. “പതന കുതൂഹലം” എന്ന യൂട്യൂബ് ചാനലിലൂടെ തെലുഗു സാഹിത്യത്തെ സംബന്ധിച്ചും ആന്ധ്രാ പ്രദേശിന്റെ സാംസ്കാരിക പരിസരത്തെ സംബന്ധിച്ചും എഴുപതോളം എപ്പിസോഡുകൾ ആണ് അദ്ദേഹം അവതരിപ്പിച്ചിട്ടുള്ളത്. രാഷ്ട്രീയ കാര്യങ്ങൾ ചർച്ച ചെയ്യുന്ന “മിഡ് വീക്ക് മാറ്റേഴ്സ്” എന്ന ചാനലിലൂടെ അദ്ദേഹം രാജ്യത്തെ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക അവസ്ഥയെ സംബന്ധിച്ചും ഇന്ത്യയുടെ വികസനം, ജനാധിപത്യം, ജനങ്ങളുടെ ക്ഷേമം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചും അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. മുൻപ് പരാമർശിച്ച അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഒരിടത്ത് അദ്ദേഹം തന്റെ ഉദ്യമത്തെ ഇങ്ങനെ വിശദീകരിക്കുന്നു. "ഒട്ടും ലജ്ജയില്ലാതെയാണ് എന്റെ വിയോജനക്കുറിപ്പുകൾ ഞാൻ രേഖപ്പെടുത്തുന്നത്. എന്റെ ഉദ്യമം ലളിതവും കൃത്യമായ ലക്ഷ്യം ഉള്ളതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന നമ്മുടെ സർക്കാരുകൾ, റിപ്പബ്ലിക്കിന്റെ സ്ഥാപിതവും പ്രഖ്യാപിതവുമായ നയങ്ങളിൽ നിന്നും വ്യതിചലിക്കുമ്പോൾ, ജനങ്ങളോടുള്ള പ്രതിബദ്ധത മറക്കുമ്പോൾ അത് തെറ്റാണ് എന്ന് ചൂണ്ടിക്കാണിക്കുക എന്നുള്ളതാണ് എന്റെ ഉദ്യമം. അധികാര കേന്ദ്രങ്ങളോട് സത്യം വിളിച്ചു പറയാനുള്ള ശ്രമമാണ് ഞാൻ നടത്തുന്നത്."

"The Crooked Timber of New India. Essays on a Republic in Crisis" എന്ന പുസ്തകത്തിലെ 22 ലേഖനങ്ങളും പ്രഭാകരൻ സൂചിപ്പിച്ചതുപോലെ “അധികാര കേന്ദ്രത്തോട് സത്യം വിളിച്ചു പറയാൻ” ഉള്ള ശ്രമം ആയി വായനക്കാർക്ക് അനുഭവപ്പെടും. പ്രഭാകരന്റെ പുസ്തകം വായിക്കുമ്പോൾ ഇന്ത്യ കടന്നുപോകുന്ന സാമൂഹിക പ്രതിവിപ്ലവത്തിൽ മോഡി സർക്കാരിന്റെ പങ്ക് എന്താണെന്ന ബോധ്യമാകും. മേൽ സൂചിപ്പിച്ച പ്രതി വിപ്ലവ പ്രവർത്തനങ്ങളോട് ചേർന്നു നിലകുന്ന, നമ്മുടെ ഭരണഘടനാ മൂല്യങ്ങൾക്ക് വിരുദ്ധമായ നയങ്ങൾ ആണ് ഈ സർക്കാരിന്റെ അടിസ്ഥാന സ്വഭാവം എന്നു തിരിച്ചറിയാൻ സാധിക്കും. മോഡി സർക്കാരിന്റെ മതനിരപക്ഷതയോടുള്ള സമീപനം, എതിർപ്പുകളോടുള്ള ഫാസിസ്റ്റ് സമീപനം, വിശകലനത്തിന്റെ ശാസ്ത്രീയ രീതിയോടുള്ള എതിർപ്പ്, അപ്രായോഗികമായ പൊള്ളയായ വാഗ്ദാനങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായും അല്ലാതായും ജനങ്ങൾക്ക് നൽകുന്ന രീതി, ന്യൂനപക്ഷങ്ങളുടെ അന്യവത്കരണം, ചരിത്രത്തിന്റെ അപനിർമിതി, സ്വാഭാവിക സംഭവങ്ങളെ പതിന്മടങ്ങ് പെരുപ്പിച്ച് കാണിക്കലും വ്യക്തി പൂജ നടത്തുകയും ചെയ്യുന്നത്, അമിത അധികാര കേന്ദ്രീകരണം, പാരമ്പര്യം ഇതിഹാസം എന്നിവയോടുള്ള സമീപനം, ഇടുങ്ങിയ ദേശീയ വാദം, മതമൗലികവാദം, മാധ്യമ കോർപ്പറേറ്റ് ചങ്ങാത്ത മുതലാളിത്തത്തിന് നൽകുന്ന പിന്തുണ,



മികച്ച തിരഞ്ഞെടുപ്പ് തന്ത്രം, ജനങ്ങളുടെ ജീവൽ-പ്രശ്നങ്ങളോടുള്ള പിന്തിരിപ്പൻ സമീപനം തുടങ്ങിയ കാര്യങ്ങളാണ് പൊതുവായി പുസ്തകം ചർച്ച ചെയ്യുന്നത്. ഈ ഘടകങ്ങളെ മുൻനിർത്തി പ്രഭാകരന്റെ പുസ്തകത്തെ വായിക്കാനുള്ള ശ്രമമാണ് ഈ ലേഖനം.

### മതനിരപക്ഷതയോടുള്ള മനോഭാവം

ഇന്ത്യയുടെ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ 'ഇന്ത്യ ഒരു മതനിരപേക്ഷത റിപ്പബ്ലിക് ആയിരിക്കും' എന്ന വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ ഇന്ത്യയുടെ മതനിരപേക്ഷ സ്വഭാവത്തെ തകർക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് സർക്കാരും തീവ്ര ഹിന്ദു സംഘടനകളും ചെയ്തുകൊണ്ടിരിക്കുന്നത്. കഴിക്കുന്ന ഭക്ഷണത്തിന്റെ പേരിലും ധരിക്കുന്ന വസ്ത്രത്തിന്റെ പേരിലും തീവ്ര ഹിന്ദുത്വ സംഘടനകളുടെ കാർമികത്വത്തിൽ നിരവധി അക്രമങ്ങൾ ഈ അടുത്ത കാലങ്ങളായി രാജ്യത്ത് നടന്നിട്ടുണ്ട്. മണിപ്പൂരിൽ ഭൂരിപക്ഷ സമുദായം നടത്തിയ അക്രമ പ്രവർത്തനങ്ങളിൽ ജീവനും സ്വത്തും നഷ്ടപ്പെട്ടവർ അനവധിയാണ്. അയോധ്യയിലെ ഇന്ത്യാ ചരിത്രത്തിന്റെ ഭാഗമായ പള്ളി പൊളിച്ച് നീക്കിയ ശേഷം നിർമിക്കുന്ന അമ്പലത്തിന്റെ ഉൽഘാടനം സർക്കാരിന്റെ ഔദ്യോഗിക ചടങ്ങായി നിരവഹിക്കപ്പെടുന്നു. ഇന്ത്യൻ പാർലമെൻറിന്റെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന സമയത്ത് ഇന്ത്യയുടെ പ്രസിഡണ്ടിന് പ്രവേശനം നിഷേധിക്കപ്പെടുന്നു. അതേസമയം തന്നെ ഹിന്ദു സന്യാസിമാരുടെ മുഖ്യ കാർമികത്വത്തിൽ ഉദ്ഘാടന നടപടികൾ പൂർത്തിയാകുന്നു. ഈ രണ്ടു ഉദാഹരണങ്ങളും ഇന്ത്യയിലെ ന്യൂനപക്ഷ സമുദായങ്ങളിൽ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയും അന്യവൽക്കരണവും എത്രയാണെന്ന് ആലോചിച്ച് നോക്കാവുന്നതാണ്. കർണ്ണാടകയിൽ ബി ജെ പി ഭരിക്കുന്ന കാലത്ത് ഉയർന്നു വന്ന ശിരോവസ്ത്ര വിവാദം, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന വർഗ്ഗീയ സ്വഭാവമുള്ള ലഹളകൾ തുടങ്ങി രാജ്യത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തെ തകർക്കുന്ന സംഭവങ്ങളെ മോഡി സർക്കാർ അവഗണിക്കുകയാണ് ചെയ്യുന്നത്. 1996ൽ ബാബരി മസ്ജിദ് തകർത്തത് ഇന്ത്യയുടെ മതനിരപേക്ഷ പാരമ്പര്യത്തിന് ഏറ്റ ഏറ്റവും വലിയ ക്ഷതമായിരുന്നു. അന്നതിന് നേതൃത്വം നൽകിയ എൽ കെ അദ്വാനിക്ക് ഭാരത രത്നം നൽകി ആദരിക്കുകയാണ് ഈ സർക്കാർ ചെയ്തത്. രാജ്യത്തെ സ്ഥാപന സംവിധാനങ്ങളെ വ്യാപകമായി ദുരുപയോഗം ചെയ്തു കൊണ്ടാണ് മോഡി സർക്കാർ മതനിരപേക്ഷ ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കി മാറ്റാൻ പരിശ്രമിക്കുന്നത്.

### എതിർപ്പുകളോടുള്ള ഫാസിസ്റ്റ് സമീപനം

വിയോജിപ്പ് രേഖപ്പെടുത്തുന്നവരോടുള്ള ഈ സർക്കാരിന്റെ സമീപനം ഫാസിസ്റ്റ് രീതിയിൽ ഉള്ളതാണ് എന്ന് പ്രഭാകരൻ രേഖപ്പെടുത്തുന്നു. 84 വയസ്സുള്ള ജെസ്യൂട്ട് പാതിരി ആയ സ്റ്റാൻ സ്വാമി മാവോയിസ്റ്റ് അനുഭാവി ആണെന്ന് മുദ്ര ചാർത്തി അറസ്റ്റ് ചെയ്യപ്പെടുകയും പിന്നീട് ജയിലിൽ വച്ച് 2021 ൽ മരണപ്പെടുകയും ചെയ്തു. സമാനമായ രീതിയിൽ 2014 ൽ അറസ്റ്റ് ചെയ്യപ്പെട്ട് 2021 ൽ മരണപ്പെട്ട 38 വയസ്സ് പ്രായമുള്ള കാഞ്ചൻ നാനാവർ ഈ സർക്കാരിന്റെ ഫാസിസ്റ്റ് സമീപനത്തിന്റെ മറ്റൊരു ഇരയാണ്. മനുഷ്യാവകാശ പ്രവർത്തകനായ അരുൺ ഫെറരിയ

2007ൽ അറസ്റ്റ് ചെയ്യപ്പെടുകയും 2012 കുറ്റവിമുക്തമാക്കപ്പെടുകയും ചെയ്തു. എന്നാൽ 2018 ൽ അദ്ദേഹം വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും ഇപ്പോഴും ജയിലിൽ കഴിയുകയും ചെയ്യുന്നു. 2021 ജൂലൈയിൽ കർഷക നേതാവും വിവരാവകാശ നിയമ പ്രവർത്തകനുമായ അഖിൽ ഗോഗോയ് അറസ്റ്റ് ചെയ്യപ്പെട്ടു. രണ്ടു വർഷത്തിനുശേഷം പൌരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങൾക്ക് ഇടയിൽ റോഡ് ഉപരോധിച്ചു, തീവ്രവാദ സ്വഭാവമുള്ള പ്രസംഗം നടത്തി എന്നും മറ്റും ആരോപിച്ച് വീണ്ടും അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്തു. സിദ്ദിഖ് കാപ്പൻ, ഖോർബെഡ് ഗാന്ധി, വിനായക് സെൻ, നാടാഷ നർവാൾ, ഒമർ ഖാലിദ്, തുടങ്ങിയവർ ഈ സർക്കാരിന്റെ കാലത്ത് ജയിലിലടക്കപ്പെട്ട ആളുകളാണ്. ഭീമ കൊറേഗോൺ, പൗരത്വ നിയമഭേദഗതി നോർത്തീസ്റ്റ് ഡൽഹിയിലെ അക്രമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട്, നിരവാദി പേര് അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

2019ൽ, ഇന്ത്യയിലെ ഭീകര വിരുദ്ധ നിയമമായ യു. എ. പി. എ ക്ക് ബിജെപി സർക്കാർ കൊണ്ടുവന്ന ഭേദഗതി പ്രകാരം, രാജ്യത്ത് എവിടെയുമുള്ള വ്യക്തിയെ ഭീകരവാദിയായി പ്രഖ്യാപിക്കാൻ സർക്കാറിന് സാധിക്കും. അതിനു മുൻപ് സംഘടനകളെ മാത്രമേ ഭീകര സംഘടന യായി പ്രഖ്യാപിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. ഭീകര സംഘടനകളും ആയി ബന്ധമുള്ളവരോ അല്ലെങ്കിൽ ബന്ധപ്പെടാൻ ശ്രമിക്കുന്നവരോ, ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്നവരോ മറ്റേതെങ്കിലും വിധത്തിൽ ഭീകര വാദവുമായി ബന്ധമുള്ളവരോ ആണെന്ന് അന്വേഷണ ഏജൻസിയിലെ ഒരു ഇൻസ്പെക്ടർക്ക് ബോധ്യപ്പെട്ടാൽ അയാൾക്കെതിരെ അന്വേഷണം ശുപാർശ ചെയ്യാം. എൻ ഐ എ ക്ക് ഏത് സംസ്ഥാനത്തും ആ സംസ്ഥാനത്തെ ഡി ജി പി യുടെ നിർദ്ദേശമില്ലാതെ അന്വേഷണം ആരംഭിക്കാവുന്നതും സംസ്ഥാനത്തെ ഡി.ജി.പിയുടെ അനുവാദമില്ലാതെ സ്വത്തുവകകൾ കണ്ടു കെട്ടാവുന്നതും ആണ്. നിയമത്തിലെ ഈ ഭേദഗതി ഉപയോഗിച്ച് മനുഷ്യാവകാശ പ്രവർത്തകരെയും എതിർപ്പിന്റെ സ്വരം ഉയർത്തുന്നവരെയും സർക്കാരിന്റെ വരുതിയിലാക്കാൻ ഉള്ള ശ്രമം നടക്കുന്നു.

## വിശകലനത്തിന്റെ ശാസ്ത്രീയ രീതിയോട് ഉള്ള എതിർപ്പ്

സാമ്പത്തിക സാമൂഹിക നയങ്ങൾ രൂപീകരിക്കുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ പിന്തുടരേണ്ട ഏറ്റവും ജനാധിപത്യപരമായ രീതി പ്രസ്തുത നയങ്ങളെ സംബന്ധിക്കുന്ന ശാസ്ത്രീയ പഠനങ്ങൾ അവലംബിക്കുക എന്നതാണ്. എന്നാൽ ഇന്ന് ശാസ്ത്രീയമായ നയ രൂപീകരണ ശ്രമം സർക്കാരിന് പഥ്യമല്ല എന്നാണ് കാണാൻ സാധിക്കുക. ഉദാഹരണമായി ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് കാര്യമായ ചലനം ഉണ്ടാക്കിയ നോട്ടു നിരോധനവും ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്തെ സമഗ്രമായി മാറ്റിമറിക്കാൻ ഉതകുന്ന പുതിയ വിദ്യാഭ്യാസ നയവും കാർഷിക രംഗത്തെ മുച്ചൂടും നശിപ്പിക്കാൻ ഉതകുന്ന വിധത്തിലുള്ള കാർഷിക നയങ്ങളും കേന്ദ്രഗവൺമെൻറ് നടപ്പിലാക്കിയ പൗരത്വ ഭേദഗതി നിയമവും ഒക്കെ യാതൊരു ശാസ്ത്രീയ പഠനവും ഇല്ലാതെ മുന്നോട്ട് വയ്ക്കപ്പെട്ടവയാണ്.

സർക്കാരിന്റെ വിശകലനത്തിന്റെ ശാസ്ത്രീയ രീതിയോടുള്ള എതിർപ്പിന് മറ്റൊരു ഉദാഹരണമാണ് സ്ഥിതി വിവരക്കണക്കുകളോട് കാണിക്കുന്ന



വിപ്രതിപത്തി. ലോകോത്തരമായ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്ന ഒരു മഹത്തായ സംവിധാനം ഇന്ത്യയിൽ നിലനിന്നിരുന്നു. സ്ഥിതി വിവരക്കണക്കുകളോട് ഫാസിസ്റ്റ് ഭരണ സംവിധാനങ്ങൾക്ക് ഒരു കാലത്തും പ്രതിപത്തി ഉണ്ടായിരുന്നില്ല. മോഡി സർക്കാർ ആകട്ടെ രാജ്യത്തെ എല്ലാ കാര്യങ്ങളും ശരിയായി മുന്നോട്ട് പോകുന്ന എന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. കൊറോണ കാലത്തിനു മുൻപ് തന്നെ ബാങ്കുകളിൽ നിന്നുള്ള ലോൺ വിതരണത്തിൽ വന്ന കുറവ് മൂലം സമ്പദ്ഘടനയിൽ ഉണ്ടായി വന്ന ചോദന പ്രതിസന്ധിയെ സംബന്ധിച്ച്, കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച് , കർഷക ആത്മഹത്യയെ സംബന്ധിച്ച്, ആരോഗ്യ സംവിധാനത്തിലെ തൊഴിലാളികളെ സംബന്ധിച്ച്, ചെറുകിട വ്യാപാര സ്ഥാപനങ്ങൾ അടച്ചു പൂട്ടിയതിനെ സംബന്ധിച്ച്, നഷ്ടമായ തൊഴിലിനെ സംബന്ധിച്ച്, മുദ്ര വായ്പയെ സംബന്ധിച്ച് ജനസംഖ്യയെ സംബന്ധിച്ച് ഒക്കെ കണക്കുകൾ ശേഖരിക്കാൻ ഭരണകൂടം വിമുഖത കാണിക്കുന്നു. കൊറോണ മൂലം സംഭവിച്ച മരണങ്ങളുടെ, കണക്കുകൾ ഒന്നും വിശ്വസനീയമല്ല. ദാരിദ്ര്യം സംബന്ധിച്ച് ലഭ്യമായ ഏറ്റവും അവസാനത്തെ സ്ഥിതിവിവര കണക്ക് 2011-12 കാലയളവിലെ 68 റൗണ്ട് എൻ എസ് എസ് ഡാറ്റ ആണ്. 2020 ൽ ലോക ബാങ്ക് രാജ്യത്തെ ദാരിദ്ര്യത്തെ സംബന്ധിച്ച കണക്കുകളുടെ അപര്യാപ്തതയെപ്പറ്റി അവരുടെ ഒരു റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

രാജ്യത്തെ തൊഴിലിനെ സംബന്ധിച്ച് ഉള്ള വിശ്വസനീയമായ കണക്കുകൾ പുറത്തുവിടുന്നത് പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ ആണ്. 2019 ൽ അപ്പോൾ തയ്യാറാക്കിയ ഒരു PLF റിപ്പോർട്ട് ഗവൺമെൻറ് പിൻവലിച്ചു. 40 വർഷത്തിനിടയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ രാജ്യത്ത് നിലനിൽക്കുന്നുണ്ട് എന്നുള്ള സൂചനകൾ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരുന്നു. ദശലക്ഷം തൊഴിലവസരങ്ങൾ രാജ്യത്ത് സൃഷ്ടിക്കും എന്ന വാഗ്ദാനം നൽകിയ ഒരു സർക്കാറിന് എങ്ങനെയാണ് തൊഴിലവസരങ്ങളിൽ വന്ന ഈ വലിയ കുറവ് ന്യായീകരിക്കാൻ സാധിക്കുക? സർക്കാരിന്റെ തന്നെ ഏജൻസി പുറത്തിറക്കിയ റിപ്പോർട്ടിൽ ഇനിയും ചില മാറ്റങ്ങൾ വരുത്താൻ ഉണ്ട് എന്നു പറഞ്ഞ് ആ റിപ്പോർട്ട് പൂഴ്ത്തി വയ്ക്കുകയും പ്രതികരണം എന്നോണം സത്യസന്ധരായ ചില ഉദ്യോഗസ്ഥർ അവരുടെ സ്ഥാനങ്ങളിൽ നിന്ന് സ്വയം രാജിവച്ചു പോവുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായി. 2016ലെ നോട്ട് നിരോധനത്തെ തുടർന്ന് എത്ര കള്ള പണം ആണ് പിടിച്ചെടുത്തത് എന്നത് സംബന്ധിച്ച് ഉള്ള ഒരു കണക്കും ഗവൺമെൻറ് പുറത്തുവിട്ടിട്ടില്ല. അത് മൂലം എത്ര സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ലാതായി എന്നോ തൊഴിൽ വിപണിയിലും അതിജീവനത്തിലും എന്തൊക്കെ മാറ്റങ്ങളാണ് സംഭവിച്ചതോ എന്നോ ഉള്ള കണക്കുകൾ നമുക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. ഭീകരവാദവും കളപ്പണവും വ്യാജ നോട്ടും മുൻപ് ഉള്ളതു പോലെ തുടരുകയും ചെയ്യുന്നു.




രാഷ്ട്രീയ താൽപര്യങ്ങൾക്ക് അനുസരിച്ച് ഇന്ത്യയുടെ സ്ഥിതിവിവര സംവിധാനത്തെ മാറ്റി മറിക്കുന്നതു മൂലം സാമ്പത്തിക സ്ഥിതിവിവര കണക്കുകളുടെ വിശ്വാസതയിലുണ്ടാകുന്ന ഇടിവിൽ ആശങ്ക സൂചിപ്പിച്ചുകൊണ്ട് രാജ്യത്തെ 108 സാമൂഹിക - സാമ്പത്തിക ശാസ്ത്ര‌ജ്ഞർ സർക്കാരിന് ഒരു നിവേദനം നൽകിയിരുന്നു. സ്ഥിതിവിവര കണക്കുകളിൽ ഉള്ള വിശ്വാസ്യത നില നിർത്തുന്നതിന് ആവശ്യമായ രീതിയിലുള്ള ആത്മപരിശോധന നടത്തണം എന്ന് പ്രസ്തുത നിവേദനം ആവശ്യപ്പെട്ടിരുന്നു.

രാജ്യത്തെ പൊതു സ്ഥിതിവിവര കണക്കുകളുടെ സ്ഥിതി ഇങ്ങനെ ഇരിക്കുമ്പോഴും സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്ന ചില സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങൾ നമ്മുടെ വ്യക്തിഗത വിവരങ്ങൾ വലിയ തോതിൽ ശേഖരിക്കുന്നുണ്ട്. നമ്മൾ എന്താണ് ചെയ്യുന്നത്, എന്താണ് വാങ്ങുന്നത്, എവിടെയാണ് പോകുന്നത്, നമ്മളുടെ തിരഞ്ഞെടുപ്പുകൾ



എന്തൊക്കെയാണ് ഇടങ്ങിയ വിവരങ്ങൾ നിയമപരമായ യാതൊരു തടസവും ഇല്ലാതെ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് അവരുടെ ലാഭവർദ്ധനയ്ക്കായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. 2019 ൽ പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ട വ്യക്തിഗത വിവര സംരക്ഷണ ബില്ലിന്റെ കരട് ഒരു രീതിയിലും രാജ്യത്തെ വ്യക്തിഗത വിവരങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്ന ഒന്നല്ല എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

## അപ്രായോഗികമായ - പൊള്ളയായ വാഗ്ദാനങ്ങൾ

എല്ലാവരുടെയും വികസനം (സബ്-കാ-വികാസ്) എന്നും കർഷകരുടെ വരുമാനം ഇരട്ടി ആക്കും എന്നും തിരഞ്ഞെടുപ്പ് വാഗ്ദാനം നൽകിയാണ് ബി ജെ പി അധികാരത്തിലേറിയത്. രാജ്യത്തിന് പുറത്തുള്ള കള്ളപ്പണം തിരിച്ച് ഇന്ത്യയിൽ എത്തിച്ച് എല്ലാവരുടെയും അക്കൌണ്ടിൽ 15 ലക്ഷം രൂപ നിക്ഷേപിക്കും എന്നും വാഗ്ദാനം ഉണ്ടായിരുന്നു. രാജ്യത്തെ തീവ്രവാദവും കള്ളപ്പണവും നിർമാർജനം ചെയ്യാനാണ് എന്നു പറഞ്ഞാണ് 2016 നവംബർ 8 ന പ്രചാരത്തിലിരുന്ന കറൺസിയുടെ 86 ശതമാനം പെട്ടെന്ന് പിൻവലിച്ചത്. രാജ്യത്തെ 5 ട്രില്ല്യൺ സമ്പത്ത് വ്യവസ്ഥ ആയി മാറ്റാനുള്ള പ്രവർത്തനങ്ങൾ ചെയ്യും എന്നത് മറ്റൊരു പൊള്ളയായ വാഗ്ദാനം ആണ്. ദശലക്ഷം തൊഴിലവസരങ്ങൾ രാജ്യത്ത് സൃഷ്ടിക്കും എന്നും ഇന്ധന വില കുറയ്ക്കും എന്നും സമ്പദ് വ്യവസ്ഥയുടെ വളർച്ച 7 ശതമാനം ആയി എന്നും ഗവൺമെന്റ് അവകാശപ്പെടുന്നുണ്ട്.

ഈ സർക്കാരിന്റെ നയങ്ങൾക്ക് തുടർച്ച ഇല്ലാത്തതായും നയപരമായ അസ്ഥിരത നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നതായും തോന്നുന്ന വിധത്തിലേക്ക് കാര്യങ്ങൾ പോകുന്നതിനു കാരണം ഇത്തരത്തിൽ പൊള്ളയായ വാഗ്ദാനങ്ങൾ നൽകുന്നതിനാണ്. രാജ്യത്തെ സാമ്പത്തിക നയങ്ങളെ സംബന്ധിച്ചും സാമൂഹിക ക്ഷേമ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും മോഡി സർക്കാറിന് തുടർച്ചയുള്ള ഒരു നയം ഇല്ലാത്തത് നയപരമായ ഒരു അസ്ഥിരത രാജ്യത്ത് ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. നയപരമായ ഈ അസ്ഥിരതയ്ക്ക് കാരണം തിരഞ്ഞെടുപ്പ് സമയത്തും മറ്റും സർക്കാരും പ്രധാനമന്ത്രി നരേന്ദ്രമോദിയും ഇത്തരത്തിൽ പൊള്ളയായ വാഗ്ദാനങ്ങൾ ജനങ്ങൾക്ക് നൽകുന്നതു കൊണ്ടും കൂടി ആണ്.

## ന്യൂനപക്ഷങ്ങളുടെ അന്യവത്കരണം

രാജ്യത്തെ ന്യൂനപക്ഷ സമുദായങ്ങളുടെ, വിശിഷ്യ മുസ്ലീം സമുദായത്തിന്റെ ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കുകയാണ് എന്നും ഇത് ഭൂരിപക്ഷമായ ഹിന്ദു മത വിശ്വാസികൾക്ക് ഭീഷണി ആണെന്നും ധ്വനിപ്പിക്കുന്ന പ്രസ്താവനകൾ പ്രധാനമന്ത്രിയും, ആർ എസ്സ് എസ്സും ബി

ജെ പി യുടെ ഏതാനും നേതാക്കളും നടത്തുന്നു. 2021ലെ വിജയദശമി ദിനം പ്രമാണിച്ചുള്ള സർസംഘചാലകിന്റെ പ്രഭാഷണത്തിൽ ഇന്ത്യയുടെ ജനസംഖ്യ നയത്തെ സംബന്ധിച്ച് ഇത്തരത്തിലുള്ള പരാമർശം ഉണ്ട്. ഇന്ത്യയിലെ ജനസംഖ്യയുടെ വളർച്ച സമീപ ഭാവിയിൽ വലിയ പ്രശ്നങ്ങൾക്ക് കാരണമാകും എന്ന രീതിയിലാണ് പരാമർശം. രാജ്യത്തെ വിവിധ മതവിഭാഗങ്ങളുടെ ഇടയിൽ ഉയർന്ന ജനസംഖ്യ വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ട് എന്ന ന്യായം പറഞ്ഞ് ബി ജെ പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ജനസംഖ്യാ നിയന്ത്രണത്തിനായി നിയമ നിർമ്മാണത്തിനുള്ള ശ്രമങ്ങൾ നടക്കുന്നു. അതേ സമയം തന്നെ സുപ്രീം കോടതിയിൽ ഒരു പൊതു താൽപര്യ ഹർജിയുടെ ഭാഗമായി രാജ്യത്തെ ജനങ്ങളുടെ ഫെർട്ടിലിറ്റി റേറ്റ് കുറയുകയാണ് എന്ന് കേന്ദ്ര ഗവൺമെൻറ് സത്യവാങ്മൂലം നൽകുന്നു. ദേശീയ കുടുംബാരോഗ്യ സർവ്വേയുടെ കണക്കുകൾ പ്രകാരം ടോട്ടൽ ഫെർട്ടിലിറ്റി റൈറ്റ് 2.1 മാത്രമാണ്. അത് റീപ്ലേസ്മെൻറ് ലെവലിൽ ഉള്ള ജനസംഖ്യാ വളർച്ച മാത്രമാണ്. സർക്കാരിന്റെ കണക്കുകൾ പ്രകാരം തന്നെ 1950-2015 കാലയളവിൽ മുസ്ലീം സ്ത്രീകളുടെ ഫെർട്ടിലിറ്റി റേറ്റിൽ വന്ന കുറവ് ഹിന്ദു സ്ത്രീകളുടെതിനെക്കാൾ കൂടുതൽ ആണ്. അതായത് രണ്ടു സമുദായങ്ങളുടെയും ഫെർട്ടിലിറ്റി റേറ്റ് ഒരു പൊതു ബിന്ദുവിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നു എന്നർഥം. ഈ യാഥാർഥ്യം മറച്ചുപിടിച്ചുകൊണ്ടാണ് രാജ്യത്തെ ന്യൂനപക്ഷങ്ങളെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്നത്.

ഔദ്യോഗിക പരിപാടികൾ മതാത്മകമായി നടത്തിയും രാജ്യത്തിന്റെ പൊതു മതനിരപേക്ഷ സത്തയെ തകർത്തും ന്യൂനപക്ഷ വിഭാഗങ്ങളെ സർക്കാർ അന്യവത്കരിക്കുന്നു. അതിർത്തിക്ക് അപ്പുറത്തും ഇപ്പുറത്തും ഉള്ള സാങ്കല്പിക ശത്രുക്കളോടാണ് സംഘപരിവാർ പോരാടിക്കൊണ്ടിരിക്കുന്നത്.

## ചരിത്രത്തിന്റെ അപനിർമ്മിതി

ചരിത്രത്തെ നിരസിച്ചും തിരുത്തിയും ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ പ്രസക്തി വർദ്ധിച്ചതായി ഒരു വ്യാജ നിർമ്മിതി സാക്ഷാത്കരിക്കുകയാണ് ഹിന്ദുത്വ സംഘടനകൾ. ആശയപരമായി പരസ്പരം സംവാദം നടത്തിയ ദേശീയ സമര നേതാക്കളുടെ ആശയങ്ങളെ വക്രീകരിച്ച് അവരെ ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ഭാഗമാക്കി ഉൾക്കൊള്ളിച്ചും ഒരു പുതിയ ഇന്ത്യയെ നിർമ്മിക്കുകയാണ് മോഡിയും തീവ്ര ഹിന്ദുത്വ സംഘടനകളും. ശാസ്ത്രീയമായ ചരിത്ര ഗവേഷണ ഫലങ്ങളെ പൂർണമായി അവഗണിച്ച്, ചില സംഭവങ്ങൾക്ക് പുതിയ വ്യാഖ്യാനങ്ങൾ നൽകുകയാണ് സംഘപരിവാർ സംഘടനകൾ. സുഭാഷ് ചന്ദ്ര ബോസിനെയും സർദാർ വല്ലഭായി പട്ടേലിനെയും ഈ രീതിയിൽ ഹിന്ദുത്വ രാഷ്ട്രത്തിന്റെ ഭാഗമാക്കി തീർക്കാനുള്ള പ്രവർത്തനങ്ങൾ ആണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുവേണ്ടി ദേശീയ പ്രസ്ഥാനത്തിന്റെ കാലയളവിൽ നെഹ്റുവും ഗാന്ധിയും സുഭാഷ് ചന്ദ്രബോസും തമ്മിലുള്ള ആശയ സംവാദങ്ങൾ ഉപയോഗിക്കുന്നു. പാരമ്പര്യത്തെ മഹത്വ വത്കരിച്ചും, ഇതിഹാസത്തെ ചരിത്രമാക്കി വളച്ചൊടിച്ചും ഹിന്ദുത്വ അജണ്ട രാജ്യത്ത് നടപ്പിലാക്കുകയാണ്.

ഇതോടൊപ്പം തന്നെ കൂട്ടി വായിക്കേണ്ട മറ്റൊരു സംഗതിയാണ് ഇടുങ്ങിയ ദേശീയ വാദവും. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി രാഷ്ട്ര ശില്പികൾ വിഭാവനം ചെയ്ത, എല്ലാവരെയും ഉൾക്കൊള്ളുന്ന രാഷ്ട്രം എന്ന സങ്കൽപ്പത്തിന് വിരുദ്ധമായ രീതിയിലാണ് ദേശീയത എന്ന ആശയത്തെ സംഘപരിവാർ സംഘടനകൾ വിശകലനം ചെയ്യുന്നത്. രാജ്യത്ത് നടപ്പിലാക്കിയ പൗരത്വ നിയമം ഭേദഗതികൾ സംഘപരിവാർ സംഘടനകൾ ഒളിഞ്ഞും തെളിഞ്ഞു പ്രകടിപ്പിക്കുന്ന പ്രചരിപ്പിക്കുന്ന ഇതര മത വിദ്വേഷവും ഈ ഇടുങ്ങിയ ദേശീയ വാദത്തിന് ഉദാഹരണങ്ങളാണ്. തൊഴിലില്ലായ്മ, പണപ്പെരുപ്പം ദാരിദ്ര്യം തുടങ്ങിയ ജനങ്ങളുടെ ജീവൽ പ്രശ്നങ്ങളോട് പുറം തിരിഞ്ഞു നിന്നു കൊണ്ടാണ് ഈ പിന്തിരിപ്പൻ സമീപനം സർക്കാർ സ്വീകരിക്കുന്നത്.

## അമിത അധികാര കേന്ദ്രീകരണം

ഇന്ത്യൻ ഭരണഘടന ഫെഡറൽ തത്വങ്ങളിൽ അധിഷ്ഠിതമാണ്. എന്നാൽ ഫെഡറൽ തത്വങ്ങൾ പൂർണമായി നിരാകരിക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വിഹിതം ആയി ഏതാണ്ട് 57400 കോടി രൂപ കേരളത്തിന് നിഷേധിക്കപ്പെടുകയാണ്. കേന്ദ്രം പിരിച്ച് സംസ്ഥാനങ്ങളുമായി പങ്കുവെക്കേണ്ട നികുതിക്കൂടയുടെ 1.925% മാത്രമാണ് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ തീർപ്പ് പ്രകാരം നമുക്ക് ലഭിച്ചത്. കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഫലമായി പങ്കുവയ്ക്കേണ്ട നികുതി കൂടയുടെ വ്യാപ്തി തന്നെ കുറഞ്ഞുകൊണ്ടിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ ശതമാനമായി നോക്കിയാൽ ആകെ നികുതി വരുമാനത്തിന്റെ ശതമാനമായി നോക്കിയാലും പങ്കു വെക്കേണ്ട നികുതിയുടെ വ്യാപ്തി കുറഞ്ഞു വരുന്നതായി കാണാം. ഇതിനു കാരണം സംസ്ഥാന സർക്കാരിന് വിൽപ്പന നികുതി അവകാശമുള്ള വസ്തുക്കളിൽ പോലും കടന്നു കയറി സെസ്സ് ഏർപ്പെടുത്തിയ കേന്ദ്ര നടപടി ആണ്. സംസ്ഥാനങ്ങൾ നേരിടുന്ന കേന്ദ്ര അവഗണനയുടെ മറ്റൊരു മുഖം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന പോസ്റ്റ്- റവന്യൂ ഡെഫിസിറ്റ് ഗ്രാൻഡ് ഇല്ലാതായി എന്നുള്ളതാണ് ഇതുമൂലം 8400 കോടി രൂപയുടെ കുറവാണ് കേരളത്തിന്റെ വരുമാനത്തിൽ വന്നിട്ടുള്ളത്. കേരളത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചത് വഴി 7000 കോടി രൂപയുടെ കുറവ് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഉണ്ടായി. ജി. എസ്. ടി. യുടെ നഷ്ടപരിഹാരം 2022 മാർച്ച് ഓടു കൂടി അവസാനിപ്പിച്ചത് വഴി കേരളത്തിന് നഷ്ടമായത് 18000 കോടി രൂപയാണ്. പൊതു അക്കൌണ്ടുകൾ കടപരിധിയിൽ കൊണ്ടുവന്നതുവഴി നഷ്ടമായത് 12000 കോടി രൂപയാണ്. ഈ ധന കേന്ദ്രീകരണം ഒരു അമിതാധികാര പ്രവണത ആണ്.

**Dr. Reenamole G.**
Marthoma College, Thiruvalla

# Graphene Innovation Center:
## A technological and scientific stride towards the future

The country's first graphene innovation centre is being set up in the Kerala state in collaboration with Digital University and CMET (Trichur). The centre is being set up in the state with industrial support from Tata Steel. The project will be implemented with the participation of the state government, taking advantage of the Rs. 86.41 crore sanctioned by the central government for the project. The centre is being set up under the leadership of Dr. A. P. James (Digital University) and Dr. A. Seema (CMAT). The objectives of the centre are to act as a link between graphene-related academic research and industrial needs, as well as to promote research and start-ups aimed at the market potential of graphene. The centre will work in collaboration with scientists at the University of Manchester's National Graphene Institute. It will open up a lot of opportunities for students, researchers, industry and start-ups to experiment and build, a new possibility of graphene-based devices.

Experts say that the use of 2D materials in the coming years will lead to major changes in the field of biomedical, defence, electronics and sensors. Apart from this, the availability of skilled people in this field can also be ensured through the digital university. It will be a great achievement to have such a center in the state in the coming era of the use of graphene, which has earned the nickname 'miracle material' because it exhibits unusual properties in electric and electronic properties. The importance of this centre is enhanced by the studies that the price of the phone is likely to be sharply reduced if graphene is used in the organic LED display, avoiding the expensive indium used in mobile phone displays. The Centre is being set up under the aegis of the Digital University keeping in mind the industrial and marketing potential of graphene.

**What is graphene?**

Graphene is an isotope of carbon where one-atom-thick layer of carbon atoms are arranged in a hexagonal lattice. It has a two – dimensional honeycomb nanostructure. It is the building-block of Graphite in which a 3D crystal composed of weakly coupled graphene layers, is a relatively common material - used in pencil tips, batteries and more. Chemically, every carbon atom in graphene is covalently bound to three other carbon atoms.
Graphene has an extremely high tensile strength—the amount of force that anything can withstand before breaking—and excellent stability because of the strength of the covalent bonds that hold carbon atoms together. Because graphene is flat, there is more interaction with

neighbouring molecules because every atom is on the surface and accessible from both directions. Additionally, graphene has the highest electron mobility of any material that is currently known, and scientists are working to find applications for this feature in electronics.

One potential application of graphene in the electronics industry is the production of transistors and other electrical devices that are significantly thinner than those made of conventional materials. Graphene might be a desirable material for use in touch displays since it is transparent, robust, electrically conductive, and flexible. Because of its extremely high thermal conductivity, graphene may also be utilised to remove heat from electrical circuits.

ഓരോ പ്രമോഷനും, അധ്യാപകർ യുജിസി നിഷ്കർഷിക്കുന്ന എണ്ണം കോഴ്സുകൾ പൂർത്തിയാക്കേണ്ടതുണ്ട്. പ്രധാനമായും ഓറിയന്റേഷൻ/ഇൻഡക്ഷൻ, റിഫ്രഷർ എന്നീ കോഴ്സുകളാണ് നമുക്ക് സുപരിചിതം. ഇൻഡക്ഷൻ, ഓറിയന്റേഷൻ, റിഫ്രഷർ പ്രോഗ്രാമുകൾക്ക് യഥാക്രമം നാല്, ഒന്ന്, രണ്ട് ആഴ്ച ദൈർഘ്യം ഉണ്ടായിരിക്കണം. 2018 റെഗുലേഷൻ പ്രകാരം MHRD യുടെ SWAYAM ഓൺലൈൻ പോർട്ടലിലെ ARPIT കോഴ്സുകൾ, വിവിധ UGC-HRDC, PMMMNMTT പ്രോഗ്രാം പ്രകാരം പ്രവർത്തിക്കുന്ന ടീച്ചർ ട്രെയിനിങ് സെന്ററുകൾ എന്നിവ നടത്തി വരുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് കോഴ്സുകൾ (FDP) എന്നിവയും റിഫ്രഷറിന് തുല്യമായി പ്രമോഷന് പരിഗണിക്കുന്നതാണ്. ഒരു റിഫ്രഷറിന് തുല്യമായി രണ്ട് ഷോർട്ട് കാലയളവിലുള്ള കോഴ്സുകൾ (STC) പൂർത്തിയാക്കിയാലും മതി. യുജിസിയുടെ 31/07/2023 ലെ F, No. 9-1/2010 (PS/MISC)Pt. Vol. II പ്രകാരം കോഴ്സുകൾ ചെയ്യാനുള്ള സമയ പരിധി 2023 ഡിസംബർ 31 നീട്ടി നൽകിയിട്ടുണ്ട്.

## ഓപ്ഷൻ സൗകര്യം

യു ജി സി, 2018 റെഗുലേഷൻ പ്രകാരം കോളേജ് അധ്യാപകർക്ക് 17/07/2018 വരെയുള്ള CAS പ്രമോഷന് ഓപ്ഷൻ സൗകര്യം നൽകിയിട്ടുണ്ട്. ഇതിൽ ഓപ്ഷൻ എ എന്നത് 2018 റെഗുലേഷൻ പ്രകാരമുള്ളതും, ബി ലഘൂകരിച്ച 2016 റെഗുലേഷൻ പ്രകാരമുള്ളതുമാണ്. 2010 റഗുലേഷൻ അനുസരിച്ചുള്ള റിലാക്സ്ഡ് എ പി ഐ (ഓപ്ഷൻ ബി) 17/01/2019

വരെ സ്വീകരിക്കാം. എയ്ഡഡ് അദ്ധ്യാപകരുടെ വിവിധ തലങ്ങളിലേക്കുള്ള പ്രമോഷന് ആവശ്യമായ മാനദണ്ഡങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### അക്കാഡമിക് ലെവൽ 10 – അക്കാഡമിക് ലെവൽ 11 (Stage I to II)

പിഎച്ച്.ഡി./എം.ഫിൽ./നെറ്റ് എന്നീ യോഗ്യതയുള്ളവർ യഥാക്രമം 4/5/6 വർഷങ്ങൾ പൂർത്തിയാകുന്ന മുറക്ക് പ്രമോഷൻ നടപടികൾക്കായി പ്രിൻസിപ്പലിന് അപേക്ഷ കൊടുക്കേണ്ടതാണ്. അതിനായി ഒരു ഓറിയന്റേഷൻ, ഒരു റിഫ്രഷർ എന്നീ കോഴ്സുകൾ പൂർത്തിയാക്കേണ്ടതാണ്. ഓപ്ഷൻ എ പ്രകാരം തയ്യാറാക്കുന്ന PBAS ൽ യഥാക്രമം 3/4/5 വർഷങ്ങളിൽ good അല്ലങ്കിൽ satisfactory എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം. ഓപ്ഷൻ ബി പ്രകാരം തയ്യാറാക്കുന്ന PBAS ൽ ക്രൈറ്റീരിയ 2, 3 എന്നിവ ചേർത്ത് 20 API സ്കോർ ഉണ്ടായിരിക്കണം. കോളേജ് പ്രിൻസിപ്പൽ, വകുപ്പ് മേധാവി, യൂണിവേഴ്സിറ്റി നോമിനേറ്റ് ചെയ്യുന്ന, അതാത് വിഷയങ്ങളിലെ അസ്സോസിയേറ്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത രണ്ട് അദ്ധ്യാപകർ എന്നിവർ അടങ്ങിയ സ്ക്രീനിംഗ്/ഇവാല്യവേഷൻ കമ്മിറ്റി പ്രസ്തുത PBAS പരിശോധിച്ച് പ്രമോഷന് ശിപാർശ ചെയ്യുന്നതാണ്.

### 1. അക്കാഡമിക് ലെവൽ 11 – അക്കാഡമിക് ലെവൽ 12 (Stage II to III )

ആദ്യത്തെ പ്രമോഷൻ ലഭിച്ച ദിവസം മുതൽ 5 വർഷങ്ങൾ പൂർത്തിയാകുന്ന മുറക്ക് അടുത്ത പ്രമോഷൻ നടപടികൾക്കായി പ്രിൻസിപ്പലിന് വീണ്ടും അപേക്ഷ കൊടുക്കേണ്ടതാണ്. അതിനായി ഓപ്ഷൻ എ പ്രകാരം രണ്ട് റിഫ്രഷർ കോഴ്സുകൾ പൂർത്തിയാക്കേണ്ടതാണ്. ഓപ്ഷൻ ബി പ്രകാരം ഒരു റിഫ്രഷർ കോഴ്സ് മതിയാകും. എ പ്രകാരം തയ്യാറാക്കുന്ന PBAS ൽ യഥാക്രമം 4 വർഷങ്ങളിൽ good അല്ലങ്കിൽ satisfactory എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം. ഓപ്ഷൻ ബി പ്രകാരം തയ്യാറാക്കുന്ന PBAS ൽ ക്രൈറ്റീരിയ 2, 3 എന്നിവ ചേർത്ത് 50 API സ്കോർ ഉണ്ടായിരിക്കണം. ആദ്യ പ്രമോഷൻ പോലെ എവിടെയും സ്ക്രീനിംഗ്/ഇവാല്യവേഷൻ കമ്മിറ്റി പ്രസ്തുത PBAS പരിശോധിച്ച് പ്രമോഷന് ശിപാർശ ചെയ്യുന്നതാണ്.

### 2. അക്കാഡമിക് ലെവൽ 12 – അക്കാഡമിക് ലെവൽ 13A (Stage III to IV)

സ്റ്റേജ് III പ്രമോഷൻ ലഭിച്ച, ദിവസം മുതൽ 3 വർഷങ്ങൾ പൂർത്തിയാക്കിയ, അദ്ധ്യാപകർ അടുത്ത പ്രമോഷൻ നടപടികൾക്കായി പ്രിൻസിപ്പലിന് വീണ്ടും അപേക്ഷ കൊടുക്കേണ്ടതാണ്. അതിനായി ഓപ്ഷൻ എ പ്രകാരം ഒരു റിഫ്രഷർ കോഴ്സ് മതിയാകും. ഓപ്ഷൻ ബി പ്രകാരം ഒരു short term കോഴ്സ് മതിയാകും. കൂടാതെ പിഎച്ച്.ഡി./എം.ഫിൽ./നെറ്റ് എന്നീ യോഗ്യതയുള്ളവർ യഥാക്രമം 1/2/3 ജേർണൽ പേപ്പറുകൾ പബ്ലിഷ് ചെയ്തിരിക്കണം. ഓപ്ഷൻ എ പ്രകാരം തയ്യാറാക്കുന്ന PBAS ൽ യഥാക്രമം 4 വർഷങ്ങളിൽ good അല്ലങ്കിൽ satisfactory എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം. ഓപ്ഷൻ ബി പ്രകാരം തയ്യാറാക്കുന്ന PBAS ൽ ക്രൈറ്റീരിയ 2, 3 എന്നിവ ചേർത്ത് 45 API സ്കോർ ഉണ്ടായിരിക്കണം. ഈ പ്രമോഷൻ പ്രക്രിയക്ക് സെക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. മാനേജർ, കോളേജ് പ്രിൻസിപ്പൽ, വകുപ്പ് മേധാവി, യൂണിവേഴ്സിറ്റി നോമിനേറ്റ് ചെയ്യുന്ന, അതാത് വിഷയങ്ങളിലെ പ്രൊഫസർ റാങ്കിൽ കുറയാത്ത രണ്ട് അദ്ധ്യാപകർ, കൂടാതെ വൈസ് ചാൻസിലർ നോമിനേറ്റ് ചെയ്യുന്ന രണ്ടു പേർ കൂടി സെക്ഷൻ കമ്മിറ്റി അംഗങ്ങളാണ്. പ്രസ്തുത കമ്മിറ്റി PBAS പരിശോധിച്ച് പ്രമോഷന് ശിപാർശ ചെയ്യുന്നതാണ്. ഓപ്ഷൻ എ പ്രകാരം അസ്സോസിയേറ്റ് പ്രൊഫസർ പ്രമോഷന് Ph.D നിർബന്ധമാണ്.

### 3. അക്കാഡമിക് ലെവൽ 13A – അക്കാഡമിക് ലെവൽ 14 (Stage IV to V)

അസ്സോസിയേറ്റ് പ്രൊഫസർ ആയി പ്രമോഷൻ ലഭിച്ച ദിവസം മുതൽ 3 വർഷങ്ങൾ പൂർത്തിയാകുന്ന മുറക്ക് അടുത്ത പ്രമോഷൻ നടപടികൾക്കായി പ്രിൻസിപ്പലിന് വീണ്ടും അപേക്ഷ കൊടുക്കേണ്ടതാണ്. അതിനായി കോഴ്സുകളിൽ പങ്കെടുക്കേണ്ട ആവിശ്യമില്ല. ഓപ്ഷൻ എ പ്രകാരം, സർവീസ് കാലയളവിൽ 10 ജേർണൽ പേപ്പറുകൾ പബ്ലിഷ് ചെയ്തിരിക്കണം.അതിൽ മൂന്നെണ്ണം അസ്സോസിയേറ്റ് പ്രൊഫസർ കാലയളവിൽ ഉള്ളതായിരിക്കണം. യുജിസി തയ്യാറാക്കിയ ടെമ്പ്ലേറ്റ് പ്രകാരമുള്ള 110 റിസർച്ച് സ്കോർ ഉണ്ടായിരിക്കണം. അസ്സോസിയേറ്റ് പ്രൊഫസർ പ്രൊമേഷൻ സമയത്തിൽ നടന്നതു പോലെ, ഇവിടെയും സെക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

### അസ്സെസ്സ്മെന്റ് പ്രക്രിയ

എല്ലാ അദ്ധ്യാപകരും ഓരോ അക്കാഡമിക് വർഷാവസാനം ആ വർഷത്തെ ആനവൽ സെൽഫ് അപ്രൈസൽ റിപ്പോർട്ട്, എല്ലാവിധ സർട്ടിഫിക്കറ്റോടു കൂടി പ്രിൻസിപ്പലിന് സബ്മിറ്റ് ചെയ്യേണ്ടതാണ്. ഈ റിപ്പോർട്ടുകൾ സൂക്ഷിക്കേണ്ട ഉത്തരവാദിത്തം കോളേജ് IQAC നിർവഹിക്കേണ്ടതാണ്. നിശ്ചിത പ്രമോഷൻ കാലയളവ് പൂർത്തിയാക്കുന്ന മുറക്ക് പ്രമോഷന് വേണ്ടിയുള്ള കമ്മിറ്റി രൂപീകരിക്കാൻ കമ്മിറ്റി ചെയർപേഴ്സന് അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത കമ്മിറ്റി PBAS പരിശോധിച്ച് പ്രമോഷന് വേണ്ടി യൂണിവേഴ്സിറ്റിക്ക് ശുപാർശ ചെയ്യുന്നതാണ്. സ്ക്രീനിംഗ്/സെക്ഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിച്ച് കഴിഞ്ഞാൽ, പ്ലേസ്മെന്റ്/പ്രൊമോഷൻ നൽകേണ്ട ചുമതല കോളേജ് മാനേജർക്കാണ്. ഈ പ്ലേസ്മെന്റ് ഓർഡർ, പരിശോധന പൂർത്തിയായ PBAS, സ്ക്രീനിംഗ്/സെക്ഷൻ കമ്മിറ്റിയുടെ മിനിറ്റ്സ്, RC/OC സർട്ടിഫിക്കറ്റുകൾ, PhD/M. Phill/NET സർട്ടിഫിക്കറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റിയിൽ സബ്മിറ്റ് ചെയ്യണം. വിശദ പരിശോധനകൾക്കു ശേഷം യൂണിവേഴ്സിറ്റി പ്രമോഷന് അംഗീകാരം നൽകുന്നതാണ്. പ്രമോഷന് ശേഷം ശമ്പളം ഫിക്സ് ചെയ്ത് തരുന്നത് കോളേജ് ഡെപ്യൂട്ടി ഡയറക്ടർ ആണ്.

**ഡോ. രാജേഷ് എം.ആർ.**
ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ

# ഡിജിറ്റൽ കാലഘട്ടത്തിലെ സിനിമകളിലെ ദലിത് ദൃശ്യതകൾ

ആഗോളവത്കരണ കാലഘട്ടത്തിൽ വിവര സാങ്കേതിക വിദ്യയുടേയും ഡിജിറ്റൽ ഉല്പന്നങ്ങളുടേയും കടന്നുവരവ് ലോകമെമ്പാടും ഉണ്ടായി.ഡിജിറ്റൽ കാലഘട്ടം സിനിമാ മേഖലയിൽ വലിയ മാറ്റങ്ങൾ വരുത്തി. ഡിജിറ്റൽ സിനിമകളുടെ വരവ് അത്തരത്തിലാണ്. ഡിജിറ്റൽ ക്യാമറകളും ഡിജിറ്റൽ വിതരണ, പ്രദർശന രീതികളും തിയറ്ററുകളെയും ചലച്ചിത്ര മേഖലകളെയും പുതുക്കി നിർമ്മിച്ചു.വളരെ ചെലവു കുറഞ്ഞ രീതിയിൽ സിനിമ നിർമ്മിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനുമുള്ള സാഹചര്യം ഉണ്ടായി. യൂ ട്യൂബ്, പ്രൊജക്ടർ, ന്യൂമീഡിയകൾ, ഒ.ടി.ടി ഫ്ലാറ്റ്ഫോമുകൾ എന്നീ മാധ്യമങ്ങളിലൂടെ സിനിമകൾ ഏതൊരാളിലേക്കും കടന്നുവരാവുന്ന സാധ്യതകൾ സംജാതമായി. ഡിജിറ്റൽ സിനിമയുടെ കടന്നു വരവോടെ സിനിമ കുറഞ്ഞ ചെലവിൽ നിർമ്മിക്കാമെന്ന അവസ്ഥ വന്നു. അതിനാൽ ദലിത് പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള നിരവധി സിനിമകൾ മലയാളത്തിൽ രണ്ടായിരത്തിനു ശേഷം പുറത്തിറങ്ങി. അത്തരം സിനിമകളിലേക്കുള്ള ഒരു യാത്രയാണ് ഈ ലേഖനം.

സമകാലിക മലയാള സിനിമയിൽ പ്രബല ജാതികളുടെ മേൽക്കോയ്മയും അധികാരവും ദൃശ്യപ്പെടുമ്പോൾ ദലിത് വിഭാഗങ്ങളുടെ പാർശ്വവത്കരണവും അദൃശ്യതയും തുടരുന്നുണ്ട്. എങ്കിലും മുൻ കാലങ്ങളെ അപേക്ഷിച്ച് ദലിത് വിഭാഗങ്ങൾ ദൃശ്യപ്പെടുന്ന സിനിമകൾ കൂടുതലായി വരുന്നുണ്ട്. ഇത്തരം വരവുകൾക്കിടയിലും കറുത്ത ശരീരങ്ങൾ തിരസ്കരിക്കപ്പെടുന്നതും ക്രിമിനൽ വാർപ്പു മാതൃകകളിലേക്ക് പരുവപ്പെടുന്നതും കാണാവുന്നതാണ്. വിനായകൻ, ചെമ്പൻ വിനോദ്,മണികണ്ഠൻ ആചാരി എന്നിവർ അവതരിപ്പിക്കുന്ന കഥാപാത്രങ്ങൾ ശ്രദ്ധിച്ചാൽ ഇതു മനസ്സിലാകും.

കീഴാള പശ്ചാത്തലങ്ങളിൽ നിന്നു വരുന്ന നടന്മാർക്ക് അവരുടെ തൊലി നിറം, ഭാഷ, തൊഴിൽ, പേര് എന്നിവയിലൂടെ അടിച്ചേൽപിക്കുന്നത് വംശീയ വാർപ്പു മാതൃകാ കഥാപാത്രങ്ങളാണ്."കലാഭവൻ മണിയുടെ മരണത്തിനു മുമ്പും ശേഷവും കേരളത്തിന്റെ 'കറുത്തമുത്ത് ' എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടത്. മറ്റുള്ള താരങ്ങൾ സൂപ്പർസ്റ്റാറും മെഗാസ്റ്റാറുമൊക്കെയായി അവരോധിക്കപ്പെട്ടപ്പോൾ മണിക്ക് ആ പദവി കിട്ടിയില്ല എന്ന് സുജിത് പാറയിൽ നിരീക്ഷിക്കുന്നുണ്ട് എത്ര പടങ്ങളിൽ നായകനായി വേഷമിട്ടാലും എത്ര ഹിറ്റുണ്ടാക്കിയാലും കറുത്തവന് പരമാവധി കറുത്ത മുത്താവാനേ കഴിയൂ"വെന്ന് എൻ.പി.സജീഷും അഭിപ്രായപ്പെടുന്നുണ്ട്.

ഹർഷദ് ഒരുക്കിയ ദായോം പന്ത്രണ്ടും എന്ന ചിത്രവും ഒരു റോഡ് മൂവിയുടെ ഘടനയിൽ സമകാലിക ഭൂസമരത്തെ അടയാളപ്പെടുത്തുന്ന ചിത്രമാണ്.




നാലു ചെറുപ്പക്കാരും അവരുടെ നേതാവും നടത്തുന്ന യാത്രയാണ് സിനിമയുടെ ഇതിവൃത്തം. മൂത്തോറൻ എന്നൊരാൾ ഇവരുടെ യാത്രയോടൊപ്പം കൂടുന്നു. വർഷങ്ങൾ നീണ്ട ജയിൽ വാസത്തിനു ശേഷം തന്റെ കുടുംബത്തെ അന്വേഷിച്ചു പോവുന്ന ദലിതനായ മൂത്തോറന് തന്റെ ഉറ്റവരെക്കുറിച്ചുള്ള ഏക വിവരം അവർ ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്തവരാണെന്നതു മാത്രമാണ്.മൂത്തോറനെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുമ്പോൾ അവർ കാണുന്ന കാഴ്ചയും ഭീതിദമാണ്. തങ്ങൾക്കുമുന്നേ അവിടെയെത്തിയ ഒരു സംഘമാളുകൾ ഒരു ദലിത് സ്ത്രീയെ പീഡിപ്പിക്കുന്നത് കാണുന്നു. യുവാക്കളുടെ നേതാവും മൂത്തോറനും സ്ത്രീയെ രക്ഷിക്കുന്നു. ബഹളത്തിനിടയിൽ കാമറ നഷ്ടപ്പെടുന്നതോടെ ആ ദൃശ്യങ്ങൾ പകർത്താൻ അവർക്കാവുന്നില്ല. അതിൽ നിരാശപ്പെടുന്ന അവരുടെ വിലാപത്തോടെയാണ് ചിത്രം അവസാനിക്കുന്നത്. എല്ലാവരും അവരവരുടെ താൽപ്പര്യങ്ങൾക്കുള്ളിൽ മാത്രമാണ് ജീവിക്കുന്നതെന്ന സന്ദേശം സിനിമ കൈമാറുന്നു. അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റിയ ഭൂസമരത്തിൽ പങ്കെടുത്തവർക്കു കിട്ടിയ ഉണ്ടുകക്ഷണം ഭൂമിയെ കുറിച്ച് ആ സമരത്തെ പ്രോൽസാഹിപ്പിച്ചവരോ പിന്തുണച്ചവരോ വ്യാകുലപ്പെടുന്നില്ലെന്ന സന്ദേശം ദായോം പന്ത്രണ്ടും പ്രേക്ഷകരോടു പങ്കുവയ്ക്കുന്നുവെന്ന് എ.എം. നജീബ് മൂത്തോറന്റെ ജീവിത യാത്രകൾ എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നു.

എസ് സുനിൽ സംവിധാനം ചെയ്ത വിശുദ്ധ രാത്രികൾ സാമാന്യമായ അർത്ഥത്തിൽ  റോഡ് മൂവി (Road movie) തന്നെയാണ്. മലമുകളിലുള്ള ഒരു റിസോർട്ടിൽ ഒഴിവുദിവസങ്ങൾ ചെലവിടാനായി പോകുന്ന മൂന്ന് സുഹൃത്തുക്കൾ പറയുന്ന കഥകളാണ് ഇവയിൽ ആദ്യത്തെ നാലെണ്ണം. ഒടുവിൽ അവർ  അഭിമുഖീകരിക്കുന്ന ഒരു പ്രതിസന്ധിയാണ് സിനിമ അവസാനിക്കുന്നത്. എല്ലാ കഥകളിലും രാത്രി ഒരു വലിയ രൂപകമായി ആവിഷ്കരിച്ച് വർത്തമാന കേരളീയ സദാചാരത്തെയും ജാതിയേയും ലൈംഗികതയേയും പ്രശ്നവത്കരിക്കുന്നു. സമൂഹത്തിൽ ധനം കൊണ്ടും ജാതി കൊണ്ടും ഉന്നതശ്രേണികളിലെ സ്വാധീനം കൊണ്ടുമൊക്കെ നിർമ്മിക്കപ്പെട്ട തങ്ങളുടെ അധീശത്വം സംരക്ഷിക്കുന്നതിനായി പരിശ്രമിക്കുന്ന കുറേ മനുഷ്യരെ ഈ സിനിമയിൽ കാണാം. ഇതിലെ ഒരു കഥയിൽപാരമ്പര്യം കൊണ്ട് കുലീനസ്ഥാനമുള്ള ഒരു കുടുംബത്തിലെ സ്ത്രീ സ്വന്തം ലൈംഗിക ചോദനകളുടെ ശമനത്തിനായി ഉപയോഗിക്കുന്ന ഒരു ചെറുപ്പക്കാരന് സംഭവിക്കുന്ന പ്രശ്നങ്ങളാണ് ആവിഷ്കരിക്കുന്നത്. മദ്യപിച്ചു ലക്കുകെട്ട് വണ്ടിയോടിച്ച ആ സ്ത്രീ ഉണ്ടാക്കുന്ന ഒരു അപകടത്തെ തുടർന്ന് അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ കൂടെയുണ്ടായിരുന്ന ആ ചെറുപ്പക്കാരൻ നിർബന്ധിതനാകുന്നു. സ്ത്രീയും അവരുടെ സ്വന്തക്കാരും ചേർന്ന് അവരേക്കാൾ കുറഞ്ഞ നിലയിലുള്ള ദളിതനായ ആ ചെറുപ്പക്കാരനെ ആ ആക്സിഡന്റ് കേസിൽ കുടുക്കുന്നു. വരേണ്യ സമ്പന്നവിഭാഗവും അധികാരവും എങ്ങനെയാണ് ദലിതനെ കുറ്റവാളിയായി ചിത്രീകരിക്കുന്നതെന്ന് ഈ സിനിമ ഓർമ്മപ്പെടുത്തുന്നു.

ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ എഴുതിയ ജെ . സി. ഡാനിയൽ ജീവചരിത്രത്തെയും, വിനു എബ്രഹാമിന്റെ 'നഷ്ട നായിക' എന്ന കഥയെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് കമൽ തിരക്കഥയെഴുതി സംവിധാനം ചെയ്ത സിനിമയാണ് "സെല്ലുലോയ്ഡ്"[ 2013].ജാതി വ്യവസ്ഥയുടെ കരാള ഹസ്തങ്ങളാൽ കൊല ചെയ്യപ്പെട്ട, തന്മൂലം ലോകം അറിയാതെ പോയ മലയാളത്തിലെ ആദ്യ നിശബ്ദ ചലച്ചിത്രമായ വിഗതകുമാരന്റെ പശ്ചാത്തലമാണ് ഈ സിനിമയിൽ നാം കാണുന്നത്. സിനിമ എന്ന സകല കലാരൂപങ്ങളുടെയും സംഗമ വേദി  ജാതിക്കും മതത്തിനും അതീതമായി നില കൊള്ളുന്ന കലയാണ്. ആ കലാരൂപത്തിന് ജാതി വ്യവസ്ഥയുടെ തൊട്ടുകൂടായ്മകളും ഭ്രഷ്ടും കൽപ്പിക്കാനാണ് വിഗതകുമാരന്റെ ഘാതകരായ ജാതിക്കോമരങ്ങൾ ആഗ്രഹിച്ചത്. സിനിമയിലെ സവർണ കഥാപാത്രത്തെ റോസി എന്ന ദളിത് സ്ത്രീ അഭിനയിച്ചു കാണിച്ചതിനെതിരെ തുടങ്ങിയ കാഹളം പിന്നീട് ആ സ്ത്രീയെ പരസ്യമായി വസ്ത്രാക്ഷേപം ചെയ്യുന്ന ആഭാസത്തോളം ചെന്നെത്തിയതായി ചരിത്രം പറയുമ്പോൾ സിനിമയിലെ റോസി സമൂഹത്തെ ഭയന്ന് ഇരുട്ടിലെവിടെയോ ഓടി മറയുന്നതായാണ് സംവിധായകൻ ചിത്രീകരിച്ചിരിക്കുന്നത്. ഇന്നും മലയാള സിനിമയിൽ ദലിത് സ്ത്രീകളുടെ പങ്കാളിത്തം എത്രത്തോളമാണെന്ന്

വിശകലനം ചെയ്യേണ്ടതാണ്.

മലയാളത്തിലെ ലെസ്ബിയൻ പ്രമേയ സിനിമകളിൽ വ്യത്യസ്തത പുലർത്തുന്ന വെളുത്ത രാത്രികൾ [2015] റാസി സംവിധാനം ചെയ്ത് പുറത്തിറക്കിയ സിനിമയാണ്.ദസ്തയോത്സ്കിയുടെ ഇതേ പേരിലുള്ള കഥയെ സിനിമയാക്കിയതാണ് വെളുത്ത രാത്രികൾ. സിനിമ പ്രമേയത്തെയും പരിചരണത്തെയും രാഷ്ട്രീയവൽക്കരിക്കുകയും ഇതിവൃത്തത്തിൽ കാര്യമായ മാറ്റം കൊണ്ടുവരികയും അട്ടപ്പാടിയിലെ ഇരുള ജന വിഭാഗത്തിലെ കഥാപാത്രത്തെയും ജീവിത പരിസരത്തെയും ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ലൈംഗിക വ്യത്യസ്തതകളും അട്ടപ്പാടിയിലെ ആദിവാസി സംസ്കാരവും ഈ സിനിമ ചർച്ച ചെയ്യുന്നുണ്ട്. മനു എന്ന ചിത്രകാരൻ യാത്രകൾ ചെയ്ത് ഒടുവിൽ അട്ടപ്പാടിയിൽ വരുന്നു. ഒരു രാത്രി അയാൾ ചെല്ലി എന്ന ആദിവാസി പെൺകുട്ടിയെ പരിചയപ്പെടുന്നു.തുടർന്നുള്ള അഞ്ച് രാത്രികളിലൂടേയും അവരുടെ പകലുകളിലൂടേയുമാണ് സിനിമ മുന്നോട്ടു പോകുന്നത്. ആദിവാസി സ്ത്രീകളുടെ വ്യത്യസ്തമായ സാഹചര്യങ്ങളെയാണ് ഈ സിനിമ ദൃശ്യവത്കരിക്കുന്നത്.

കീഴാള ജീവിതത്തിന്റെ പ്രതിനിധികളായ ഒരു അച്ഛനും മകനും തമ്മിലുള്ള മാനസിക വ്യാപാരങ്ങളും പരിസ്ഥിതിരാഷ്ട്രീയവും കലർന്നുള്ള ഒരു സിനിമയാണ് ജീവ കെ.ജെ സംവിധാനം ചെയ്ത റിക്ടർ സ്കെയിൽ 7.6. [2017].പരമ്പരാഗത കോലം തുള്ളൽ കലാകാരനായ രാമൻകുഞ്ഞ് തന്റെ പ്രായപൂർത്തിയായ മകൻ സുകുവിനൊപ്പം താമസിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളിലൂടെയാണ് കഥ മുന്നോട്ടു പോകുന്നത്. ജീവ കെജെയുടെ മലയാളം സിനിമയായ റിക്ടർ സ്കെയിൽ 7.6 പാരിസ്ഥിതിക അസന്തുലിതാവസ്ഥ മനുഷ്യ മനസ്സിനെ ബാധിക്കുന്ന ഒരു അസാധാരണ കഥയാണ്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സൂക്ഷ്മമായ സന്തുലിതാവസ്ഥയെ ഊന്നിപ്പറയുന്ന ചിത്രം, വികസനത്തിന്റെ പേരിൽ നടക്കുന്ന പരിസ്ഥിതി ചൂഷണത്തിന്റെയും അതിന്റെ ദൂരവ്യാപകമായ ആഘാതത്തിന്റെയും അദൃശ്യമായ പ്രത്യാഘാതങ്ങളെ ചോദ്യം ചെയ്യുന്നു.

ജനപ്രിയ സിനിമകൾ ഒട്ടുമുക്കാലും കച്ചവട താല്പര്യങ്ങൾക്കും കൂട്ടതലായി പ്രതിലോമ ആശയങ്ങൾക്കും അനുസൃതമായി രൂപം കൊള്ളുന്നവയാണ്. ഒടിയൻ [2018] എന്ന ജനപ്രിയ സിനിമ പറയനല്ലാത്ത ഒടിയനെ അവതരിച്ച്, സിനിമാറ്റിക് ഭാവനയിലെ ജാതി ചിന്തകളെയാണ് അവതരിപ്പിച്ചത്. ഗംഗാനദിയിൽ മുങ്ങിച്ചാകേണ്ടിയിരുന്ന സ്ത്രീയെ, സ്വാമിയെപ്പോലെ തോന്നിക്കുന്നയാൾ രക്ഷിക്കുകയും അയാൾ ഒടിയനായ മാണിക്കനാണെന്ന് രക്ഷിക്കപ്പെട്ട സ്ത്രീ തിരിച്ചറിയുന്നതോടുകൂടിയാണ് ഒടിയന്റെ കഥ തുടങ്ങുന്നത്. ഒടിയന്റെ വീരത്വവും നന്മയും കരുണയുമെല്ലാം അവതരിപ്പിച്ച് ഒരു വീരനായകനായി ഈ രംഗം ഒടിയനെ മാറ്റുന്നു. "കീഴാളരാക്കപ്പെട്ട ജനസമൂഹങ്ങൾ സ്വന്തം സ്വത്വങ്ങളെ സാംസ്കാരിക ആത്മങ്ങളാക്കിക്കൊണ്ടാണ് ബ്രാഹ്മണ്യജാതി ഹിംസകളെ പ്രതിരോധിച്ചത്. ആത്മഭാഷണങ്ങളുടെ മൊഴിവഴ ക്കങ്ങളും അനുഷ്ഠാനശീലങ്ങളും ശരീര വഴക്കങ്ങളും ഇതിനായി ഉപയോഗിക്കപ്പെട്ടു. ഒടിമറയുന്ന വിദ്യയും മാനും പുലിയും പോത്തും കാളയും ആയി വേഷപ്പകർച്ചകൾ നേടുന്ന ശരീരവഴക്കങ്ങളും പ്രതിരോധത്തിന്റെയും പ്രത്യാക്രമണത്തിന്റെയും രൂപങ്ങളായി വികസിച്ചു. ഇതിലൂടെ ജാതികോയ്മകളെയും ബ്രാഹ്മണ്യ അധീശത്വത്തെയും അപരത്വങ്ങളാക്കുന്ന ജ്ഞാനപദ്ധതിയെ ആത്മസ്വത്വത്തിന്റെ പ്രകാശനമായി പരിവർത്തിപ്പിച്ചു. സ്വന്തം ആത്മം നിരന്തരം സംവദിക്കുന്ന ഒന്നായി ഒടിമറയുന്ന വേഷപ്പകർച്ച രൂപങ്ങൾ ആവിഷ്കരിക്കപ്പെടുകയും ഒടിമറയൽ തന്നെ വിദ്യയാക്കി നിലനിർത്തി അതിന്റെ അധീശത്വത്തെ അപരമാക്കി നിലനിർത്തുന്ന രീതി വികസിപ്പിക്കുകയും ചെയ്തു എന്നതാണ് പറയ, മണ്ണാൻ സമുദായങ്ങളിലെ ഒടി വിദ്യാ പാരമ്പര്യത്തെ ചരിത്രവത്കരിക്കുമ്പോൾ ബോധ്യപ്പെടുന്നതെന്ന് " ഡോ.സെബാസ്റ്റ്യൻ ജോസഫ്, ഡോ.കെ.എസ്.മാധവൻ എന്നിവർ അഭിപ്രായപ്പെടുന്നുണ്ട്. [2019:48] ഡിജിറ്റൽ കാലത്ത് ജനപ്രിയ താരത്തെ ഉപയോഗിച്ച് ദലിത് സ്വത്വത്തെ അദൃശ്യമാക്കി വീരനായക പരിവേഷത്തെ അവതരിപ്പിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ ഈ സിനിമയിൽ കാണാം.

മലയാള സിനിമയിലെ ആണത്താധികാരവും ഫ്യൂഡൽ മൂല്യബോധവും ദലിത് വിരുദ്ധതയുമെല്ലാം തൊണ്ണൂറുകളിൽ അതിന്റെ ഉന്നതിയിൽ എത്തിയിരുന്നതായി നാം കണ്ടിരുന്നു.ഇതിന്റെ ഒരു വിമർശനമെന്ന നിലയിൽ വന്ന രോഹിത് വി.എസ് സംവിധാനം ചെയ്ത കള [2021] എന്ന സിനിമ ആണധികാരത്തെയും ഫ്യൂഡൽ ബോധത്തെയും അപനിർമ്മിക്കുന്നതായി കാണാം. മേലാളന്റെ പ്രകൃതിക്കും കീഴാള ജീവിതത്തിലേക്കുമീതെയുള്ള കടന്നു കയറ്റത്തെയാണ് കീഴാളന്റെ പോരാട്ടത്തിലൂടെ സിനിമ ദൃശ്യവത്കരിക്കുന്നത്. "രോഹിത് വി.എസ്. ചൂഷകരെയും ചൂഷിത സമൂഹത്തെയും പ്രതിനിധീകരിക്കുന്ന രണ്ട് കഥാപാത്രങ്ങളിലൂന്നിയ സമാന്തര യാത്ര കൂടിയാണ് കളയുടെത്. നായാടിയുടെ മകന് നായ അയാളുടെ സഹജീവിയാണ്, ഷാജിക്ക് ബ്ലാക്കി അയാളിലെ അധികാരത്തിന്റെയോ, മൂലധനത്തിന്റെയോ ചിഹ്നങ്ങളിലൊന്ന് മാത്രം. ലക്ഷം കൊടുത്ത് വാങ്ങിച്ചൊരു നായ. നീ അതിനെ കൊണ്ടു പോയ്ക്കോ നാടനല്ല വിദേശിയാ... അല്ലെങ്കിൽ വിലകൊടുത്ത് കൊള്ളാവുന്ന ഒന്നിനെ വാങ്ങിത്തരാമെന്നും ഷാജി പറയുന്നു.

പുകയുന്ന സിഗരറ്റിൽ മുതൽ ഉള്ളിലും ഉടലിലും ആണിനെ/ ആണഹന്തയെ പേറുന്നൊരാളാണ് ഷാജി. നിറത്തിലും ഉടലിലും ഇടത്തിലുമെല്ലാം മേൽത്തരം മനുഷ്യനാണ് താനെന്ന് ഷാജി ആവർത്തിക്കുന്നുണ്ട്. വീട്ടിന് പുറത്തെ ഏതൊരാക്രമണത്തെയും പ്രതിരോധിക്കുന്ന ഷാജിക്ക് പുറമേക്ക് മാത്രമാണ് മുറിവുകളുണ്ടാകുന്നത്. അയാളിലെ വരേണ്യബോധ്യത്തിനോ, ആണഹന്തയ്ക്കോ തെല്ലും പരുക്കേൽക്കുന്നില്ല. മരിച്ചാലും വിട്ടുകളയില്ലെന്ന് ആ 'നായാടിയുടെ മകൻ' തീർച്ചപ്പെടുത്തിയതും അതിനാലാവും. വീട്ടിനകത്തെത്തുമ്പോൾ അയാളെ എതിരാളി നിലംപരിശാക്കുമ്പോൾ അകമേക്കും തകർന്നടിയുകയാണ് ഷാജി. പുറമേ


കള [2021]

ക്ക് മുറിവേൽപ്പിക്കാനല്ല വന്നതെന്ന് മൂറിന്റെ കഥാപാത്രം പറയാതെ പറയുന്നുമുണ്ട്. അവിടുന്നിങ്ങോട്ടുള്ള പടിക്കെട്ടിറക്കത്തിലാണ് കളയിലെ 'നായകന്റ്' ഉദയം. വർഗവിശകലനത്തിനൊപ്പം തന്നെയാണ് രോഹിത് വി.എസ്, ഷാജിയെന്ന കള പറിച്ചെറിയുന്നതെന്ന്" മനീഷ് നാരായണൻ അഭിപ്രായപ്പെടുന്നു.

റത്തീന സംവിധാനം ചെയ്ത പുഴു എന്ന സിനിമയിൽ ഇന്നും ഇന്ത്യയിൽ തുടർന്നുകൊണ്ടിരിക്കുന്ന ജാതി ദുരഭിമാനക്കൊലയും ജാതി വിവേചനവുമെല്ലാം പ്രമേയമാകുന്നു. മലയാള സിനിമയിൽ തൊണ്ണൂറുകളിൽ ആവിഷ്കരിച്ച സവർണ്ണ പുരുഷാധിപത്യത്തിന്റെ ദലിത്, മുസ്ലിം വിരുദ്ധതയെ അപനിർമ്മിക്കുന്ന, വിമർശിക്കുന്ന സിനിമ കൂടിയായി പുഴുവിനെ കാണാം. പുഴു: ജാതിയുടെ ശസ്ത്രക്രിയ എന്ന ലേഖനത്തിൽ പ്രേംലാൽ ഇങ്ങനെ അഭിപ്രായപ്പെടുന്നുണ്ട്."ഭൂമി വിൽക്കാനുണ്ടെന്ന് കേട്ടറിഞ്ഞെത്തിയ അന്യമതക്കാരനോട് 'നിന്റെ വാപ്പ വീരാൻകുട്ടി ആ പടിപ്പുരയ്ക്കിപ്പുറം കടന്നിട്ടില്ല' എന്ന് സവർണ്ണത ഛർദ്ദിച്ച നീലകണ്ഠന്മാരെയും പണ്ട് കുടിയാനായിരുന്നവന്റെ മകൻ സബ് ഇൻസ്പെക്ടറായി മുമ്പിൽ വരുമ്പോൾ ചൊറിഞ്ഞു പൊട്ടുന്ന ജാതിയുടെ വരട്ടുചൊറിയും മാന്തി അസ്കിതപ്പെട്ടു നിൽക്കുന്ന ആര്യനിലെ ബ്രാഹ്മണനെയും സൃഷ്ടിച്ച സർഗചിന്തകളുടെ കരണക്കുറ്റി നോക്കി പൊട്ടിക്കുന്ന കരുത്തുണ്ട്, പുഴുവിലെ കുട്ടൻബ്രാഹ്മണന്റെ പെങ്ങളെ കല്യാണം കഴിച്ച കുട്ടപ്പൻ ദളിതൻ, വിളറി പിടിച്ചുനിൽക്കുന്ന ബ്രാഹ്മണ്യമുഖങ്ങൾക്ക് നടുവിലൂടെ തന്റെ ഭാര്യയുടെ കയ്യും പിടിച്ച് നടന്നുവരുമ്പോൾ ആ മുഖത്ത് തെളിഞ്ഞുനിൽക്കുന്ന പുഞ്ചിരിക്ക്!"

പുഴു ഈ സിനിമയിൽ ഒരു പ്രതീകമെന്നോണം പ്രവർത്തിക്കുന്നുണ്ട്. സമൂഹത്തിലെ മാനവികതയേയും പുരോഗമന ചിന്തകളെയും എല്ലാം തള്ളിക്കളയുന്ന സവർണ്ണ ജാതി അധീശത്വ ബോധം ആയിട്ട് പുഴുവിനെ കാണാം. മറ്റൊന്ന് സമൂഹത്തിലെ ഏറ്റവും കീഴ്പ്പെട്ടു കിടക്കുന്ന, ദലിത്  വിഭാഗത്തെ സൂചിപ്പിക്കുന്ന ഒന്നാണ് പുഴു.പഴത്തിനുള്ളിൽ പുഴുവായി ഒളിച്ചിരുന്ന തന്റെ ദൗത്യം നിർവഹിക്കുന്ന തക്ഷകനെന്ന രൂപകം ആയിട്ടാണ് ചിത്രത്തിൽ, ജാതിക്കെതിരായ പോരാട്ടത്തിന്റെ പ്രതീകമെന്നോണം പുഴു കടന്നുവരുന്നത് എന്നും പറയാം. ഇതിലെ കഥാനായകനായ കുട്ടൻ പേരിനൊപ്പം ജാതിവാൽ ചേർക്കുന്നില്ലെങ്കിലും ജാതിയുടെ ചിന്തകൾ പേറുന്നവൻ ആണ്. ഭൂമി കച്ചവടത്തിൽ, പണത്തെ മുൻനിർത്തി അയാൾ അന്യ മതസ്ഥരും ആയി ബിസിനസ് നടത്തുന്നുണ്ടെങ്കിലും ശാരീരികമായി അവരോട് അകൽച്ച പുലർത്തുന്നവനാണ്. തന്റെ മകൻ മറ്റു മതസ്ഥരുമായി ഇടപെടാതിരിക്കാൻ, ഫുട്ബോൾ കളിക്കാതിരിക്കാൻ അവനെ അനുവദിക്കാത്തതും പകരം ശാരീരിക അകലം സൂക്ഷിക്കാൻ കഴിയുന്ന ചെസ്സ് കളിയിൽ പ്രോത്സാഹിപ്പിക്കുന്നതും ഇതിൽ കാണാം.

നൂറ്റാണ്ടുകളോളം ഇന്ത്യയിൽ നിറഞ്ഞുനിന്ന ജാതീയതയുടെ വിവേചനങ്ങൾ ഇന്നും സമകാലിക കേരളീയ സമൂഹത്തിലും തുടരുന്നുണ്ടെന്നതിനെ ഓർമ്മപ്പെടുത്തുകയാണ് പുഴു എന്ന സിനിമ. തന്റെ പെങ്ങൾ ഒരു ദളിതന്റെ കുഞ്ഞിനെ പ്രസവിക്കാൻ പോകുന്നതെന്ന് അറിഞ്ഞപ്പോൾ അഭിമാനം നഷ്ടപ്പെട്ടവനായി നിൽക്കുന്ന കുട്ടൻ തന്റെ പെങ്ങളെയും അവളുടെ ഭർത്താവിനെയും തലക്കടിച്ചു കൊല്ലുന്നു എന്നുള്ളത് ഈ സിനിമയിലെ നടുക്കുന്ന രംഗമാണ്. തന്റെ പെങ്ങളുടെ ഭർത്താവായ കുട്ടപ്പൻ തനിക്ക് പിറക്കാൻ പോകുന്ന മകൾക്ക് നങ്ങേലി എന്ന പേരിടും എന്ന് പറയുന്നത് തന്നെ ഒരു പ്രതിരോധത്തിന് സൂചനയായിട്ടാണ്. നങ്ങേലി കേരളചരിത്രത്തിൽ ആത്മാഭിമാനം തുടിക്കുന്ന ഒരു പേരാണ്. മുലക്കരം ചോദിച്ചു വന്ന സവർണ്ണ പ്രഭുക്കന്മാർക്കെതിരെ തന്റെ മുല മുറിച്ചു മാറ്റി

എറിഞ്ഞുകൊടുത്ത നങ്ങേലി ചരിത്രത്തിലെ ദളിത് പ്രതിരോധത്തിന് ചിഹ്നമാണ്. നാടക നടനായ കുട്ടപ്പന് ലഭിച്ച "നങ്ങേലിയെന്ന പുരസ്കാരം" കൊണ്ടു തന്നെയാണ് കുട്ടപ്പന്റെ തല കുട്ടൻ അടിച്ച് തകർക്കുന്നതും. ഇത്രയൊക്കെ ചെയ്യുമ്പോഴും താൻ ചെയ്തത് ശരിയാണ് എന്നുള്ള ബോധമാണ് കുട്ടനെ പിന്തുടരുന്നത്. അത് തന്റെ മകനിലേക്ക് അയാൾ പകർന്നു നൽകാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ സമ്പന്ന സവർണ്ണ വിഭാഗം തലമുറകളായി പകർന്നു നൽകുന്ന ജാതി ബോധത്തെയും ജാതി വിവേചനത്തെയും ഈ സിനിമ വിമർശിക്കുന്നു.

ജാതീയതയുടെയും മനുഷ്യത്വ വിരുദ്ധതയുടെയും ബ്രാഹ്മണിക്കൽ മുഖം ഈ ചിത്രം പുറത്തുകൊണ്ടുവരുന്നു. വീടിനകത്തും വിവാഹ ആഘോഷങ്ങളിലും പൊതു ഇടങ്ങളിലും സർക്കാർഓഫീസുകളിലും താമസ സ്ഥലങ്ങളിലും സ്കൂളുകളിലും എല്ലാം ജാതി അങ്ങനെയാണ് നമ്മുടെ ജീവിതത്തിൽ നിരന്തരം പ്രവർത്തിക്കുന്നതെന്ന് ഈ സിനിമ വ്യക്തമാക്കിത്തരുന്നു. നിരന്തരമായി സമൂഹത്തിൽ  അടിച്ചമർത്തലുകൾ നേരിടേണ്ടി വരുന്ന ദളിത് മനുഷ്യരുടെ പ്രതികരണങ്ങളെ കൂടി ഈ സിനിമ ആവിഷ്കരിക്കുന്നുണ്ട്. മാരേജ് സർട്ടിഫിക്കറ്റിനായി ഭാരതിയുടെ കൂടെ കുട്ടപ്പൻ ചെല്ലുമ്പോൾ ആ ഓഫീസിൽ നിന്ന് കിട്ടുന്ന മറ്റുള്ളവരുടെ പ്രതികരണത്തിലൂടെ എല്ലാം ജാതി എങ്ങനെയാണ് സർക്കാർ ഓഫീസുകളിൽ നിലനിൽക്കുന്നതെന്നും വ്യക്തമാകുന്നു.

കുട്ടൻ എന്ന കഥാപാത്രത്തിലൂടെ പോലീസ് കാലത്തെ അയാളുടെ ക്രൂരതയും കൺട്രോളിങ് പാരന്റിംങ്ങും സവർണ്ണ ബോധവും അധികാര ഭാവവും തൊട്ടുകൂടായ്മയും എല്ലാം സമർത്ഥമായി ഈ സിനിമയിൽ അവതരിപ്പിക്കുന്നു. കാണാൻ ചെറുതായ പുഴു എന്ന ജീവിയെ അറപ്പായിട്ടാണ് മനുഷ്യർ കാണുന്നത്.

ആ അറപ്പ്, അസ്വസ്ഥത ഒരു തരത്തിൽ ഈ സിനിമ കാണുമ്പോൾ നമുക്ക് ഉണ്ടാകാം.ജാതീയമായ കാഴ്ചപ്പാടോടെ  സവർണ്ണ മനുഷ്യൻ വെച്ചു




പുലർത്തുന്ന മനോഭാവങ്ങളോടാണ് നമുക്ക് അറപ്പ് തോന്നുന്നത്.സവർണ്ണ മനോഭാവവും ജാതിചിന്തയും കാരണം തന്റെ മകൻ സഹപാഠിയും ആയി ഭക്ഷണം പങ്കിടുന്നത് കളിക്കുന്നത് പോലും ഇതിലെ കുട്ടൻ എന്ന കഥാപാത്രത്തിന് ഇഷ്ടമാകുന്നില്ല. അച്ഛന്റെ സവർണ്ണ മനോഭാവം മകനിലേക്ക് നീട്ടി വെക്കാനും അയാൾ ആഗ്രഹിക്കുന്നു.

ഡോ. ബിജു സംവിധാനം ചെയ്ത ചലച്ചിത്രമായ വെയിൽ മരങ്ങൾ [2019] കേരളത്തിൽ നിന്ന് ഹിമാചലിലേക്ക് പലായനം ചെയ്യപ്പെട്ട ദളിത് കുടുംബത്തിന്റെ കഥയാണ് ആവിഷ്കരിക്കുന്നത്.ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്കോ, ഒരു സംസ്ഥാനത്തു നിന്ന് മറ്റൊരു സംസ്ഥാനത്തേക്കോ പോകുന്ന അഭയാർത്ഥികളുടെ അതിജീവനമാണ് വെയിൽ മരങ്ങൾ. ഒരു ദലിത് ഫാമിലി ജീവിക്കുന്ന ചുറ്റുപാടിൽ പ്രളയം വരികയും വീട് മുങ്ങിപ്പോവുകയും തൊഴിൽ ഇല്ലാതാകുകയും ചെയ്യുമ്പോഴാണ് ഇവർക്ക് തൊഴിൽ തേടി അന്യനാട്ടിലേക്ക് പോകാനുള്ള സാഹചര്യമുണ്ടാകുന്നത്. അവിടേക്ക് കുടിയേറുമ്പോൾ [ഹിമാചൽ പ്രദേശ് ] വ്യത്യസ്തമായ ഭൂപ്രകൃതി, വ്യത്യസ്തമായ കാലാവസ്ഥ, നിരന്തരമായി അവരുടെ ജീവിതത്തിൽ സംഭവിക്കുന്ന സംഘർഷം, അവിടെ അവർ നേരിടുന്ന സാമൂഹ്യ പരമായ ചില മാറ്റി നിർത്തലുകൾ - സാധാരണക്കാരായ ഒരു കുടുംബം ഇത്തരം സാഹചര്യങ്ങളെ എങ്ങനെയാണ് അതിജീവിക്കുക, അതിൽ പരാജയപ്പെട്ടു പോകാതിരിക്കാൻ എന്തൊക്കെയാണ് ചെയ്യുക എന്നുള്ളത് കൃത്യമായി വെയിൽ മരങ്ങളിലൂടെ പറഞ്ഞിട്ടുണ്ടെന്ന് ഡോ.ബിജു അഭിമുഖത്തിനിടെ സൂചിപ്പിക്കുന്നു. [2019:21] ലോകമെമ്പാടും സംഭവിച്ചു കൊണ്ടിരിക്കുന്ന ഒന്നാണ് അഭയാർത്ഥി പ്രശ്നങ്ങളും പലായനങ്ങളും. അടിസ്ഥാന വർഗ്ഗങ്ങൾ ഇത്തരം സാഹചര്യങ്ങളിൽ കൂടുതൽ ചൂഷണത്തിലേക്കും ദാരിദ്ര്യത്തിലേക്കുമാണ് ചെന്നെത്തുന്ന തെന്നാണ് വെയിൽ മരങ്ങൾ വ്യക്തമാക്കുന്നത്.

1996ൽ കേരളത്തിൽ നടന്ന ഒരു യഥാർത്ഥ സംഭവത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് സംവിധായകനായ കെ.എം. കമൽ പട[ 2022 ] എന്ന ചിത്രം ഒരുക്കിയിരിക്കുന്നത്. കേരള ചരിത്രത്തിൽ ആദ്യമായി ഒരു ജില്ലാ കളക്ടർ ജില്ലാ ഭരണകേന്ദ്രത്തിൽ തന്നെ ബന്ദിയാക്കപ്പെടുകയുണ്ടായി. കേരള സംസ്ഥാനത്തിലെ ആദിവാസികളുടെ സമരചരിത്രത്തിലെ ഏറ്റവും പ്രധാന സംഭവങ്ങളിലൊന്നായി അത് രേഖപ്പെടുത്തപ്പെട്ടു.ഭരണഘടനാപരമായ പരിരക്ഷയുള്ള ജനവിഭാഗമാണ് ആദിവാസികൾ. എന്നാൽ, കേരളത്തിലെ സർക്കാർ സംവിധാനങ്ങൾ ഒരു കാലത്തും ഇത് അംഗീകരിച്ചിട്ടില്ല. സംസ്ഥാനത്തെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇക്കാര്യം സമ്മതിക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. ആദിവാസികൾക്കുള്ള ഭരണഘടനാപരമായ ബാധ്യത

നിറവേറ്റുന്നതിൽ മുഖ്യധാരാ സമൂഹത്തിനും താൽപര്യമില്ല. ആദിവാസി ജനതക്കും ഭൂമിക്കും മേലുള്ള കടന്നു കയറ്റത്തെ കൂട്ടുപിടിച്ച ചരിത്രമാണ് കേരളത്തിൻറേത്. ആ അനീതി നിറഞ്ഞ ചരിത്രത്തിന്റെ കലാപരമായ പ്രതിഫലനമാണ് പടയെന്ന സിനിമ.

മലയാളികൾ അറിഞ്ഞിട്ടും അറിയാതെ പോയ, ബുദ്ധിജീവികൾ ചൂണ്ടിക്കാണിക്കാത്ത, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കണ്ണടച്ച ആദിവാസികളുടെ കേരളമുണ്ട്. ആ കേരളത്തിന്റെ പ്രതിഫലനമാണ് സിനിമയെന്ന് സംവിധായകനായ കമൽ കെ.എം പറയുന്നു.അന്യാധീനപ്പെട്ട ആദിവാസി ഭൂമിയുടെ ചരിത്രത്തിലേക്കാണ് സിനിമ വിരൽചൂണ്ടുന്നതെന്ന് സംവിധായകൻ സമ്മതിച്ചു.

മാവോവാദി സംഘടനയെന്ന് ആരോപിക്കപ്പെടുന്ന അയ്യങ്കാളിപ്പട പാലക്കാട് കലക്ടറായിരുന്ന ഡബ്ല്യൂ. ആർ. റെഡിയെ കലക്ടറുടെ ചേമ്പറിൽ പത്ത് മണിക്കൂറോളം ബന്ദിയാക്കി വെച്ചത് സ്വതന്ത്ര ഇന്ത്യയിലെ അപൂർവ സംഭവമാണ്. കളിത്തോക്കും നൂൽബോംബും കൊണ്ടാണ് അയ്യങ്കാളിപ്പട സമരം നടത്തിയത്. ആ സംഭവത്തിന് പിന്നിലുള്ള കാര്യങ്ങളാണ് സിനിമയിൽ ആവിഷ്കരിക്കുന്നത്. ചരിത്രത്തിൽ നിന്ന് സവിശേഷമായൊരു സമരത്തിന്റെ ചരിത്രം അടയാളപ്പെടുത്തുകയാണ് കമൽ.സമരത്തിലൂടെയാണ് കഥാസന്ദർഭങ്ങൾ കടന്ന് പോകുന്നത്.

കല്ലറ ബാബു, വിളയോടി ശിവൻകുട്ടി, കാഞ്ഞങ്ങാട് രമേശൻ, അജയൻ മണ്ണൂർ എന്നിവരായിരുന്ന ഭരണകൂടത്തെ മുൾമുനയിൽ നിർത്തിയ ആ സമര സംഘത്തിലുണ്ടായിരുന്നത്. കളക്ടറെ വിട്ടയച്ചതിന് ശേഷം കല്ലറ ബാബു എഴുതി തയ്യാറാക്കിയിരുന്ന പ്രസ്താവന വായിച്ചു."ഞങ്ങളുടെ ആവശ്യങ്ങൾ വളരെ ചെറുതാണ്. നിങ്ങൾ നിങ്ങളുടെ ഭരണഘടനയോടും നിയമവ്യവസ്ഥയോടും നീതി പുലർത്തണം. മനുഷ്യാവകാശ ധാരണങ്ങൾക്കെതിരായ ആദിവാസി ഭൂമിസംരക്ഷണ ഭേദഗതി റദ്ദാക്കണം. മർദ്ദിതരുടെ ഐക്യം തകർത്ത് നിങ്ങളുടെ വൃത്തികെട്ട വ്യവസ്ഥയെ സംരക്ഷിക്കാനുള്ള ഈ നീക്കത്തെ സർവ്വശക്തിയും ഉപയോഗിച്ച് ഞങ്ങൾ ചെറുക്കും." ആദിവാസികളുടെ ഭൂസമരവുമായി ബന്ധപ്പെട്ടാണ് ഈ സമരത്തെ നാം നോക്കി കാണേണ്ടത്.ഈ സമരം ഒത്തുതീർപ്പായെങ്കിലും സമരം നടത്തിയവരെ ഭരണകൂടം പിന്നീട് വേട്ടയാടിക്കൊണ്ടിരുന്നു. കേരളത്തിലെ കീഴാള സമര ചരിത്രത്തിൽ എഴുതപ്പെടാത്ത, തമസ്കരിക്കപ്പെട്ട സമരമായിട്ടായിരിക്കും ഭാവി കേരളം ഇതിനെ വിലയിരുത്തുന്നത്.

സജിമോൻ സംവിധാനം ചെയ്ത മലയൻ കുഞ്ഞ് [2022 ] അനിൽ കുമാർ എന്ന അനിക്കുട്ടന്റെ ജീവിതത്തിനു ചുറ്റുമാണ് ചിത്രം വികസിക്കുന്നത്. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കഥ പറയുന്ന ഒരു ചിത്രമാണിത്. ഇലക്ട്രോണിക്സ് ടെക്നീഷ്യനായി ജോലി ചെയ്യുന്ന ആളാണ് അനിക്കുട്ടൻ. അതിരാവിലെ മുതൽ ജോലിയിൽ മുഴുകുന്ന അനി കുട്ടന്, ചെറിയ ശബ്ദം പോലും ജോലിയിൽ ശല്യം സൃഷ്ടിക്കും. അയല്പക്കത്തെ കുഞ്ഞ് കരയുന്നത് പോലും പ്രശ്നമാക്കുന്ന ആളാണ് അനി കുട്ടൻ. അന്യജാതിയിൽ പെട്ട ഒരാളുമായി അനുജത്തി ഒളിച്ചോടിയപ്പോൾ അച്ഛൻ ആത്മഹത്യ ചെയ്തതോടെയാണ് അനി കുട്ടന്റെ സ്വഭാവവും മാറിയത്. അങ്ങനെ എന്തിനോടും കലഹിക്കുന്ന അനി കുട്ടൻ ഉരുൾപൊട്ടലിൽ പെടുന്നതും തുടർന്ന് നടക്കുന്ന സംഭവങ്ങളുമാണ് ഈ ചിത്രം പറയുന്നത്.തൊട്ടുകൂടാത്തവരായി കരുതിയിരുന്ന,പൊന്നിയെന്ന ആ കുഞ്ഞിന്റെ അരോചകമായി തോന്നിയ കരച്ചിലാണ് മൃഗവും, മനുഷ്യനും തുല്യരായിത്തീരുന്ന മരണത്തിന്റെ ആഴങ്ങളിൽ നിന്നും അനികുട്ടനെ രക്ഷിക്കുന്നത്. ആ കൈക്കുഞ്ഞൊരു ജീവിത പാഠവുമയാൾക്കു നൽകുന്നു, ജാതീയവും മറ്റുതരത്തിലുമുള്ള വേർതിരിവുകളുടെ ആയുസ്സ് അയാളുടെ മരണം വരെയെ ഉള്ളൂവെന്ന പാഠം. ആ പുതിയ ജീവിത ദർശനത്തിലേക്കാണ് ആ മണ്ണിൽ നിന്നു മയാൾ ഉയർത്തുവരുന്നത്. പ്രളയം നമ്മെ പഠിപ്പിച്ച നിരവധി പാഠങ്ങളിലൊന്നതായിരുന്നു, ജാതിയും നിറവും പത്രാസും കൊണ്ടൊന്നും മനുഷ്യനെ അളക്കരുതെന്ന്. പ്രകൃതിദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സമൂഹത്തിലെ ജാതി വ്യവസ്ഥയേയും ജാതിവിവേചനത്തെയും പ്രശ്നവത്കരിക്കുകയാണ് മലയൻ കുഞ്ഞ് എന്ന സിനിമ.

പ്രദീഷ് പ്രസാദ് സംവിധാനം ചെയ്ത നോർമൽ (2022) എന്ന സിനിമ കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിലുള്ള മൂന്ന് ചെറു ചിത്രങ്ങൾ ചേർന്നുള്ള സിനിമയാണ്. ലോക്ഡൗണിന്റെ ഫലമായി മനുഷ്യരുടെ ജീവിത രീതി മാറുമ്പോഴും ചില കാര്യങ്ങൾ മാറ്റമില്ലാതെ അതേപടി പിന്തുടരുന്ന അവസ്ഥയും സമൂഹത്തിൽ കാണുന്നു. മാറ്റമില്ലാതെ തുടരുന്ന ചില സാധാരണ (നോർമൽ ) അവസ്ഥകളെക്കുറിച്ചാണ് ഈ സിനിമ സംസാരിക്കുന്നത്.ഇതിലെ 'ഇരകളും വേട്ടക്കാരും' എന്ന കഥയിൽ ക്രിസ്ത്യൻ കുടിയേറ്റവും അധികാരവും ആവിഷ്കരിക്കുന്നുണ്ട്. ഫ്രാൻസിസ് എന്ന ഭൂപ്രഭുവിന്റെ പന്നിവേട്ടയാണ് ഇതിൽ കാണുന്നത്. വഴികാട്ടിയായി ദലിത് വിഭാഗത്തിൽ പെട്ട ഒരു പയ്യനേയും കൂട്ടുന്നു. പന്നിയെ വെടിവെച്ച് കൊന്ന് കുഴിച്ചുമൂടാനാണെന്ന് പറഞ്ഞ് അവനേയും കൊണ്ട് ഫ്രാൻസിസ് പോകുന്നു. പയ്യന് പന്നിയുടെ പങ്ക് കൊടുക്കാമെന്നു പറഞ്ഞിട്ടും ഫ്രാൻസിസ് കൊടുക്കുന്നില്ല. ദലിതരോടുള്ള ചൂഷണം വർത്തമാനക്കാലത്തും എങ്ങനെ തുടരുന്നുവെന്നാണ് ഈ പന്നിവേട്ടയിലൂടെ സൂചിപ്പിക്കുന്നത്. കീഴാളരോടുള്ള അധികാര മനോഭാവം സൂക്ഷ്മമായി ഇപ്പോഴും കുടിയേറ്റ മേഖലയിൽ സവർണ്ണ ക്രിസ്ത്യാനികൾ വച്ചുപുലർത്തുന്നുവെന്നും സിനിമ ഓർമ്മപ്പെടുത്തുന്നു.

ഇത്തരത്തിൽ ഡിജിറ്റൽ കാലത്ത് ദലിത് പ്രമേയങ്ങൾ ഉൾക്കൊള്ളുന്ന നിരവധി സിനിമകളാണ് പുറത്തു വന്നു കൊണ്ടിരിക്കുന്നത്.ഇവ പരിസ്ഥിതി, ദലിത്-ആദിവാസി ഭൂസമരം, സ്വത്വ വൈവിധ്യ രാഷ്ട്രീയം, സംസ്കാരം എന്നീ നിരവധി വിഷയങ്ങളെ സമകാലിക ദലിത് കാഴ്ചപ്പാടിൽ നോക്കി കാണുന്നു. ബ്രാഹ്മണ്യ അധീശത്വത്തോടും നവ കോർപ്പറേറ്റ് വത്കരണത്തോടും ആണത്താധികാര വ്യവസ്ഥയോടു

മെല്ലാം ഏറ്റുമുട്ടിക്കൊണ്ടാണ് വർത്ത മാന ദലിത് ജീവിതങ്ങൾ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നതെന്ന് ഈ സിനിമകൾ സാക്ഷ്യപ്പെടുത്തുന്നു.

-------

എ.എം. നജീബ്, മൂത്തോറന്റെ ജീവിത യാത്രകൾ, ഉത്തരകാലം ഓൺലൈൻ, 2014 നവംബർ 9

പ്രേംലാൽ, പുഴ, ജാതിയുടെ ശസ്ത്രക്രിയ, ദക്യൂ ഓൺലൈൻ,2022 മെയ് 19

എ എസ്.അജിത്കുമാർ, എന്തുണ്ട യാണീ രാഷ്ട്രീയം?മലയാള സിനി മയും നീക്കുപോക്കിന്റെ പുതിയ സാധ്യതകളും, ഉത്തരകാലം ഓൺ ലൈൻ,2019 ജൂൺ 22

കെ എം സലിം കുമാർ, 2011,നെഗ്രി റ്റ്യൂഡ്, ഡി.സി.ബുക്സ്, കോട്ടയം,പുറം 143

എൻ.പി.സജീഷ്, 2016 മെയ് 15-21, വെളുത്ത തിരശ്ശീലയിലെ കറുത്ത ഉടലുകൾ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, കോഴിക്കോട്

ഡോ.സെബാസ്റ്റ്യൻ ജോസഫ്,ഡോ. കെ.എസ്.മാധവൻ, 2019 ജൂൺ 17, ജാതിയെ റദ്ദാക്കുന്ന സിനിമാറ്റിക് ഒടിവിദ്യകൾ, മാധ്യമം ആഴ്ചപ്പതിപ്പ്, കോഴിക്കോട്, പുറം - 45

ഡോ.ബിജു / ബിജു ബെർണാഡ്; 14 ജൂലൈ 2019, വെയിൽ മരങ്ങൾ പൂക്കുമ്പോൾ, ദേശാഭിമാനി വാരിക കോഴിക്കോട്, പുറം - 21

മനീഷ് നാരായണൻ, 26 മാർച്ച് 2021, 'കള'യിലെ ക്ലാസ്, കയ്യടിക്കേണ്ട മാസ്, ദ ക്യൂ

## സ്മരണാഞ്ജലി



വിവിധ എൻ എസ് എസ് കോളജുകളിൽ ഫിസിക്സ് വിഭാഗം അദ്ധ്യാപകനും എകെപിസിടിഎ പ്രവർത്ത കനുമായിരുന്ന പ്രൊഫ.എം .എൻ. വാസുദേവൻ നായർ



കൊല്ലം ഫാത്തിമ മാത കോളജ് അദ്ധ്യാപകനും എകെപിസിടിഎ പ്രവർ ത്തകനുമായിരുന്ന പ്രൊഫ. ക്ലിഫോർഡ് ഗോമസ്



കായംകുളം എം.എസ്.എം. കോളേജ് റിട്ട. വൈസ് പ്രിൻ സിപ്പൽ ചെട്ടികുളങ്ങര പേള ഗീതാഞ്ജലിയിൽ പ്രൊഫ. സി.എസ്. അരവിന്ദ്



കോട്ടയം ബസേലിയോസ് കോളജിലെ ഗണിത ശാസ്ത്രവിഭാഗം അദ്ധ്യാപകനും മികച്ച എകെപിസിടിഎ പ്രവർത്തകനുമായിരുന്ന പ്രൊഫ.കെ.പി. തോമസ്



വിവിധ എൻ എസ് എസ് കോളജുകളിൽ മലയാളം അദ്ധ്യാപകനും എകെപിസി ടിഎ പ്രവർത്തകനുമായിരു ന്ന ഡോ.എ.ആർ.ഗോപാല പിള്ള



ആലപ്പുഴ എസ് ഡി കോ ളജിലെ കൊമേഴ്സ് വിഭാഗം അദ്ധ്യാപകനും എകെപി സിടിഎ സജീവ പ്രവർത്ത കനും ആയിരുന്ന ഡോ. ജി. ബാലചന്ദ്രൻ



**സജിൻ പി. ജെ**
അൽ - അമീൻ കോളജ്, എടത്തല

# ചിലപ്പോളാണെങ്കിൽ

ചിലപ്പോളാണെങ്കിൽ
ഞാൻ നിന്നെ ഉമ്മ വെച്ചേക്കാം!
വെടിയുണ്ടകൾ പെയ്തു തീരുകയും
മഴ പെയ്തു തുടങ്ങുകയും ചെയ്താൽ
ചിലപ്പോളാണെങ്കിൽ
ഞാൻ നിന്നെ ഉമ്മ വെച്ചേക്കാം.
തീ പിടിക്കാത്ത ഒരു മരച്ചില്ലയും
ഇടിഞ്ഞു വീഴാത്ത ഒരു
കൽക്കെട്ടും അവശേഷിച്ചാൽ
അവയുടെ തണലിൽ
ചിലപ്പോളാണെങ്കിൽ
ഞാൻ നിന്നെ ഉമ്മ വെച്ചേക്കാം.
നടപ്പാതയുടെ ഓരത്ത്
അറ്റുപോയൊരു കൈയും
വിറങ്ങലിച്ച നിൽക്കുന്ന
മനുഷ്യനുമില്ലെങ്കിൽ
വഴിയായ വഴിയെല്ലാം
ചിലപ്പോളാണെങ്കിൽ
ഞാൻ നിന്നെ ഉമ്മ
വെച്ചെന്നുവരാം.
പറഞ്ഞുതീരും മുന്നേ
ചിതറിപ്പോയൊരു വാക്കും
വിളമ്പിവെച്ചപ്പോൾ
തകർന്നു പോയൊരു
പ്ളേറ്റുമില്ലെങ്കിൽ
വീഞ്ഞുനിറച്ച സന്ധ്യയിൽ
ചിലപ്പോളാണെങ്കിൽ
ഞാൻ നിന്നെ ഉമ്മ വെച്ചേക്കാം.
മേൽക്കൂര തകർന്ന ഒരു
ആശുപത്രിയും
പ്രാണവായുവിനായി പിടയുന്ന
കുട്ടികളുമില്ലെങ്കിൽ
ആ ഓക്കുമരത്തിനു കീഴെ
ചിലപ്പോളാണെങ്കിൽ
ഞാൻ നിന്നെ ഉമ്മ വെച്ചേക്കാം.
എന്റെയീ വരികൾ
നിന്നിലേക്കെത്തുമ്പോൾ
അതിർത്തിയിൽ നീ
ജീവനോടെയുണ്ടെങ്കിൽ,
അവർ നിന്നെ ഉപദ്രവിക്കാതെ
മറുകരയിലേക്ക്
കടത്തിവിട്ടിട്ടുണ്ടെങ്കിൽ
നീലാകാശത്തിനു കീഴിൽ
ചിലപ്പോളാണെങ്കിൽ
ഞാൻ നിന്നെ ഉമ്മ വെച്ചേക്കാം.
എന്റെയീ വരികൾ
നിന്നിലേക്കെത്തുമ്പോൾ
തണുത്തുറഞ്ഞ ഈ നിലത്ത്
ഞാൻ ജീവനോടെയുണ്ടെങ്കിൽ
ചിലപ്പോളാണെങ്കിൽ
നീ എന്നെയും ഉമ്മ വെച്ചേക്കാം!

## സംഘടനാ വാർത്തകൾ

# എ കെ പി സി ടി എ ഏർപ്പെടുത്തുന്ന മികച്ച കോളജ് യൂണിയനുള്ള രണ്ടാമത് അഭിമന്യു അവാർഡിന്റെ മാർഗ്ഗ നിർദ്ദേശ രേഖ

എറണാകുളം മഹാരാജാസ് കോളജിലെ വിദ്യാർത്ഥിയായിരിക്കേ വർഗീയവാദികളുടെ കഠാരയ്ക്കിരയായി ധീരരക്തസാക്ഷിത്വം വരിച്ച അഭിമന്യുവിന്റെ പേരിൽ കേരളത്തിലെ മികച്ച കോളേജ് യൂണിയനുകൾക്കായി എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ഏർപ്പെടുത്തിയ അഭിമന്യു അവാർഡിന്റെ മാർഗനിർദ്ദേശ രേഖ ഇവിടെ അവതരിപ്പിക്കുന്നു.

**അപേക്ഷ നൽകാനുള്ള അവസാന തീയ്യതി : 2024 ഫെബ്രുവരി 29**

കഴിഞ്ഞ വർഷത്തെ കോളജ് യൂണിയന് (2022-23 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെട്ട കോളജ് യൂണിയൻ) നൽകുന്ന അവാർഡ് നിശ്ചയിക്കുന്നതിന് പ്രത്യേക ജൂറി കമ്മിറ്റിയെ സംഘടന പിന്നീട് നിശ്ചയിക്കും.

മെച്ചപ്പെട്ട റിപ്പോർട്ട് നൽകുന്ന പത്ത് യൂണിയനുകളുടെ പ്രതിനിധികളുമായി അവാർഡ് നിർണയ സമിതി നേരിട്ടോ ഓൺലൈൻ ആയോ കൂടിക്കാഴ്ച നടത്തിയ ശേഷമാണ് ഈ വർഷം വിജയികളെ പ്രഖ്യാപിക്കുക.

കോളജ് യൂണിയനുകൾ സാമ്പ്രദായിക രീതികളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ, സമകാലീന വിഷയങ്ങളോട് പുലർത്തുന്ന ആഭിമുഖ്യം, ഏറ്റെടുത്ത സവിശേഷമായ മറ്റ് പദ്ധതികളുടെ നിർവ്വഹണം തുടങ്ങി വിവിധ മാനദണ്ഡങ്ങൾ അനുസരിച്ചാണ് വിധി നിർണയം നടത്തുക.

ഭരണഘടനാമൂല്യങ്ങൾ, മതനിരപേക്ഷത, ജനാധിപത്യം, പൗരസ്വാതന്ത്ര്യം, ലിംഗനീതി, ഭിന്നശേഷി സൗഹൃദം, വിമർശനാത്മക രീതി, ശാസ്ത്രാവബോധം, സാമൂഹ്യനീതി, പാരിസ്ഥിതിക അവബോധം, ദളിത് പക്ഷ സമീപനം, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സമീപനം, നാടോടി വിജ്ഞാനം തുടങ്ങിയ മേഖലകളിൽ ഊന്നിയ കലാലയ പ്രവർത്തനങ്ങൾ,.

സർവ്വകലാശാലാപഠന വിഭാഗങ്ങളിലെ യൂണിയനുകൾ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കാം. സർവ്വകലാശാലാ യൂണിയനുകളെ അവാർഡിന് പരിഗണിക്കുന്നതല്ല.




കലാ-സാഹിത്യ- സർഗാത്മക പ്രവർത്തനങ്ങൾ, വിനോദ പ്രവർത്തനങ്ങൾ, കലോൽസവ പങ്കാളിത്തം - സംഘാടനം, മാഗസിൻ പ്രവർത്തനങ്ങൾ, സെമിനാറുകൾ, സംവാദ സദസ്സുകൾ, മറ്റ് സംവിധാനങ്ങളുമായുള്ള പാരസ്പര്യത്തിലൂടെ ക്യാമ്പസിൽ നടപ്പിലാക്കുന്ന പരിപാടികൾ എന്നിവ വിധിനിർണയത്തിൽ പ്രധാനമായും പരിഗണിക്കും. സമഗ്രമായ മാനദണ്ഡങ്ങൾ വിധികർത്താക്കളുമായി കൂടിയാലോചിച്ച് തീരുമാനിക്കും.

സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് കോളജുകൾ, സർവ്വകലാശാലകൾ വിജ്ഞാപനം ചെയ്തത് പ്രകാരം കോളജുകളിൽ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് നടന്നതിന് ശേഷമുള്ള കാലയളവിലെ പ്രവർത്തനങ്ങൾ മാത്രമേ റിപ്പോർട്ടിൽ ചേർക്കാവൂ. എ കെ പി സി ടി എ വെബ് സൈറ്റ് www.akpcta.org യിൽ ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ലിങ്ക് എ കെ പി സി ടി എ വെബ്സൈറ്റിൽ ലഭ്യമാക്കും.

കോളജിന്റെ പേര്, യൂണിയൻ ഭാരവാഹികളുടെ പേര്, സ്റ്റാഫ് ..

## സംഘടനാ വാർത്തകൾ

# ഓൺലൈൻ പ്രഭാഷണം

എ കെ പി സി ടി എ എംജി മേഖല വനിതാ കമ്മിറ്റി 2024 ഫെബ്രുവരി 15ന് രാത്രി 7 മണിക്ക് 'മതനിരപേക്ഷ ഇന്ത്യയും വൈജ്ഞാനിക സമൂഹവും' എന്ന വിഷയത്തിൽ ഓൺലൈനായി പ്രഭാഷണം സംഘടിപ്പിച്ചു. എംജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗവും മഹാരാജാസ് കോളേജ് പ്രിൻസിപ്പൽ ഇൻ ചാർജ്ജുമായ ഡോ.ഷജിലബീവി എസ്. മുഖ്യപ്രഭാഷണവും എ കെ പി സി ടി എ സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ. ഷാജിത എസ്. ആമുഖഭാഷണവും നടത്തിയ പരിപാടിയിൽ സംസ്ഥാന വനിതാ കൺവീനർ ആശാ പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ചു. എംജി മേഖല വനിതാ കൺവീനർ ബിൻഷ ബാബു സ്വാഗതവും പത്തനംതിട്ട വനിതാ കൺവീനർ ഷൈനി എസ് ദാസ് നന്ദിയും പറഞ്ഞു. നൂറ്റിയിരുപതിന്മുകളിൽ അംഗങ്ങൾ പങ്കെടുത്തു.







# എകെപിസിടിഎ എറണാകുളം ജില്ല സർവീസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു

എകെപിസിടിഎ എറണാകുളം ജില്ല സർവീസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ "Service Rules For Aided College Teachers* എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. എകെപിസിടിഎ സംസ്ഥാന സർവീസ് സെൽ കൺവീനർ ഡോ.സുഷമ രാജ് ആർ.വി മുഖ്യപ്രഭാഷണം നടത്തി.എകെപിസിടിഎ എറണാകുളം ജില്ല പ്രസിഡണ്ട് ഡോ.ജേക്കബ് എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ.എ.യു. അരുൺ ആമുഖപ്രഭാഷണം നിർവഹിച്ചു. എകെപിസിടിഎ എറണാകുളം ജില്ല സർവീസ് സെൽ കൺവീനർ ഡോ.ഋഷിമോൻ പി.ആർ ചർച്ച ക്രോഡീകരിച്ച് സംസാരിച്ചു.എകെപിസിടിഎ എറണാകുളം ജില്ല വൈസ് പ്രസിഡന്റ് ഡോ.സെലീന നന്ദി പ്രകാശിപ്പിച്ചു.

"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

**ധനകാര്യ വകുപ്പ് - കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം I, അനുബന്ധം VII, സെക്ഷൻ II, ചട്ടം 1 (i) ന് ചുവടെയുള്ള കുറിപ്പ് 2 ലെ സാംക്രമിക രോഗങ്ങളുടെ പട്ടികയിൽ 'ചിക്കൻ പോക്സ്' ഉൾപ്പെടുത്തി ഉത്തരവ് -പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (റൂൾസ്-ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.10/2024/FIN തീയതി, തിരുവനന്തപുരം, 16-02-2024

---

പരാമർശം:- 05/07/1976 ലെ സ. ഉ. (പി) നം. 189/1976/ധന.

<u>**ഉത്തരവ്**</u>

കെ.എസ്.ആർ . ഭാഗം I, അനുബന്ധം-VII, സെക്ഷൻ II, ചട്ടം 1 (i) ന് ചുവടെയുള്ള കുറിപ്പ് 2 പ്രകാരം പ്രത്യേക ആകസ്മിക അവധി അനുവദനീയമായ സാംക്രമിക രോഗങ്ങളുടെ പട്ടികയിൽ നിന്നും പരാമർശത്തിലെ ഉത്തരവ് പ്രകാരം 'ചിക്കൻപോക്സ്' നീക്കം ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം പുന:പരിശോധിച്ച്, 01.02.2024 മുതൽ പ്രാബല്യത്തിൽ കെ.എസ്.ആർ . ഭാഗം I, അനുബന്ധം-VII, സെക്ഷൻ II, ചട്ടം 1 (i) ന് ചുവടെയുള്ള കുറിപ്പ് 2 ലെ സാംക്രമിക രോഗങ്ങളുടെ പട്ടികയിലെ ക്രമനമ്പർ 2 ആയി 'ചിക്കൻപോക്സ്' ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കേരള സർവ്വീസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഷൈലജാറാണി പി.പി
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - II ), കേരള, തിരുവനന്തപുരം.

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ പ്രിൻസിപ്പൽ സെക്രട്ടറിമാർ സെക്രട്ടറിമാർ സ്പെഷ്യൽ സെക്രട്ടറിമാർ അഡീഷണൽ സെക്രട്ടറിമാർ ജോയിന്റ് സെക്രട്ടറിമാർ ഡെപ്യൂട്ടി സെക്രട്ടറിമാർ അണ്ടർ സെക്രട്ടറിമാർ

ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ

## സംഘടനാ വാർത്തകൾ

# ആലപ്പുഴ ജില്ല വനിത സബ് കമ്മിറ്റിയുടെ വെബിനാർ



ആലപ്പുഴ ജില്ല വനിത സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ "യാത്രിക: പെൺ യാത്രകളുടെ ലോകങ്ങൾ " എന്ന വിഷയത്തിൽ 22.02.2024 വ്യാഴാഴ്ച വൈകിട്ട് 7 മണിക്ക് വെബിനാർ സംഘടിപ്പിച്ചു. AKPCTA കേരള സർവകലാശാല മേഖല വനിത കമ്മിറ്റി കൺവീനർ ഡോ. ദേവിപ്രിയ ഡി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഹർ ഹോളിഡേയ് എന്ന വനിത യാത്രാ കൂട്ടായ്മയുടെ സ്ഥാപക ഹവീന റബേക്ക മുഖ്യ പ്രഭാഷണം നടത്തി. സ്ത്രീ സ്വാതന്ത്ര്യത്തിന് പല തലങ്ങൾ ഉണ്ടെങ്കിലും ഏകയായോ സമാന മനസ്സുള്ള സ്ത്രീജനങ്ങളോടൊപ്പമോ ചെയ്യുന്ന യാത്രകൾ എപ്രകാരമാണ് ഒരു സ്ത്രീയെ പൂർണ സ്വതന്ത്രയാക്കി അവളിലെ സ്വത്വബോധത്തെ ഉണർത്തുന്നതെന്ന ഹവീന തന്റെ അനുഭവങ്ങളിലൂടെ വിവരിച്ചു. AKPCTA സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ടി. ആർ മനോജ്, സംസ്ഥാന വനിത കമ്മിറ്റി ചെയർപേഴ്സൺ ഡോ. ഷാജിത എസ് എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ച് സംസാരിച്ചു. ആലപ്പുഴ ജില്ല വനിത കമ്മിറ്റി കൺവീനർ ശ്രീമതി. ഗ്രീഷ്മ ആർ. പി സ്വാഗതവും AKPCTA ആലപ്പുഴ ജില്ല വൈസ് പ്രസിഡന്റ് ഡോ. മുംതാസ് എസ് നന്ദിയും പ്രകാശിപ്പിച്ചു. ജില്ലയിൽ നിന്ന് മികച്ച പങ്കാളിത്തം ഉണ്ടായിരുന്നു.



KERALA PRIVATE COLLEGE TEACHER
R.No. 36025/81 No.308
ISSN 2454-4795
Rs.11/- MARCH - 2024




DOMESTIC PACKAGES

- Darjeeling Gangtok
- Assam Meghalaya
- Bhutan
- Lakshadweep
- Kashi Varanasi Ayodhya
- Kashmir
- Delhi Agra
- Chardham
- Goa
- Kullu Manali
- Nepal
- Spiti valley
- Leh Ladakh
- Hyderabad
- Rajasthan
- Silkroute

International Packages

- Thailand
- Azerbaijan
- Malaysia
- Singapore
- Japan
- Bali, Indonesia

Hotel Booking | Visa Service | Ticketing
Package Tours | Customized Tour Packages | Hiking & Trekkings

For Booking & Enquiry +91 88915 80680 +91 73565 80680

Padavettil Shopping Complex, Medical College Rd, Near MOSC Medical College, Kolenchery, Kerala 682311, Ph: 0484 276 1577

Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. N. Renuka**